

# റിങ്കൽറേറാബ്ബ്

# റിങ്കൽറോബ്

(ജീവചരിത്രം)

ലണ്ടൻമിഷനറിസംഘത്തിന്റെ
തിരുവിതാംകൂറിലെ പ്രഥമമിഷനറി
1806—1816.

പ്രസാധകൻ
പി. ജെ. ഭാനു.
T. C. 9/1095, ബാർട്ടൺഹിൽ
തിരുവനന്തപുരം.

1970

വില 1 രൂ. 25 സ.

Printed at the
PRESS RAMSES
Trivandrum.

# മുഖവുര

165 സംവത്സരങ്ങൾക്കു മുമ്പ് ദക്ഷിണതിരുവിതാംകൂറിൽ ഇദംപ്രഥമമായി സുവിശേഷവുമായി വന്ന ലണ്ടൻ മിഷനറിസംഘത്തിന്റെ ഒന്നാമത്തെ മിഷനറിയായ വില്യം റേറാബിയാസ് റിങ്കൽറേറാബിന്റെ ജീവചരിത്രമാണ് ഈ ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നതു്. ബാല്യകാലത്തു തന്റെ അച്ഛന്റെ ആപ്പിൾ തോട്ടങ്ങളുടെ ഇടയിൽ കളിച്ചുകൊണ്ടു സ്വൈരമായി നടന്ന കാലം മുതൽ പസഫിക്ക് മഹാസമുദ്രത്തിൽക്കൂടി സഞ്ചരിച്ചുകൊണ്ടിരുന്ന ഒരു ചെറിയ പാക്കപ്പലിൽനിന്നും പെട്ടെന്നു അപ്രത്യക്ഷനായതുവരെ ഈ വിഖ്യാതനായ മിഷനറി പ്രവൎത്തിച്ചിട്ടുള്ള മഹൽ കൃത്യങ്ങളുടെ ഒരു പൂൎണ്ണവിവരണം കൊടുക്കുകയെന്നുള്ളതു് ഏത്രയും ശ്രമസാദ്ധ്യമായ ഒരു സംഗതിയാണ്. തിരുവിതാംകൂർ സ്റ്റേററ്മാനുവൽ എന്ന ചരിത്രഗ്രന്ഥത്തിൽ കഥാനായകനെക്കുറിച്ചു പറഞ്ഞിട്ടുള്ള ഭാഗം ഇവിടെ ഉദ്ധരിച്ചു കൊള്ളട്ടെ:—

“തിരുവിതാംകൂറിൽ ആദ്യമായി ഇംഗ്ലീഷു പള്ളിക്കൂടം ആരംഭിച്ചതു് ജൎമ്മൻകാരനായ വില്യംറേറാബിയാസ് റിങ്കൽറേറാബി എന്ന മഹാനാണ്. അനിതരസാധാരണമായ സ്വഭാവസ്ഥൈൎയ്യത്തോടുകൂടിയ ഈ ധീരപുരുഷൻ തിരുവിതാംകൂറിൽ വന്നെത്തിയ 1806–ാമാണ്ടുമുതൽ 1816–ാമാണ്ടുവരെയ്ക്കും തന്റെ സർവ്വശക്തികളും ഉപയോഗിച്ചുകൊണ്ടു് സുവിശേഷപ്രചരണവും വിദ്യാഭ്യാസ പ്രവൎത്തനവും നിർവ്വിഘ്നം നടത്തിവന്നു. അദ്ദേഹം സഞ്ചരിച്ച സ്ഥലങ്ങളിലെല്ലാം

ഇംഗ്ലീഷുവിദ്യാഭ്യാസത്തിൻെറ പുരോഗതിക്കായി യഥാശക്തി പ്രവർത്തിച്ചുകൊണ്ടിരുന്നു. നിരന്തരമായി സുവിശേഷം പ്രസംഗിച്ചും പ്രബോധിപ്പിച്ചും കൊണ്ടു സഞ്ചരിച്ചുവന്നു എന്നു മാത്രമല്ല ജാതിമതഭേദമെന്യേ സാധുക്കളായ ബാലന്മാരുടെ ഉപയോഗത്തിലേക്കായി അനേക പാഠശാലകൾ അദ്ദേഹം ഏർപ്പെടുത്തുകയും ചെയ്തു."

സ്ഥിരോത്സാഹിയും സ്വാർത്ഥരഹിതനും ഉത്തമനുമായ ഈ ക്രിസ്തുശിഷ്യൻെറ അവസാനം എങ്ങിനെയായിരുന്നു എന്നു ആർക്കും യാതൊരു അറിവും ഇല്ല. അദ്ദേഹത്തിൽ പരിലസിച്ചുകൊണ്ടിരുന്ന അസാധാരണമായ സ്നേഹം, ഉജ്ജ്വലത്തായ തീക്ഷ്ണത, അളവററവിനയം, സ്വയത്യാഗം, ഭക്തി, നിരന്തരമായ പ്രാർത്ഥനാശീലം, അസാമാന്യമായ വിശ്വാസം അത്ഭുതകരമായ ഹൃദയശാന്തി, കർത്തൃപ്രത്യക്ഷതയ്ക്കായുള്ള വാഞ്ഛ എന്നീ വിവിധ ഗുണങ്ങൾ ഈ ചെറുഗ്രന്ഥം വായിക്കുന്ന ഓരോരുത്തരിലും ഉണ്ടാകട്ടെ എന്നുള്ള പ്രാർത്ഥനയോടു കൂടി സമർപ്പിച്ചുകൊള്ളുന്നു.

Dec: 1970. P. J. B.

# അദ്ധ്യായം 1

വില്യം റേറാബിയാസ്സ് റിങ്കൽറേറാബ്ബ് ജമ്മനിയിൽ സിലിഷ്യ എന്ന പട്ടണത്തിൽ സിഡൽ വിഡ്സ് എന്ന സ്ഥലത്തു് ഇടവക പട്ടക്കാരനായിരുന്ന ഗോട്ടിലെ റിങ്കൽറേറാബിയുടെ പ്രഥമ പുത്രനായി 1770-ാമാണ്ടു് ആഗസ്റ്റ് മാസം 8-ാംതീയതി ഭൂജാതനായി. തനിക്കു് ഈ ലോകത്തിൽ ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങളിൽവെച്ചു് ഏററവും പ്രധാനമായതു് ഈ കുടുംബത്തിൽ ജാതനായി എന്നുള്ളതാണെന്നു പില്ക്കാലങ്ങളിൽ അദ്ദേഹം പറഞ്ഞിരുന്നു. ഈ ബാലൻ ഏഴുവയസ്സുവരെ ആ ഗ്രാമത്തിലെ ഭാഗ്യമേറിയ ഭവനത്തിൽ മാതാപിതാക്കളുടെ ലാളനയിൽ വളൎന്നുവന്നു. പിന്നീടു പിതാവു് പോലാൻറിലുള്ള വാഠംസാ നഗരത്തിൽപോയി ഒൻപതുവർഷക്കാലം അവിടത്തെ ഇടവക പട്ടക്കാരനായി സേവനം അനുഷ്ഠിച്ചു. ഈ രണ്ടു സ്ഥലങ്ങളിലും അദ്ദേഹം മകനെ ദൈവഭക്തിയിൽ വളൎത്തുന്നതിനു് അഭ്യസിപ്പിച്ചു.

അനന്തരം പിതാവു് സ്വദേശമായ സിലിഷ്യായിലെ രാജധാനിയിൽ അരമന പട്ടക്കാരനായി

നിയമിക്കപ്പെട്ടു. തൻനിമിത്തം റിങ്കംറോമ്പി അവിടെയുള്ള സർവ്വകലാശാലയിൽ ചേൎന്നു പഠിക്കുന്നതിനിടയായി. ഈ ബാലൻ പ്രകൃത്യാ ലജ്ജാശീലമുള്ളവനായിരുന്നു. തനിക്കു സ്നേഹിതനായി ദൈവഭക്തനായ ഒരു കൂട്ടുകാരൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പതിനെട്ടാമത്തെ വയസ്സിൽ മേല്പറഞ്ഞ സ്നേഹിതനോടൊത്തു് ഒരു മലമ്പ്രദേശത്തേയ്ക്കു യാത്രപോയി. ഈ യാത്ര കഥാനായകൻെറ ജീവിതത്തിൽ ഒരു പ്രധാന സംഭവമായിരുന്നു. എന്തുകൊണ്ടെന്നാൽ ഈ സഞ്ചാരത്തിൽ അയാളുടെ ആയുസ്സു് പൎയ്യന്തം വിശ്വസ്തന്മാരായിരുന്ന ചില ഉത്തമ സ്നേഹിതന്മാരേയും, അവരിൽനിന്നു് ലോകരക്ഷിതാവായ യേശുക്രിസ്തുവിനെ സംബന്ധിച്ചുള്ള പല ദിവ്യസത്യങ്ങളും ലഭിക്കുന്നതിനിടയായി. തൽഫലമായിട്ടു് ഒരു ക്രിസ്തീയ മിഷനറിയായി തീരണമെന്നുള്ള ആഗ്രഹം തൻെറ യുവഹൃദയത്തിൽ ബലമായി അങ്കുരിച്ചു. മിഷനറിമാരുടെ ജീവചരിത്രങ്ങളും അവരുടെ വേലകളടങ്ങിയ ചില പത്രങ്ങളും പുസ്തകങ്ങളും വായിച്ചതുകൊണ്ടു് ഈ ആഗ്രഹം ശക്തിപ്പെട്ടുവന്നു. ഒരു ദിവസം സർവ്വകലാശാലയിൽനിന്നും ഏകനായി ഭവനത്തിലേക്കു യാത്രചെയ്യുമ്പോൾ വഴിമദ്ധ്യേ ദൈവീകസംസൎഗ്ഗം അനുഭവിക്കുകയും, ദൈവവുമായി സംസാരിച്ചുകൊണ്ടു വീട്ടിൽ എത്തുകയും ചെയ്തു. തൻെറ പ്രാർത്ഥനക്കു മറുപടികിട്ടി എന്നുള്ള ഒരു ചാരിതാർത്ഥ്യം അപ്പോൾ അദ്ദേഹത്തിനുണ്ടായി. അമ്പ്

ഘാമും ഏലിയാവും ദൈവത്തോട്ട അഭിമുഖമായി സംസാരിച്ചതിൻെറശേഷം പരീക്ഷിക്കപ്പെട്ടതോത്തു് തന്റെ ആത്മീകാഹംഭാവം കുറച്ചു ശമിച്ചു. ഈ സമയമുണ്ടായ മാനസ്സാന്തരത്തെക്കുറിച്ചു് താൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "എൻെറ പരിശീലനത്തെപ്പററി അവസാനദിവസം സന്തോഷമായി കണക്കബോധിപ്പിക്കാൻ തക്കവണ്ണം പിതാവു് എന്നെ അഭ്യസിപ്പിച്ചു. എങ്കിലും ചില കൂട്ടുകാരുടെ തക്കങ്ങളും, ചില നാസ്തികന്മാരുടെ പുസ്തകങ്ങളും ഈ മഹത്തേറിയ രക്ഷമൂലമുള്ള സന്തോഷത്തെ എന്നിൽനിന്നും അകററിക്കളഞ്ഞു. സർവ്വകലാശാലയിലുള്ള വിദ്യാത്ഥികളിൽവെച്ചു് സന്മാൎഗ്ഗിയായിരുന്നു ഞാൻ എന്നു് എല്ലാവരും എന്നെപ്പററി സാക്ഷീകരിച്ചു എങ്കിലും ഞാൻ എൻെറ നല്ല തീരുമാനങ്ങളെ പലപ്പോഴും ഭേദപ്പെടുത്തിയ ഒരു അസ്ഥിരനായിരുന്നു. എന്നാൽ ഞാൻ നശിച്ചുപോകുന്നതിന്നു് ദൈവം സമ്മതിച്ചില്ല. യോഗ്യന്മാരായ ചില സ്നേഹിതന്മാരുടെ ഉപദേശങ്ങളും, പിതാവു് തന്ന ക്രിസ്തീയതത്വങ്ങളടങ്ങിയ ഗ്രന്ഥങ്ങളും എന്നെ ഈ ആപത്തിൽനിന്നും രക്ഷിച്ചു. കുററബോധത്തോടുകൂടിയാണു് ഞാൻ നാട്ടിലേക്കു തിരിച്ചതു്. എൻെറ മനസ്സിന്നു അശ്ലേഷം സമാധാനമില്ലായിരുന്നു. പിന്നീടു ഞാൻ വായിച്ച ജോൺ ന്യൂട്ടൻെറ ജീവചരിത്രം മുഖാന്തരം മാനസാന്തരപ്പെട്ടു് ദൈവീകസന്തോഷം അനുഭവിക്കുന്നതിന്നു് എനിക്കിടയായി."

1793-ാം വർഷം നമ്മുടെ യുവാവു് സിലിഷ്യയിൽ ഡിൽസ്ഡോർഫ് നഗരത്തിലുള്ള ഫീൽ എന്ന പ്രഭുവിൻെറ മകനെ പഠിപ്പിക്കുന്നതിനു നിയമിക്കപ്പെട്ടു. ഈ പ്രഭുവിൻെറ ഭാര്യ മഹാമനസ്കയും സർവ്വസൽഗുണ പരിപൂർണ്ണയും ആയ ഒരു വനിതാരത്നമായിരുന്നു. ഇവരിൽനിന്നും ക്രൂശിക്കപ്പെട്ട യേശുരക്ഷിതാവിലുള്ള വിശ്വാസത്തെയും, ദിനംപ്രതി ക്രിസ്തുവുമായിട്ടുള്ള സംസർഗ്ഗത്താലുണ്ടാകുന്ന സന്തോഷത്തെയും പററി മനസ്സിലാക്കുന്നതിനിടയായി. തൽഫലമായി കഥാനായകൻെറ ഹൃദയത്തിൽ ദൈവമക്കൾക്കുണ്ടാകുന്ന ദിവ്യസമാധാനം അനുഭവപ്പെട്ടുകൊണ്ടിരുന്നു. ഫീൽപ്രഭ്വിയുടെ ക്രിസ്തീയ സ്വാധീനത റിങ്കൾറേറാബിയെ ഒരു മിഷനറിയായിത്തീരുന്നതിനു പ്രേരിപ്പിച്ചുകൊണ്ടിരുന്നു. മേൽപ്പറഞ്ഞ ജോലി രണ്ടു വർഷം വിശ്വസ്തതയോടുകൂടി അനുഷ്ഠിച്ചതിൻെറ ശേഷം സ്വഗൃഹത്തിലേക്കു തിരിച്ചു. ഒരു മിഷനറിയായി പോകുന്നതിനുള്ള തൻെറ അഭിലാഷം മാതാപിതാക്കളെ അറിയിച്ചു. റിങ്കൾറേറാബിയുടെ തീക്ഷ്ണതയേറിയ ക്രിസ്തീയജീവിതം അനേകരെ ആകർഷിച്ചു. തൻെറ ഏകാന്തജീവിതത്തിൽ ആത്മീയസന്തോഷം വർദ്ധിക്കത്തക്കവണ്ണം നല്ല നല്ല ലേഖനങ്ങൾ എഴുതി അയച്ചുകൊടുത്ത വാത്സല്യസഹോദരി അന്നയും ഇക്കൂട്ടത്തിൽ ഒരാളായിരുന്നു. പതിനഞ്ചാം നൂററാണ്ടിൽ ആവിർഭവിച്ച മൊറേവിയൻ സംഘക്കാരുമായി പരിചയപ്പെടുന്നതിനുള്ള ഭാഗ്യം റിങ്കൾറേറാബിക്കു ലഭി

ച്ചു. ഐക്യസഹോദരന്മാർ എന്ന അപരനാമത്താൽ അറിയപ്പെട്ടുന്ന ഈ കൂട്ടർ പ്രോട്ടസ്റ്റന്റുമാർഗ്ഗം ലോകമെങ്ങും പ്രചരിപ്പിക്കുന്നതിൽ തീഷ്ണതയോടെ പ്രവത്തിച്ചിരുന്നു. മൊറേവിയൻസംഘത്തിൽ ചേൎന്നു ഒരു സുവിശേഷപ്രാസംഗികനായി തീരണമെന്നുള്ള ആഗ്രഹം സാധിക്കുന്നതിനിടയാകാതെ പോയി. ഏറെ താമസിയാതെ 1796-ജനുവരി മാസത്തിൽ ഡാക്റ്റർ ഷുൽസ് പണ്ഡിതക്കു് ഒരു എഴുത്തയച്ചു.

"ഒരു വിശേഷ കാൎയ്യത്തെക്കുറിച്ചു നിങ്ങളോട്ട് എഴുതി ചോദിക്കുന്നതിനു അനുവദിക്കണമേ. എന്റെ ബാല്യത്തിൽതന്നെ ഒരു മിഷനറിയാകണമെന്നു് എന്റെ ഹൃദയത്തിൽ താല്പൎയ്യം ഉണ്ടായി. നാളുകൾ കഴിയുന്തോറും ഈ മഹത്തേറിയ ജോലിയുടെ ചുമതല വൎദ്ധിച്ചുകൊണ്ടിരിക്കുന്നു. ആയതുകൊണ്ടു് താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടി അയച്ചു തരണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

1. തെക്കെ ഇൻഡ്യയിലുള്ള തരങ്കംപാടിഡാനിഷ് മിഷനിൽ ചേൎന്നു പ്രവൎത്തിക്കുന്നതിൽ അങ്ങേയുടെ അഭിപ്രായം എന്താണു്?

2. ഞാൻ ആ മിഷനിൽ ചേരാൻ നിങ്ങൾ സഹായിക്കുമോ? മിഷനറി പ്രവൎത്തനത്തിന്റെ പ്രയാസങ്ങളെക്കുറിച്ചു നിങ്ങൾ എനിക്കു് എഴുതീട്ടാവശ്യമില്ല. അന്യഭാഷ പഠിക്കുന്നതിനുള്ള പ്രയാസവും, പ്രയാണങ്ങളിൽ ഉണ്ടാകാവുന്ന അപകടങ്ങളും, ഫലമില്ലാത്ത അനവധി ശ്രമങ്ങളും, വിദേ

ശങ്ങളിൽ അനുഭവിക്കേണ്ട ബുദ്ധിമുട്ടം എല്ലാം ഞാൻ അറിയുന്നു. ഇവ കണ്ടു ഞാൻ ഭയപ്പെടുന്നില്ല. എന്നാൽ ഈ വേലയിൽ എൻെറ രക്ഷിതാവിനെ മഹത്വപ്പെടുത്തണമെന്നുള്ളതാണ് എൻെറ ആഗ്രഹം. ഇപ്പോഠം ഞാൻ ഏർപ്പെട്ടിരിക്കുന്ന ജോലി ഉത്തമവും ഉയച്ച്കഉ മാറ്റുമുള്ളതുമാണ്. എങ്കിലും ഞാൻ അവ യൊന്നും വലിയ കായ്യമായി വിചാരിക്കുന്നില്ല. നാനാ ജാതിമതസ്ഥർക്കും സുവിശേഷം പ്രസംഗിക്ക എന്നൊരു ശബ്ദം എൻെറ കണ്ണപുടങ്ങളിൽ സദാ മുഴങ്ങി ക്കൊണ്ടിരിക്കുന്നു. ഈയിടെ സ്ഥാപിതമായ ലണ്ടൻ മിഷനറി സൊസൈററി എൻെറ ഈ ആഗ്രഹ ത്തിന്ന് അനുകൂലമായിരിക്കുന്നു.

തെക്കേഇൻഡ്യയിൽ മിഷനറിയായി പോകണ മെന്നുള്ള റിങ്കഠംറേറാബിയുടെ ആഗ്രഹം സാധിച്ചില്ല. എന്നാൽ ഡാനിഷ് മിഷൻ സംഘത്തിന്ന കൽക്ക ട്ടായിൽ ഒരു മിഷനറി ആവശ്യമായിരുന്നതിനാൽ അവിടേക്ക് അയക്കുന്നതിന്ന ഷൂൽസ് പണ്ഡിതർ സിലിഷ്യായിലുള്ള ചില സ്നേഹിതന്മാരോട്ട് റിങ്കഠം റേറാബിയെക്കുറിച്ച് എഴുതി ചോദിച്ചു. എല്ലാവരും ഇദ്ദേഹത്തെപ്പററി വളരെ നല്ല അഭിപ്രായങ്ങഠം പറഞ്ഞു. അതിൽ ഒരാഠം റിങ്കഠംറേറാബിയെക്കു റിച്ച് ഇപ്രകാരം എഴുതി അറിയിച്ചു. "റിങ്കഠം റേറാബി പ്രസംഗത്തിൽ വളരെ സമത്ഥനാണ്. തൻെറ രക്ഷിതാവായ ക്രിസ്തുവിനെ താല്പയ്യമായി മററുള്ളവരോട്ട് സാക്ഷിക്കുന്നു. അദ്ദേഹത്തിൻെറ

പ്രസംഗവും പ്രവൃത്തിയും ഒന്നുപോലെ ജനത്തെ ഇളക്കത്തക്കവണ്ണം ശക്തിയുള്ളവയാണു്. ഞാൻ ഈയാളിൽ കാണുന്ന ഒരു വിശേഷഗുണം ദൈവത്തോടുള്ള തന്റെ രഹസ്യസംസ്സൎഗ്ഗം ആകുന്നു."

എന്നാൽ റിങ്കൾറേറാബിക്കു കൽക്കട്ടായിൽ പോകുന്നതിനു് ഇഷ്ടമില്ലായിരുന്നു. "ക്രിസ്തുവിനെ അറിയാത്ത സാധുക്കളായ ജനങ്ങൾക്കു രക്ഷയുടെ സുവിശേഷം പറഞ്ഞു കൊടുക്കണമെന്നാണു് എന്റെ ആഗ്രഹം. അല്ലാതെ കൽക്കട്ടായിലുള്ള ഇംഗ്ലീഷുകാരോടു് ക്രിസ്തീയ തത്വങ്ങളെക്കുറിച്ചു വാദിക്കാൻ എനിക്കു മനസ്സില്ല." എന്നു് അദ്ദേഹം അറിയിക്കയുണ്ടായി. ഒടുവിൽ ഷൂൽസ് പണ്ഡിതരുടെ നിർബന്ധംകൊണ്ടു് അദ്ദേഹം അതിനു വഴിപ്പെട്ടു എങ്കിലും പിതാവിനു മകനെ കല്ക്കട്ടായിൽ അയയ്ക്കുന്നതു് തൃപ്തികരമല്ലായിരുന്നു. ഷൂൽസ് പണ്ഡിതരുടെയും മററു ചില സ്നേഹിതന്മാരുടെയും നിരന്തര നിർബന്ധത്താൽ ഇതു് ഒരു ദൈവഹിതമായിരുന്നേക്കാമെന്നു വിചാരിച്ചു പിതാവും ഒടുവിൽ സമ്മതിച്ചു. അനന്തരം 1796 ജൂലൈ മാസം 24-ാംനു പട്ടമേററു. അന്നു വൈകിട്ടു് റിങ്കൾറേറാബി ഒരു പ്രസംഗം ചെയ്തു. അതു കേട്ടവർ ഇത്ര വലിയ സമൎത്ഥൻ ഇൻഡ്യയിൽ പോയിട്ടാവശ്യമില്ല. ജൎമ്മനിയിൽ തന്നെ തന്റെ സേവനം ആവശ്യമായിരിക്കുന്നു എന്നു് അഭിപ്രായപ്പെടുകയുണ്ടായി. റിങ്കൾറേറാബി പിറെറ

ദിവസംതന്നെ യാത്രതിരിച്ചു് ആഗസ്റ്റ്മാസം 17-ാം തീയതി ലണ്ടനിൽ എത്തി.

---

## അദ്ധ്യായം 2

റിങ്കൾറേറാബി ലണ്ടനിൽ എത്തിയശേഷമാണു് തനിക്കു് S.P.C.K മിഷൻ സംഘക്കാരാണു ജോലി നൽകിയതെന്നു മനസ്സിലാക്കിയതു്. അതുവരെ ലണ്ടൻ മിഷനറിസംഘക്കാരാണു് തന്നെ നിയമിച്ചതെന്നു തെററിദ്ധരിച്ചിരുന്നു. കൂടാതെ ലണ്ടനിൽ വെച്ചു് കൽക്കട്ടാമിഷനെക്കുറിച്ചു കേട്ട വാൎത്തകൾ തന്നെ വിഷമിപ്പിച്ചു. എങ്കിലും അവിടെയുള്ള മൊറേവിയൻ സംഘക്കാരുമായുള്ള കൂട്ടായ്മനിമിത്തം വളരെ ശക്തി പ്രാപിച്ചു. ഇവിടെവെച്ചു് ഇംഗ്ലീഷുഭാഷ നല്ലവണ്ണം അഭ്യസിച്ചു സുവിശേഷവേല ആരംഭിച്ചു. ഇൻഡ്യയിലേക്കുള്ള യാത്രയെപ്പററി ഇപ്രകാരമെഴുതിയിരിക്കുന്നു. "ദൈവം എന്നെ എവിടെ കൊണ്ടുപോകുന്നുവെന്നു് ഞാൻ അറിയുന്നില്ല. എങ്കിലും വളരെ സന്തോഷത്തോടെ, എവിടെ അയയ്ക്കുന്നുവോ അവിടെ പോകുവാൻ കാത്തിരിക്കുന്നു. എൻെറ ദൈവം എന്നെ നടത്തുന്നു. എൻെറ പ്രിയരക്ഷകൻെറ കയ്യിൽ ഞാൻ ഇരിക്കുന്നു എന്ന ബോധം എനിക്കുണ്ടു്. ഈ ഭൂലോകം മുഴുവൻ അവനുള്ളതാണു്. എന്നെ സംബന്ധിച്ചുള്ള ദിവ്യ ഉദ്ദേശം എന്താണെന്നു അവനു് അറിയാമല്ലോ."

റിങ്കൾറേറാബി ലണ്ടനിൽനിന്നും കപ്പൽ കയറി. കപ്പലിൽവെച്ച് തലകറക്കം എന്ന സുഖക്കേടിനാൽ കഷ്ടപ്പെട്ടു. കപ്പൽ ജോലിക്കാരനായ ഒരു കാപ്പിരിയെ സുവിശേഷം പഠിപ്പിച്ചു കത്താവിങ്കലേക്കു നടത്തി. പതിനെട്ടു ആഴ്ച കപ്പൽയാത്രചെയ്തു 1797 ഒക്ടോബർ മാസത്തിൽ കൽക്കട്ടായിൽ വന്നുചേൎന്നു.

1758-ാം വർഷം കീർനാൻഡർ എന്ന ഒരു സായ്പു് കൽക്കട്ടായിൽ വന്നു് പോട്ടുഗീസ്, ജമ്മൻ, മലേഷ്യ, ചൈന, യൂദർ എന്നീ കപ്പൽ ജോലിക്കാരെ കൂട്ടിച്ചേൎത്തു് ഒരു സഭ സ്ഥാപിച്ചു. ആദ്യകാലങ്ങളിൽ വളരെ ഉത്സാഹത്തോടെ വേല ചെയ്തതുകൊണ്ടു് അനേകം പേർ ഇതിൽ ചേരുന്നതിനിടയായി. എന്നാൽ കീർനാൻഡർ ധനികയായ ഒരു സ്ത്രീയെ വിവാഹം ചെയ്തതുകൊണ്ടു് ലോകകാര്യങ്ങളിൽ മുഴുകി. അങ്ങനെയിരിക്കവെ 1775--ൽ ഡീവർ എന്ന ഒരു ജമ്മൻ മിഷനറി കൽക്കട്ടയിലെത്തി. ഇവർ രണ്ടുപേരും ചേൎന്നു വേലചെയ്തുവരവെ അഭിപ്രായ ഭിന്നതയുണ്ടായി. ഇതിന്റെ നിവൃത്തിക്കായി തരങ്കംപാടിയിൽനിന്നും കോനിക്കു് എന്ന മിഷനറിയെ 1777-ൽ കൽക്കട്ടാക്കു് അയച്ചു. അദ്ദേഹം താഴെപ്പറയും പ്രകാരം റിപ്പോർട്ടു ചെയ്തു. "മിഷൻ കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ ഇവ നന്നായിരിക്കുന്നു. എന്നാൽ മിഷനറി പ്രവൎത്തനം ശരിയായി നടക്കുന്നില്ല. ഹിന്ദുക്കളെയും മററും ക്രിസ്തീയവിശ്വാസം പഠിപ്പിക്കാതെ സഭയിൽചേൎത്തു ജ്ഞാനസ്നാനം

കൊടുക്കുന്നു. ആരാധനയിൽ നമസ്കാര പുസ്തകം വായിക്കയല്ലാതെ പ്രസംഗിക്കുന്നില്ല. ഡീവക്കു പ്രസംഗിക്കാൻ അറിഞ്ഞുകൂടാ. അയാരം ഉദാസീനത നിമിത്തം പോർട്ടുഗീസു ഭാഷപോലും പഠിക്കുന്നില്ല. കീർനാൻഡർ കടത്തിൽ മുഴുകിയതുകൊണ്ടു് സഭയുടെ കാര്യങ്ങരം അന്വേഷിക്കുന്നില്ല. കടക്കാർ അയാളുടെ വീടു് കണ്ടുകെട്ടിയെടുത്തു. അല്പ തുകയ്ക്കു മിഷൻപള്ളി മൂന്നു ധ്വരമാക്കു വിററുകളഞ്ഞു."

ഈ മൂന്നു ധ്വരമാരും 1789വരെ സഭയെ ഒരു വിധം നടത്തിക്കൊണ്ടുവന്നു. ആ ആണ്ടിൽ ക്ലാക്കു് എന്ന ഒരു ഇംഗ്ലീഷുമിഷനറിവന്നു് സഭയെ കയ്യേററു. എന്നാൽ അയാരംക്കു ശമ്പളം പോരായെന്നു പറഞ്ഞതിനാൽ പ്രതിമാസം മുപ്പതു പവൻ കൂട്ടി കൊടുത്തു. എന്നിട്ടും അടുത്തവർഷം ജോലി രാജിവെച്ചു് ഒരു പട്ടാളചാപ്ലൻ ഉദ്യോഗം സ്വീകരിച്ചു. ഇങ്ങനെ ഏഴുവർഷത്തോളം സഭ നാഥനില്ലാതെ കുഴഞ്ഞു കിടന്നപ്പോഴാണു് റിങ്കരംറേറാബി കൽക്കട്ടായിൽ വന്നിറങ്ങിയതു്. ആ സമയം 87 വയസ്സുള്ള കീർനാൻഡും അവിടെയുണ്ടായിരുന്നു. അദ്ദേഹം വലിയ സാമ്പത്തിക പ്രയാസത്തിലും മററും ഇരുന്നിട്ടും, മിഷൻ നടത്തിപ്പിൽ വളരെ താല്പര്യം കാണിച്ചു. റിങ്കരംറേറാബിക്കു് നല്ല ആലോചനകളും ഗുണദോഷങ്ങളും പറഞ്ഞുകൊടുത്തു. അയാരം എഴുതിയ ഒരു കത്തിൽ "ദൈവം നിനക്കു് കൈതന്നു പാലിക്കും; അതുകൊണ്ടു ധൈര്യമായിരിക്ക. ദൈവം നിന്നെ അനുഗ്രഹിച്ചു്

അസംഖ്യം ആത്മാക്കളുടെ പ്രയോജനത്തിനായി ഉപയോഗിക്കും" എന്നു കാണുന്നു. ഒരുമാസം കഴിഞ്ഞപ്പോൾ എട്ടു പവൻ ശമ്പളംകൊണ്ടു ചെലവു നടത്തുന്നതു് പ്രയാസമാണെന്നു കണ്ടു. കുറെ കഴിഞ്ഞപ്പോൾ ആണ്ടിൽ അൻപതു പവൻ കൂടെ ശമ്പളം വൎദ്ധിപ്പിച്ചു എങ്കിലും ഇതിൽനിന്നും ഉപദേശിമാൎക്കും ഉപാദ്ധ്യായന്മാൎക്കും സഹായിക്കേണ്ടിയിരുന്നതിനാൽ പ്രയാസങ്ങൾ വൎദ്ധിച്ചു. കുട്ടികളെ പഠിപ്പിച്ചാൽ ഒരാദായം ഉണ്ടാകുമെന്നു ചിലർ ആലോചന പറഞ്ഞെങ്കിലും അതിനുള്ള സൗകൎയ്യമില്ലായിരുന്നു. അയാൾ വലിയ ദാരിദ്ര്യത്തിലായപ്പോൾ ചില സ്നേഹിതന്മാരുടെ ഉപദേശപ്രകാരം വാൾഡാ എന്ന സ്ഥലത്തുള്ള ചണ്ഡാളന്മാരുടെ ഇടയിൽ സുവിശേഷം പ്രസംഗിക്കുന്നതിനായി പോയി. വാൾഡായിൽനിന്നു മയച്ച ഒരു എഴുത്തിൽ "കല്ക്കട്ടായിൽ എനിക്കു ഒന്നും ചെയ്വാൻ സാധിച്ചില്ല. എന്റെ സ്നേഹിതന്മാരുടെ സഹായംകൂടാതെ എനിക്കു നിത്യവൃത്തിക്കു വകയില്ല. കല്ക്കട്ടായിൽ ഒരു മിഷനറി വേണമെന്നു ആൎക്കും താല്പൎയ്യമില്ല. അതുകൊണ്ടു് ഞാൻ ഹിന്ദിപഠിച്ചശേഷം രാജമഹാൾ കുന്നുകളിൽ പോയി മിഷൻവേല ആരംഭിക്കും. അല്ലെങ്കിൽ ഇംഗ്ലണ്ടിനു തിരകെ പോകും" എന്നും, പിന്നീടുള്ള ഒരെഴുത്തിൽ "വാടകയ്ക്കു് ഒരു വീടു എടുക്കാൻ നിൎവ്വാഹമില്ലാത്തതുകൊണ്ടു് ഒരു പള്ളിയുടെ മുറിയിൽ സുഖക്കേടായി കിടക്കുന്നു. വീടില്ലാതെയും രോഗശുശ്രൂഷയ്ക്കു് ആരുമില്ലാതെയും ഇരി

കന്ന അവസ്ഥ എത്ര നിർഭാഗ്യമാണു്" എന്നും എഴുതിയിരിക്കുന്നു.

വളരെ കഷ്ടം സഹിച്ചു ഒരുവർഷംകൂടി കഴിച്ചുകൂട്ടിയശേഷം കപ്പൽകയറി ഇംഗ്ലണ്ടിൽ ചെന്നുചേൎന്നു. കപ്പൽകൂലികൊള്ള പണം ഇല്ലായിരുന്നു. കപ്പൽയാത്രയിൽ രണ്ടു കുട്ടികളെ പഠിപ്പിച്ചു കിട്ടിയ ഫീസുകൊണ്ടാണു് യാത്രക്കൂലി കൊടുത്തതു്. അക്കാലത്തു കല്ക്കട്ടായിൽ പ്രചരിച്ചിരുന്ന ഒരു ദിനപത്രത്തിൽ "ഇവിടെ എല്ലാവിധ പ്രസംഗങ്ങളും കേൾക്കാം. എന്നാൽ ഈയിടെ റിങ്കൾറോബി എന്ന ഒരു ജർമ്മൻകാരൻ ഇവിടെ വന്നിരിക്കുന്നു. അദ്ദേഹം വളരെ പ്രാഗത്ഭ്യത്തോടുകൂടെ സുവിശേഷം പ്രസംഗിക്കുന്നു" എന്നു കാണുന്നു. ഇംഗ്ലണ്ടിൽ ചെന്നശേഷം ഞായറാഴ്ചതോറും പള്ളികളിൽ പ്രസംഗിച്ചും ജീവിതസന്ധാരണത്തിനായി ഒരു പള്ളിക്കൂടത്തിൽ അദ്ധ്യാപകനായി ജോലിചെയ്തും പോന്നു.

ഇങ്ങനെ ഇരിക്കുമ്പോൾ ലണ്ടൻമിഷൻ സംഘക്കാരുടെ നിർദ്ദേശപ്രകാരം തെക്കെ ഇൻഡ്യയിൽ ഒരു മിഷനറിജോലി സസന്തോഷം സ്വീകരിച്ചു. 1804-ാം വർഷം ഏപ്രിൽമാസം പത്താംതീയതി ക്രാൻ, ഡിഗ്രയിഞ്ചസ്, വാസ് എന്ന മൂന്നു മിഷനറിമാരോടുകൂടി റിങ്കൾറോബി ഇംഗ്ലണ്ടിൽനിന്നും കപ്പൽകയറി. യാത്രാമദ്ധ്യേ ഗുഡ്ഹോപ്പു് മുനമ്പിൽ ഇറങ്ങി ഒരു മാസം താമസിച്ചു. അവിടെ നിന്നും പുറപ്പെട്ടു് 1804-ാംവർഷം ഡിസമ്പർമാസം 4-ാം

തീയതി തരങ്കംപാടി എന്നസ്ഥലത്തു വന്നിറങ്ങി. ഇൻഡ്യയിലുള്ള ക്രിസ്ത്യൻ മിഷനുകളുടെ ആസ്ഥാന മായിരുന്നു തരങ്കംപാടി. കടൽത്തിരകൾ വന്നടിക്കുന്ന സ്ഥലം എന്നൎത്ഥമുള്ള ഈ നഗരത്തിൻെറ വെള്ളച്ചുവരുകൾ സൂൎയ്യപ്രകാശത്താൽ തിളങ്ങിക്കൊണ്ടിരിക്കുന്നു. ബലവത്തായ കോട്ടകൊത്തളങ്ങളാലും ചുററുമുള്ള പച്ച സസ്യാദികളാലും ഈ പട്ടണം ശോഭിച്ചിരുന്നു. സീഗൻബാൾഗ് എന്ന ഡാനിഷ് മിഷനറി ഇതിനും നൂറുവർഷങ്ങൾക്കു മുമ്പ് ഇൻഡ്യയിൽ ആദ്യമായി പ്രോട്ടസ്റ്റാൻറുമിഷൻ സ്ഥാപിച്ചതു് ഇവിടെയാണു്. അവിടത്തെ ബ്രിട്ടീഷ് ഗവർണ്ണർ മിഷനറിമാരോടു നിർദ്ദയമായി പെരുമാറിയിരുന്നു. മിഷനറിമാർ ഗവ ണ്ണരുടെ ആജ്ഞയെക്കാൾ ദൈവകല്പന പ്രധാനമാക്കി പ്രവൎത്തിച്ചതുകൊണ്ടു് സീഗൻബാൾഗ് നാലുമാസം കാരാഗൃഹവാസം അനുഭവിക്കേണ്ടിവന്നു. അദ്ദേഹം ഒരു ദൃഢവിശ്വാസിയായിരുന്നതുകൊണ്ടു് ഒരുവിധ കഷ്ടങ്ങൾക്കും തൻെറ ഉത്സാഹത്തെ ജയിക്കുന്നതിനു കഴിഞ്ഞില്ല. നിരന്തര പരിശ്രമത്തിൻെറ ഫലമായി മൂന്നുവർഷങ്ങൾകൊണ്ടു് നൂററിഅറുപതുപേർ ക്രിസ്തുമാൎഗ്ഗം സ്വീകരിച്ചു. ക്രിസ്തുമാൎഗ്ഗപ്രചരണത്തിനായി വേദപുസ്തകം ഭാഷാന്തരം ചെയ്കയും, ലഘു പത്രികകളും പുസ്തകങ്ങളും ധാരാളം വിതരണം ചെയ്കയും ചെയ്തു. ഇവിടെവെച്ചു ഷ്വൽസ്പണ്ഡിതർ തൻെറ പ്രാണസ്നേഹിതനായിരുന്ന ഗ്രൺഡിലരുടെ നിൎയ്യാണത്തിൽ വളരെ വ്യസനിക്കയുണ്ടായി; എങ്കിലും സൎവ്വവും

ദൈവത്തിൽ ഭരമേല്പിച്ചു സമാധാനപ്പെട്ടു. വിശേഷപ്പെട്ട പല കീൎത്തനങ്ങളും ഇദ്ദേഹം തമിഴിൽ പരിഭാഷപ്പെടുത്തുകയുണ്ടായി. ഇപ്രകാരം അനുഗ്രഹിക്കപ്പെട്ട ഒരു സ്ഥലത്താണു് റിങ്കൾറേറാബി താമസിക്കാനിടയായതു്. ഇവിടെ എത്തി നാലുദിവസം കഴിഞ്ഞപ്പോൾ തൻെറ സഹോദരിക്കു് അദ്ദേഹം ഇപ്രകാരം എഴുതി. "ഉൾക്കടലിൽക്കൂടിയുള്ള യാത്ര വളരെ മനോഹരമായിരുന്നു. ദ്വീപിനടുത്തു നങ്കൂരമിട്ടിരിക്കുമ്പോൾ ഒരു വലിയ കൊടുങ്കാററുണ്ടായി. ഞങ്ങൾക്കു ഒരാപത്തും സംഭവിക്കാഞ്ഞതിനാൽ ദൈവത്തിനു സ്തോത്രം. ജോൺ പണ്ഡിതരും, ക്യാമർ പണ്ഡിതരും സ്നേഹപൂർവ്വം ഞങ്ങളെ സ്വീകരിച്ചു. എൻെറ പ്രാരംഭ ശുശ്രൂഷ തരങ്കംപാടിയിൽ ചെയ്യണമെന്നു തീരുമാനിച്ചിരിക്കുന്നു. നിങ്ങളുടെ വൎത്തമാനങ്ങൾ കൂടക്കൂടെ അറിയുന്നതു് എനിക്കു് എത്രമാത്രം സന്തോഷവും, ആനന്ദവും, ആശ്വാസവും തരുന്നതാണെന്നു നിങ്ങൾക്കു അറിഞ്ഞുകൂടായിരിക്കും. ഇന്നലെ ജോൺപണ്ഡിതരുടെ ബംഗ്ലാവിൽവെച്ചു ഈ ഗ്രാമത്തിലുള്ള ഉപദേശിമാരുടെ ഒരു യോഗമുണ്ടായിരുന്നു. എൺപത്തിമൂന്നുവയസ്സുള്ള മത്തായി ഉപദേശി അയാളുടെ വടിയിൽ ചാരിക്കൊണ്ടു് ആത്മീകശക്തിയോടും ഊൎജ്ജിതത്തോടുംകൂടി സംസാരിച്ചതു കേൾക്കാൻ വളരെ സന്തോഷമായിരുന്നു. ഇപ്പോൾ എനിക്കുള്ള സമാധാനം നിങ്ങൾക്കും ഉണ്ടാകുമാറാകട്ടെ! എൻെറ പ്രിയസഹോദരി! നീയോ ഏൎണസ്റ്റു് സഹോദരനോ എൻെറകൂടെ ഉണ്ടാ

യിരുന്നെങ്കിൽ എനിക്കു് എത്ര സന്തോഷമുണ്ടാകുമായിരുന്നു. ഈ കത്തിൽ എൻെറപേരു് തമിഴു് ഭാഷയിൽ എഴുതുന്നു."

---

## അദ്ധ്യായം 3

തരങ്കംപാടി മിഷൻ അതിൻെറ മൂർദ്ധന്യാവസ്ഥയിൽനിന്നു് അധോഗതി പ്രാപിച്ചുപോയി. വിശ്വാസത്താൽ രാജ്യങ്ങൾ കീഴടക്കിയ പുരാതനവിശ്വാസവീരന്മാരെപ്പോലുള്ള മിഷനറിമാർ 1803-ൽ മരിച്ച ഗേറിക്കു് സായ്പിനോടുകൂടെ അവസാനിച്ചു. തരങ്കംപാടിയിൽ ഈ സമയത്തു രണ്ടു മിഷനറിമാർ മാത്രമേ ഉണ്ടായിരുന്നുള്ളു. ജോൺ പണ്ഡിതർ 34 വർഷം വേലചെയ്തു തളൎന്നിരുന്നതിനാൽ പള്ളിക്കൂടസംബന്ധമായ ജോലികൾ മാത്രം നോക്കിക്കൊണ്ടിരുന്നു. ക്യാമർ സായ്പു് ആയിടെ വന്നുചേൎന്ന ഒരു യുവാവാണു്. തന്നിമിത്തം സുവിശേഷവേലക്കാരുടെ പ്രവർത്തനം മന്ദീഭവിച്ചുപോയിരുന്നു. "കൊയ്ത്തു വളരെയുണ്ടു് സത്യം. വേലക്കാരോ ചുരുക്കം" എന്നുള്ള കാൎയ്യം മനസ്സിലാക്കിയ റിങ്കൾറേറാബി തരങ്കംപാടിയിൽനിന്നും തൻെറ സഹോദരനു് ഇപ്രകാരം എഴുതി. "ഞാൻ ഇവിടെ വന്നിട്ടു മൂന്നാഴ്ചയായി. ഇവിടെയുള്ള മിഷനറിമാർ രണ്ടുപേരും എന്നോടു വളരെ സ്നേഹമായി വൎത്തിച്ചുവരുന്നു. ഞാൻ ഇവിടെ വന്നതുകൊണ്ടു് ഒട്ടും മനസ്താപപ്പെടുന്നില്ല. ഇവിടെ വളരെ അധികം

വേലയുണ്ടു്. എങ്കിലും വേലക്കാരില്ലാത്തതുകൊണ്ടു് ആത്മാക്കൾ നഷ്ടപ്പെട്ടുപോകുന്നു. നീയും ഒരു മിഷനറിയായി ഇൻഡ്യയിൽ വരാൻ ദൈവം നിൻെറ ഹൃദയത്തിൽ പ്രവൎത്തിക്കട്ടെ. നമുക്കു പ്രയാസമായി തോന്നുന്നതു് വാത്സല്യ കുടുംബത്തെ വിട്ടുപിരിയുന്നതും, ദുർഘടമായ കടൽയാത്രയും, ഭാഷ പഠിക്കുന്നതിലുള്ള ക്ലേശവുമാണു്. ഈ ഭാഷയെപ്പോലെ ഒരു ഭാഷ ഞാൻ കണ്ടിട്ടില്ല. വാക്കുകൾക്കു് ഒരു മുഴം നീളമുണ്ടു്. വ്യാകരണം മനസ്സിലാക്കാൻ പ്രയാസമാണു്. ഉച്ചാരണം വളരെ കട്ടപ്പമാണു്. എങ്കിലും ദൈവകൃപയാൽ ഞാൻ ഈ ഭാഷ അഭ്യസിച്ചുവരുന്നു. നിൻെറ ആലോചനയെ ദൈവസന്നിധിയിൽ കൊണ്ടുചെല്ലുക. ദൈവത്തിൽനിന്നും ഏതെങ്കിലും ദർശനം ലഭിച്ചാൽ അനുസരിക്കുക. ഞാൻ നിന്നെ ഇവിടെ വരുന്നതിനു വിളിക്കുന്നു എന്നു് അമ്മയും സഹോദരിയും അറിഞ്ഞാൽ അവർ എന്തുവിചാരിക്കും. അവരുടെ മനോവേദനയെപ്പററി ഓക്കുമ്പോൾ എന്റെ ഹൃദയം തകരുന്നു. ഞാൻ ഇവിടെ ഒരു ചെറിയ കുടിലിൽ സമാധാനത്തോടെ ഇരിക്കുന്നു. ഭാഷ നല്ലവണ്ണം പഠിച്ചുശേഷം പല സ്ഥലങ്ങളിൽ സഞ്ചരിച്ചു സുവിശേഷവേല ചെയ്യും. ഡേനിഷ് മിഷൻ പള്ളിയിൽ രണ്ടുപ്രാവശ്യം ഞാൻ ജൎമ്മൻ ഭാഷയിൽ പ്രസംഗിച്ചു. യൂറോപ്പിലെപ്പോലെ നിർവ്വിചാരികളായ പലരും ഇവിടെയുണ്ടു്. ഞാൻ ആദ്യം പ്രസംഗിച്ചതു് സഹോദരി അന്നയുടെ പിറന്നാൾ ദിവസമാണു്. അതുകൊണ്ടു് എനിക്കു നിങ്ങളോടു

കൂടെ പ്രാർത്ഥിക്കാൻ സൗകര്യപ്പെട്ടില്ല. എന്നാൽ അടുത്തദിവസം വളരെ സമയം പ്രാത്ഥനയിൽ കഴിച്ചു കൂട്ടി. അന്നു നിലാവെളിച്ചത്തിൽ എൻെറ വെൺമാടത്തിൽ നിങ്ങളുടെ കാര്യം ഓൎത്തുകൊണ്ടു വളരെ നേരം നടന്നു. ഈ വെൺമാടം എൻെറ മനസ്സിനെ ആനന്ദിപ്പിക്കുന്നതാണു്. അസ്തമനസൂര്യനും, ഉദയചന്ദ്രനും, നക്ഷത്രനിബിഡമായ ആകാശവും മന്ദമാരുതനിൽ ചാഞ്ചാടുന്ന വൃക്ഷശിഖരങ്ങളും, സമുദ്രതീരത്തുള്ള തിരമാലകളുടെ ആർപ്പുവിളിയും, ക്ഷേത്രങ്ങളിലെ വാദ്യഘോഷങ്ങളും എൻെറ മനസ്സിൽ പലവിധചിന്തകളെ ജനിപ്പിക്കുന്നു. എൻെറ അയൽവാസി പെരുമാൾ എന്നു പറയുന്ന ഒരു ഹിന്ദുദേവനാണു്. സ്വൎണ്ണ തലയോട്ടുകൂടിയ ആ ചെറിയബിംബം ദിവസം മൂന്നിടങ്ങഴി അരിയുടെചോറു് ഉണ്ണുംപോലും! ശാന്തിക്കാരും പരിചാരികമാരും വാദ്യമേളങ്ങളോടു കൂടിവന്നു് അതിരാവിലെ ഈ ദേവനെ ഉണൎത്തും. സന്ധ്യാസമയം ആഘോഷപൂർവ്വം ക്ഷേത്രത്തെ പ്രദക്ഷിണംചെയ്യും. കഴിഞ്ഞ ആഴ്ച ഇദ്ദേഹം കടൽതീരത്തുള്ള ഒരു വലിയ ക്ഷേത്രത്തിലെ കാളത്തലയോടുകൂടിയ ഒരു കറുത്ത ബിംബത്തെ വിവാഹംചെയ്തു. അന്നു രാത്രി മുഴുവനും വലിയ ഘോഷമായിരുന്നു. വിശേഷപ്പെട്ട ജന്തുക്കളും, പക്ഷികളും ഇവിടെ ധാരാളം ഉണ്ടു്. കൊതുകും ഒട്ടും കുറവല്ല. ഇപ്രകാരമുള്ള സ്ഥലത്താണു് എൻെറ താമസം.

ഇനി സുവിശേഷവേലയെപ്പററി അല്പം പറയാം. ഇവിടെ സത്യദൈവമക്കൾ പലരുണ്ടു്. വയോവൃദ്ധനായ മത്തായി ഉപദേശി വളരെ ഉത്സാഹത്തോടുകൂടെ വേലചെയ്യുന്നു. ഇവിടെയുള്ള ക്രിസ്ത്യാനികൾ ഞങ്ങളുടെ വരവുകൊണ്ടു് വളരെ സന്തോഷിക്കുന്നു. ദൈവകൃപയാൽ ഞാൻ മുഖാന്തിരം ഇവരുടെ സ്ഥിതിക്കു് വലിയ വ്യത്യാസം ഉണ്ടാകുമെന്നു വിശ്വസിക്കുന്നു. ഉപദേശിമാർ നല്ല സമർത്ഥന്മാരെങ്കിലും ആത്മീകജീവൻ ഇല്ലാത്തവരാണു്. അവർ വേഗം ജീവൻ പ്രാപിക്കട്ടെ! എന്റെ വാത്സല്യസോദരാ! ഇവിടെവന്നു എന്നെ സഹായിക്കുക. സഹോദരന്മാർ മിഷനറിമാരായിത്തീന്നാൽ അവരുടെ സ്നേഹബന്ധം വളരെ ശക്തിയുള്ളതായിരിക്കും."

മേൽപറഞ്ഞ എഴുത്തയച്ചു് മൂന്നു് ആഴ്ച കഴിഞ്ഞശേഷം വീണ്ടും സഹോദരനു് ഒരു കത്തെഴുതി. ഇപ്പോൾ സുഖമായിനിദ്രകൊള്ളുകയായിരിക്കും. ഞാൻ എഴുന്നേററിട്ടു് ഒരു മണിക്കൂറായി. ഇപ്പോഴും നേരം വെളുത്തിട്ടില്ല. ഇവിടെ ഇപ്പോൾ വസന്തകാലമാണു്. യൂറോപ്പിലെ പ്രകൃതി ഇപ്പോൾ മനോഹരമായിരിക്കും. അവിടത്തെ ജനങ്ങളുടെ മനസ്സിനു് പൂർണ്ണസ്ഥിതി പ്രാപിപ്പാൻ പലവിധമാർഗ്ഗങ്ങളുണ്ടു്. ആ വഴികളൊന്നും ഇൻഡ്യയിൽ ഇല്ലാത്തതുകൊണ്ടു് ജനങ്ങൾ തമ്മിൽ എത്ര വ്യത്യാസമുണ്ടെന്നു് ഗ്രഹിപ്പാൻ നിനക്കു കഴികയില്ല. ഇവരുടെ വിശ്വാസരീതി വളരെ നികൃഷ്ടമാണു്. ഇന്നലെ വാസ്സ് മിഷനറിയും ഒരു

ഹിന്ദുവും തമ്മിൽ കല്ല് ദൈവമാകുമോ എന്ന വിഷയത്തെക്കുറിച്ച് ഒരു തൎക്കമുണ്ടായി. അപ്പോൾ ആ ആദിത്യന്റെ മകൻ ഒരു കല്ലോടു വേറൊരു കല്ല കൂട്ടി അടിച്ചാൽ തീ ഉണ്ടാകുന്നതുകൊണ്ടു് അതിൽ ഏതോ ഒരു ദിവ്യശക്തി ഉണ്ടെന്നു പറയുന്നു. വാസ്സ് മിഷനറി ഇതു ഞങ്ങളോടു പറഞ്ഞപ്പോൾ കൂട്ടച്ചിരിയുണ്ടായി. മിഷനറിമാർ വിഗ്രഹാരാധനയെ ഖണ്ഡിച്ചു കാൎയ്യമായി പ്രസംഗിക്കുന്നു. തമിഴർ അവരുടെ ദൈവങ്ങൾ വലിയ കഥയുള്ളതല്ലെന്നു മനസ്സിലാക്കിവരുന്നു. നീ എവിടെയായിരുന്നാലും സർവ്വവും ദൈവസഹായത്തിനായി പ്രവൎത്തിക്കുക.

ഇതോടുകൂടെ സഹോദരി അന്നക്കയച്ച എഴുത്തും ചേൎത്തുകൊള്ളട്ടെ. "ഈ പുതുവർഷം നിനക്കു് അനുഗ്രഹമായും ഭാഗ്യമേറിയതായും തീരട്ടെ." കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും ദൈവേഷ്ടം നിറവേറുന്നതാണു് ഭാഗ്യം. പഴയ മിഷനറിമാർ എന്നോടു സ്നേഹത്തോടും ആദരവോടും പ്രവൎത്തിച്ചുവരുന്നു. ഞങ്ങൾ ഇവിടെ കിട്ടുന്ന സാധനങ്ങൾകൊണ്ടു തൃപ്തിപ്പെടുന്നു. ഞാൻ ദിവസംതോറും സൂൎയ്യോദയത്തിനു മുമ്പ് വെൺമാടത്തിൽ കയറി പ്രഭാതജാഗരണം നടത്തും. ഞങ്ങൾ ഇപ്പോൾ തലയിൽ തൊപ്പിയില്ലാതെ പുറത്തിറങ്ങുകയില്ല. ഒരുതരം പക്ഷികൾ വന്നു് ഞങ്ങളെ ഉപദ്രവിക്കുന്നുണ്ടു്. ഇവ പെരുമാൾ ദേവന്റെ വാഹനങ്ങളാണുപോലും. ആ ദേവൻ ഞങ്ങളെ ഉപദ്രവിക്കാൻ ഈ പക്ഷികളെ അയച്ചിരിക്കുന്നു എന്നു് അവർ

വിശ്വസിക്കുന്നു. എന്റെ തമിഴ് വാദ്ധ്യാർ വരുന്നു. അതിനാൽ എഴുത്തവസാനിപ്പിക്കുന്നു.

ഞങ്ങൾ കാലത്തെ എഴുന്നേററു പ്രാർത്ഥിച്ചു് വേദപുസ്തകംവായിച്ചശേഷം പ്രഭാതഭക്ഷണം കഴിക്കും. അതിനുശേഷം തമിഴ്ഭാഷ പഠിച്ചിട്ടു് ഉച്ചഭക്ഷണം കഴിക്കും. ഇവ കഷ്ടപ്പാടാണെന്നു തോന്നിയാലും, ഭാവി വേലയ്ക്കുള്ള ഒരുക്കമായതുകൊണ്ടു് അശേഷം ക്ഷീണിക്കുന്നില്ല. ഇവിടെ വളരെ പ്രയാസമായി ഞാൻ കാണുന്നതു് ജനങ്ങളുടെ പരസ്പരസംസ്സർഗ്ഗം ഇല്ലായ്മയാണു്. ഇവിടെ പഠിപ്പുള്ളവർ ഉണ്ടെങ്കിലും അവർ സ്വാർത്ഥതല്പരന്മാരാണു്. ഞാൻ അധികം എഴുതുന്നില്ല. ഒരു നൂറുവർഷത്തിനകം കടലിനടിയിൽ താഴാൻപോകുന്ന ഈ ചെറിയ ഗ്രാമത്തെപ്പററി എന്തിനു പരാതിപറയുന്നു. ഇപ്പോഴും സമുദ്രം നഗരവാതലിനടുത്തു ഭയങ്കരമായി മുഴങ്ങുന്നു. [റിങ്കൾറേറാബിയുടെ ദീർഘദർശനം പോലെ ഇപ്പോൾ ഈ ഗ്രാമത്തിന്റെ ഏതാനും ഭാഗങ്ങൾ സമുദ്രത്തിൽ മുങ്ങിപ്പോയി. സ്വീജൻബാർഗ് സ്ഥാപിച്ച ഒന്നാമത്തെ പള്ളിയും കടലാക്രമണത്താൽ നശിച്ചുപോയി.]

ഈ ഡിസ്ത്രിക്ററിൽ ഉള്ള പൊറയാർ എന്ന സ്ഥലത്തു് പലപ്പോഴും ഞാൻപോകും. ജോൺപാദ്രി നട്ടിട്ടുള്ള ചാലവൃക്ഷങ്ങളുടെ ഇടയിൽക്കൂടെ പോകുന്നതു് വളരെ മനോഹരമാണു്. പ്രകൃതി പൊതുവെ രമണീയമാണു്. സാധുക്കളുടെ ഭവനങ്ങൾ മണ്ണുകൊണ്ടു് ചുവരുകെട്ടി ഓലമേഞ്ഞതാണു്. ധനവാന്മാരുടെ

വീടുകൾ ചതുരമായി നടുക്കു് ഒരു മുററത്തോടുകൂടിയവ യുമാണു്. മുററത്തിനും പടിപ്പുരയ്ക്കും മദ്ധ്യത്തിൽ തട്ടി യിട്ടിരിക്കുന്നു. അങ്കണത്തിലാണു് പശുവിനെ കെട്ടുന്ന തു്. കാററിൻെറ വ്യത്യാസം അനുസരിച്ചു മുറികൾ മാറിതാമസിക്കുന്നു. എല്ലാം വൃത്തിയായിരിക്കുന്നു. ഒരു ക്രിസ്ത്യാനിയുടെ ഭവനത്തിൽ ചെന്നാൽ സന്തോഷ പൂർവ്വം ഞങ്ങളെ സ്വീകരിക്കും. പബ്ളിക്കു് റോ ഡിൽവെച്ചു് മേല്പോട്ടു നോക്കാത്ത സ്ത്രീകൾ വീട്ടിൽ നായകി എന്നപോലെ വേണ്ട ഉപചാരങ്ങൾ ചെയ്യും. എന്നാലും നീ ഒരു ഇൻഡ്യാക്കാരൻെറ ഭാൎയ്യയാകാൻ ഇഷ്ടപ്പെടുകയില്ല. സ്ത്രീകൾ ഭൎത്താക്കന്മാരുടെ അടിമ യാണു്. ഭൎത്താവു ഊണുകഴിക്കുമ്പോൾ ഭാൎയ്യ അടുത്തു വന്നു് ആദരവോടുകൂടെ നിൽക്കും. ഭക്ഷണത്തിൻെറ ബാക്കി അവൾ കഴിക്കും. ഈ ജനങ്ങളോടു് നിങ്ങൾ ഭാൎയ്യമാരോടു ശരിയായ നിലയിൽ പെരുമാറുന്നില്ല എന്നു പറഞ്ഞാൽ, "അതുവാസ്തവംതന്നെ, എന്നാൽ വെള്ളക്കാരെപ്പോലെ ഇവൎക്കു സ്വാതന്ത്ര്യം കൊടു ത്താൽ ഇവർ അതിലധികം ഉയരും" എന്നുപറയും. എൻെറ പ്രിയസഹോദരീ! ഇതിനു് എതിർവാദം വല്ലതുമുണ്ടെങ്കിൽ അറിയിച്ചാൽ ഞാൻ അവരോടു പറ യാം. ഞാൻ ഇന്നലെ ഒരു മാമ്മോദീസാ ശുശ്രൂഷയ്ക്കു പോയിരുന്നു. സ്ത്രീകൾ ധാരാളം ആഭരണങ്ങളും വളരെ ഭംഗിയായ വസ്ത്രങ്ങളും ധരിച്ചിരുന്നു. ജോൺമിഷനറി ഭംഗിയായി തമിഴിൽ പ്രസംഗിച്ചു. അന്ന, മറിയ, ശീമോൻ എന്നീ പദങ്ങൾ ഒഴികെ വേറെ ഒന്നും

എനിക്കു മനസ്സിലായില്ല. പിന്നെ സ്നാനശുശ്രൂഷ നടന്നു. വളരെ ശക്തിയായി പ്രാർത്ഥിച്ചു. എല്ലാവരും സന്തോഷിച്ചു. ഒരു ചെറിയ കുട്ടിയോടു "നീ പ്രാത്ഥിക്കുമോ?" എന്നു ഞാൻ ചോദിച്ചു. "അതേ; ഞാൻ ഉറങ്ങാൻ പോകുമ്പോൾ പ്രാത്ഥിക്കും" എന്നു മറുപടിപറഞ്ഞു. എങ്ങിനെ പ്രാത്ഥിക്കും എന്നു വീണ്ടും ചോദിച്ചപ്പോൾ "യേശു സ്വാമീ! എന്നെ രക്ഷിക്കേണേ," എന്നു പ്രാത്ഥിക്കുമെന്നായിരുന്നു ആ കുട്ടി മറുപടി പറഞ്ഞതു്. വൈകുന്നേരം സന്തോഷത്തോടെ തിരിച്ചുവന്നു.

1805-ജനുവരിമാസം 17-ാംതിയതി വീണ്ടും സഹോദരിക്കു ഒരു കത്തു് എഴുതി. "ഇന്നലെ വാസ്സ്മിഷനറിയുടെ മദാമ്മ നിത്യസ്വസ്ഥതയിൽ കടന്നുപോയി. ശവസംസ്കാര ശുശ്രൂഷയിൽ ഞാൻ പ്രസംഗിച്ചു." ഇവിടെ നമുക്കു നിലനില്ക്കുന്ന നഗരമില്ലല്ലോ." വരുവാനുള്ളതിനുവേണ്ടി നാം കാത്തിരിക്കുന്നു. ഗുഡ്ഹോപ്പ് മുനമ്പിൽ നിന്നുവന്നതുമുതൽ സുഖക്കേടായികിടക്കയിലായിരുന്നു.

ഇപ്പോൾ ഇവിടെ വർഷകാലം ആണു്. സൂര്യനെ കാണാറില്ല. എന്റെ ദ്വിഭാഷിയുമായി ഇന്നലെ ഞാൻ സെന്റ് ഫ്രാൻസിസ് സേവിയർ എന്ന നാമകരണത്തോടുകൂടിയ ഒരു റോമൻകത്തോലിക്കാ പള്ളിയുള്ള ഗ്രാമത്തിൽ പോയി. അപ്പോൾ ഇറാലിക്കാരനായ ഒരു പാദ്രി എന്നെ കൂട്ടികൊണ്ടു അദ്ദേഹത്തിന്റെ ഭവനത്തിലേക്കുപോയി. ആ ഇടവകയിൽ ഏകദേശം 1500

ക്രിസ്ത്യാനികൾ ഉണ്ട്. ഇവരിൽ സാക്ഷാൽ ഹൃദയമാററം സംഭവിച്ചവർ അധികം പേരില്ല. മാനസാന്തരത്തെപ്പററി ഞാൻ സംസാരിച്ചപ്പോൾ ആ പാദ്രി മറുപടി ഒന്നും പറഞ്ഞില്ല അതിൻെറശേഷം മൊദേറവിയൻ മിഷനറിമാർ പണ്ടു താമസിച്ചിരുന്ന ഗ്രാമത്തിൽ പോയിരുന്നു. കാഴ്ചയ്ക്കു് ഇമ്പമായ ഒരു സ്ഥലമാണിതു്. ഇവിടെയുള്ള ഒരു കുന്നിൻെറ മുകളിൽ കയറി കിരീടം ധരിച്ച യേശുവിനെ നോക്കി പ്രാൎത്ഥിച്ചതു് എൻെറ മനസ്സിനു വളരെ സന്തോഷം നൽകി. അവിടെനിന്നും വീട്ടിലേക്കു വരുന്നവഴി അലക്കുകാരുടെ ഒരു ഗ്രാമത്തിൽ വന്നുചേൎന്നു. അവിടെ ആ കള്ളന്മാർ "യൂറോപ്പ്, ഓയുറോപ്പ്" എന്നു പാടിക്കൊണ്ടു് ഞങ്ങളുടെ വസ്ത്രങ്ങൾ കല്ലിലടിക്കുന്നു. എന്നാൽ അവരുടെ സ്വന്തം വസ്ത്രങ്ങൾ ഇപ്രകാരം കല്ലിലടിക്കാതെ കയ്യിൽവെച്ച് അലക്കുന്നു. ഇവരുടെ ചുമടുകൾ കഴുതപ്പുറത്താണു് കൊണ്ടുപോകുന്നതു്. ഇവിടെ ഈ ജാതിക്കാർക്കുമാത്രമേ കഴുതയുള്ളു. അവിടെനിന്നും ഞാൻ ചെമ്മാന്മാർ താമസിക്കുന്ന ഗ്രാമത്തിൽ പോയി. അവർ എല്ലാവരും നല്ല തടിയന്മാരായ മഹമ്മദീയരാണു്. അവിടെനിന്നു വീട്ടിൽ മടങ്ങിവന്നു. നമ്മുടെ വീടിൻെറ മുൻവശത്തുള്ള തടാകത്തിലെ തവളകൾ ശബ്ദിക്കുന്നതുപോലെ ക്രാൻ, ക്രാൻ, ക്രോം, ക്രോം,എന്നു ഇവയിലുള്ള തവളകൾ അട്ടഹസിക്കുന്നു. സ്ത്രീകളിൽ എൻെറ മാതാവൊഴികെ ഞാൻ ഏററവും സ്നേഹിക്കുന്ന എൻെറ സഹോദരീ! നിനക്കു് ഗുഡ്നൈററ്. ഇപ്പോൾ രാത്രി മണിഎട്ടു്.

ഞാൻ വളരെ ക്ഷീണിച്ചിരിക്കുന്നു. ഞാൻ കുറെനേരം വെൺമാടത്തിൽ കയറി പ്രാൎത്ഥനയിൽ ഇരുന്നശേഷം അത്താഴം കഴിഞ്ഞു് എൻെറ കിടക്കയിൽ നിദ്ര പ്രാപിക്കും. പറന്തുകൾ ഇപ്പോൾ ഞങ്ങളെ ഉപദ്രവിക്കുന്നില്ല. നാം ദൈവസന്നിധിയിൽ കാത്തിരുന്നാൽ ശക്തിപ്രാപിക്കയും, സകല ഉപദ്രവങ്ങളിൽനിന്നും കൎത്താവു നമ്മെ രക്ഷിക്കയും ചെയ്യും.

---

## അദ്ധ്യായം 4

റിങ്കൽറേറാബിയുടെ കൂട്ടുകാരായ ക്രാൻ, ഡിഗ്രയിഞ്ചസ് എന്നീ മിഷനറിമാർ വിശാഖപട്ടണത്തിൽ ഒരു സുവിശേഷവേല ആരംഭിക്കാൻ തീൎച്ചപ്പെടുത്തി. അതിനുവേണ്ടി അവർ മദ്രാസിൽചെന്നു് അതിവേഗത്തിൽ തെലുങ്കുഭാഷ പഠിച്ചു. അവർ അവിടെ താമസിച്ചിരുന്നപ്പോൾ നടത്തിയ ഇംഗ്ലീഷ് ആരാധന അവിടെയുണ്ടായിരുന്ന യൂറോപ്യന്മാർക്കും മററും വളരെ പ്രയോജനപ്പെട്ടു. മേല്പറഞ്ഞ സ്നേഹിതന്മാരെ സന്ദർശിക്കുന്നതിനായി 1805 മേമാസം റിങ്കൾറേറാബി തരങ്കംപാടിയിൽനിന്നും കടൽമാർഗ്ഗം മദ്രാസ്സിനുപോയി. അവർ റിങ്കൽറേറാബി മദ്രാസിൽ താമസിച്ചു് സുവിശേഷവേല ചെയ്യാൻ നിർബന്ധിച്ചു. എന്നാൽ അദ്ദേഹം അതു സമ്മതിച്ചില്ല. ഇതിനെക്കുറിച്ചു് താഴെ പറയുംപ്രകാരം എഴുതിയിരിക്കുന്നു. "രാവിലത്തെ ഭക്ഷണം കഴിഞ്ഞശേഷം അവരോടു ഞാൻ മദ്രാസിൽ

താമസിച്ചു വേലചെയ്യുന്നതിന്നു ഉദ്ദേശിക്കുന്നില്ല എന്നു ബലമായി വാദിച്ചു. ഈ വിഷയത്തെപ്പററി ആലോചിക്കാനായി ഒരു സംഘംകൂടണമെന്നു് അവർ പറഞ്ഞതിനേയും ഞാൻ അനുകൂലിച്ചില്ല.

പിന്നീട്ട് ഞങ്ങൾ ഒരുമിച്ചു് ഒരു മണിക്കൂർ സമയം പ്രാർത്ഥനയിൽ ഇരുന്നു. ഈ വിഷയത്തിൽ ഞങ്ങൾക്കു തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നു എങ്കിലും ഞങ്ങൾക്കുള്ള സഹോദരൈക്യത്തിന്നു് ഒരു ഭംഗവും വന്നില്ല."

യൂറോപ്യന്മാർ അധികമായി വസിച്ചിരുന്ന മദ്രാസ് പട്ടണത്തിൽ ദിവ്യശുശ്രൂഷചെയ്യാൻ റിങ്കൾറേറാബിക്കു മനസ്സില്ലായിരുന്നു. അദ്ദേഹത്തിന്നു കല്ക്കട്ടാനിവാസികളുടെ യഥാൎത്ഥ നില നല്ലവണ്ണമറിയാമായിരുന്നു. സോദോമും ഗോമോറായും ഒന്നുചേൎന്നു മദ്രാസ് പട്ടണമുണ്ടായതാണെന്നു സ-ാർച്ചു്മിഷനറി പറഞ്ഞിരുന്നതു് കേട്ടിരിക്കാം. ഇതുനിമിത്തം ആയിരിക്കാം, അയാൾക്കു മദ്രാസ്സിൽ പ്രവൎത്തിക്കാൻ അശേഷം മനസ്സില്ലാതിരുന്നതു്. റിങ്കൽറേറാബി ഇവിടെ താമസിച്ചപ്പോൾ വേറെ ചില സ്നേഹിതന്മാർ തരങ്കാപാടിയുമായുള്ള ബന്ധം ഉപേക്ഷിക്കണമെന്നു പറഞ്ഞു. കൂടാതെ ശ്രീരംഗപട്ടണത്തിൽ ഒരു പട്ടാളചാപ്ലൻ ഉദ്യോഗം കൊടുക്കാമെന്നു വാഗ്ദാനം ചെയ്തു. ഈ സംഗതി റിങ്കൽറേറാബിയുടെ അപ്പോഴത്തെ സ്ഥിതിക്കു ഒരു വലിയ പരീക്ഷയായിരുന്നു. "ഭ്രസ-ത്തിനോടുള്ള സ്നേഹവുമായിട്ടു് ഞാൻ ഒരു കഠിന യുദ്ധം ചെയ്തു.

അതിൽ എനിക്കു വിജയം സിദ്ധിച്ചു." എന്നു അദ്ദേഹം എഴുതിയിരിക്കുന്നു. അനന്തരം മദ്രാസ്സ് വിട്ടു വീണ്ടും തരങ്കംപാടിയിൽ വന്നു തമിഴ് ഭാഷാ പഠനത്തിലും, ജോൺപണ്ഡിതർക്കു വേണ്ട സഹായങ്ങൾ ചെയ്തുംകൊണ്ടിരുന്നു. ഈ സമയം തന്റെ സഹോദരിക്കു എഴുതിയ ഒരെഴുത്തിനെ താഴെ ചേർക്കുന്നു.

1805 ആഗസ്റ്റ് 5 "ഇതേവരെയും എനിക്കു നിന്റെ എഴുത്തുകൾ ഒന്നും കിട്ടിയില്ല. ഞാൻ ഈയ്യിടെ ഒരു മാസക്കാലം മദ്രാസിൽ പോയി താമസിച്ചു. കടൽ യാത്രയിൽ വളരെ കഷ്ടപ്പെട്ടു. തിരിച്ചു വന്നശേഷം ആദ്യമായി ഞാൻ തമിഴിൽ പ്രസംഗിച്ചു. തമിഴ് ശരിയായി സംസാരിക്കുന്നതിനു എനിക്കു ഇപ്പോഴും നല്ല വശമില്ല. ആളുകൾ വേഗം സംസാരിച്ചാൽ എനിക്കു മനസ്സിലാവുകയില്ല. ഞാൻ മദ്രാസിൽനിന്നും മടങ്ങി വന്നപ്പോൾ എന്റെ ഹൃദയം വളരെ ഭാരപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ ലണ്ടനിൽനിന്നും ചില സ്നേഹിതന്മാരുടെ എഴുത്തുകൾ കിട്ടിയതിനാൽ വളരെ സന്തോഷമുള്ളവനായിരിക്കുന്നു. ക്രാൻ, ഡിഗ്രയിഞ്ചസ് എന്ന സ്നേഹിതന്മാർ വിശാഖപട്ടണത്തിൽ പോയി. പാംസായ്പും മദാമ്മയും ഇവിടെ വന്നിരുന്നു. എന്നോടു കൂടി ചില ആഴ്ചകൾ ഇവിടെ സന്തോഷമായി കഴിച്ചുകൂട്ടി. അവർ ഇപ്പോൾ ജാപ്പാണത്തു പോയിരിക്കയാണ്. വാസ്സ്മിഷനറി പുനർവിവാഹം ചെയ്തു. എർബാട്ടു മിഷനറി സിലോണിൽ സുവിശേഷം പ്രസംഗിക്കുന്നു. അദ്ദേഹത്തിന്റെ വിവാഹവും അടുത്തു നടക്കും.

ഒരു പക്ഷേ ഞാൻ തിരുവിതാംകൂറിൽ അഞ്ചുതെങ്ങ് എന്ന സ്ഥലത്തുപോകും. എങ്ങനെ പോകുമെന്നു തീൎച്ചപ്പെടുത്തിയില്ല. കടൽയാത്ര വലിയ പ്രയാസമാണു്. കരമാൎഗ്ഗം പോയാൽ ആപത്തു്. ഇവിടെയുള്ള സംഭവങ്ങളും മിഷനറിമാരോടുള്ള എതിൎപ്പും എന്നെ ഇവിടെനിന്നും പോകുന്നതിനു നിൎബന്ധിക്കുന്നു. ഞാൻ എവിടെ പോകണമെന്നറിയാതെ ദൈവഹിതത്തിനായി പ്രാൎത്ഥനയോടെ കാത്തിരിക്കുന്നു. അടുത്തകാലത്തു തിരുവിതാകൂറിൽനിന്നും ഒരു വയസ്സൻ എന്റെ അടുക്കൽ വന്നു് അയാളുടെ നാട്ടിൽ ഇരുനൂറിലധികം ആളുകൾ ക്രിസ്ത്യാനികളാകാൻ ആഗ്രഹിക്കുന്നു എന്നും എന്നാൽ അവൎക്കു സത്യമാൎഗ്ഗം ഉപദേശിച്ചുകൊടുക്കാൻ ആളില്ലെന്നും പറഞ്ഞു. ഒരു മക്കദോന്യക്കാരൻ "കടന്നുവന്നു ഞങ്ങളെ സഹായിക്ക" എന്നു പൗലോസ് അപ്പോസ്തലനോടുചെയ്ത അപേക്ഷ ഉടനെ എന്റെ ഓൎമ്മയിൽ വന്നു. ഞാൻ തിരുവിതാംകൂറിലേക്കുപോകുവാൻ തീൎച്ചപ്പെടുത്തി. അന്നുമുതൽ എന്റെ മനസ്സിനു വളരെ സന്തോഷമുണ്ടായി. എന്റെ കയ്യിൽ പണമില്ല. എങ്കിലും സൎവ്വശക്തനായ ദൈവം എന്നെ നടത്തുമെന്നു ഞാൻ വിശ്വസിക്കുന്നു. ഒന്നരമാസത്തിനകം യാത്ര തിരിക്കും. എന്റെ സഹോദരീ, നിനക്കു ഗുഡ്ബൈ. മാതാപിതാക്കളുടെ കരങ്ങളെ എനിക്കുവേണ്ടി ചുംബനം ചെയ്യുക. സഹോദരന്മാൎക്കും സ്നേഹവന്ദനം പറയുക. എന്റെ അനുജൻ ഏൎണസ്റ്റ് ഒരു മിഷനറിയായി തീൎന്നെങ്കിൽ! ചില സത്യക്രിസ്ത്യാനി

കൾ ഇവിടെയുണ്ടു്. കൎത്താവിനു സ്തോത്രം. നിങ്ങളുടെ പ്രിയസഞ്ചാരി ജേൃഷ്ഠൻ വില്യം"

1805-ാമാണ്ടത്തെ ലണ്ടൻ മിഷനറിസംഘത്തിന്റെ വാർഷിക റിപ്പോർട്ടിൽ സംഘഡയറക്ടർമാർ റിങ്കൾറേറാബിയുടെ വേലയെപ്പററി താഴെ പറയും പ്രകാരം സൂചിപ്പിച്ചിരിക്കുന്നു: "റിങ്കൽറേറാബിയുടെ എഴുത്തുകളിലും ഡയറികളിലും പല വിശേഷ കാര്യങ്ങൾ കാണുന്നു. പ്രകൃതിശാസ്ത്രം, ഭൂമിശാസ്ത്രം, ഭാഷ, മതം മുതലായവയെക്കുറിച്ചു പല നൂതനസംഗതികൾ പറയുന്നു. മിഷനറിമാരുടെ വേലയ്ക്കു ബ്രിട്ടീഷ് ഗവൎമ്മെന്റ് വേണ്ട സൗകര്യങ്ങൾ ചെയ്തതിനു നന്ദി രേഖപ്പെടുത്തിയിരിക്കുന്നു. ഗവർമ്മെൻറ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതിലും കൂടുതൽ സഹായം ചെയ്താൽ മിഷൻ പ്രവൎത്തനം വളരെ അഭിവൃദ്ധിപ്പെടുമെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു."

മിഷന്റെ ഭാവിയെപ്പററി അദ്ദേഹം താഴെപറയും പ്രകാരം പറഞ്ഞിരിക്കുന്നു: "ദൈവാനുഗ്രഹം പക്ഷേ താമസിച്ചാലും നിശ്ചയമായും ഉണ്ടാകും. കാലമാകുന്ന ആയുധം ഉപയോഗിച്ചു് ദൈവം വലിയ പാറകളെയും ധൂളിയാക്കും. ഈ രാജ്യം ഇംഗ്ലീഷ് ആധിപത്യത്തിൽ ഇരിക്കുന്നതുകൊണ്ടു് മിഷനറിപ്രവൎത്തനങ്ങൾക്കു ഒരു ഭാവിയുണ്ടു്. സുവിശേഷമാകുന്ന ആയുധം ധരിച്ചു് യുദ്ധത്തിനു പോകുന്നതിൽ ഞാൻ ഒരു ബലഹീനനാണ്. എന്നാൽ പോർക്കളം സമീപിക്കുന്തോറും കാരുണ്യവാനായ ദൈവം എന്റെ ബലഹീ

നതയിൽ എന്നെ ശക്തീകരിക്കുന്നു. ജയാളിയായ സേനാധിപതി നമ്മുടെ പക്ഷത്തുണ്ടല്ലോ. ഞാൻ ആരെ ഭയപ്പെട്ടും. ഈ പോക്കളത്തിൽ ഞാൻ നേരത്തേ മരിച്ചുപോയാൽ അവനുവേണ്ടി പത്തു പ്രാവശ്യം മരിക്കാൻ ഇടവന്നില്ലല്ലോ എന്നുള്ള വ്യസനം മാത്രമേ എനിക്കുണ്ടാകയുള്ളൂ."

റിങ്കൽറേറാബിക്കു് തമിഴ് ഭാഷയിൽ ഒരുവിധം പാണ്ഡിത്യം സിദ്ധിച്ചതോടുകൂടി തിരുനൽവേലിയിലുള്ള ക്രിസ്തീയസഭയുടെ കഷ്ടസ്ഥിതി മനസ്സിലാക്കുന്നതിനിടയായി. ഈ സഭ ചർച്ചുമിഷനറി സൊസൈററിയുടെ കാലത്തു ആരംഭിച്ചു് ഗേറിക്കുമിഷനറിയുടെ കാലത്തു വളരെ അഭിവൃദ്ധിപ്പെട്ടു. എന്നാലും ഗേറിക്കു സായ്പിന്റെ മരണശേഷം ഭരണകാര്യങ്ങൾക്കു ആളില്ലാതെ വേല മന്ദീഭവിച്ചു. റിങ്കൽറേറാബി അവിടെ പോയാൽ അവിടെയും തിരുവിതാംകൂറിലും വേല ചെയ്യാമെന്നു ചില സ്നേഹിതന്മാർ അഭിപ്രായപ്പെട്ടു. ഇങ്ങനെ ഇരിക്കുമ്പോൾ തഞ്ചാവൂർ മിഷനറിയായ കോളഫ് തിരുനൽവേലി മിഷനെ തല്ക്കാലാന്വേഷണത്തിനായി റിങ്കൽറേറാബിയെ ഏല്പിക്കയും അദ്ദേഹം സസന്തോഷം അതിനെ സ്വീകരിക്കയുംചെയ്തു.

ഈ സന്ദർഭത്തിൽ തിരുനൽവേലി ക്രിസ്തീയസഭയുടെ ആരംഭത്തെപ്പററി അല്പം പറയുന്നതു് നന്നായിരിക്കും. 1762-ാംവർഷം സ്വാർച്ചു് സായ്പു് തൃശ്ശിനാപ്പള്ളി ആസ്ഥാനമാക്കി സഭകൾ സ്ഥാപിക്കാൻ തുടങ്ങി. അദ്ദേഹത്തിന്റെ കീഴിൽ ഉപദേശി ആയിരുന്ന

ശബരിമുത്തു എന്നയാൾ തിരുനൽവേലിയിൽ താമസിച്ചു സുവിശേഷം പ്രസംഗിച്ചുവന്നു. അവിടെ താമസിച്ചിരുന്ന ഒരു യൂറോപ്യൻ പട്ടാളഉദ്യോഗസ്ഥനും വളരെ താല്പര്യമായി ശബരിമുത്തിനോടു ചേൎന്ന് വേലയിൽ പങ്കെടുത്തു. അയാൾ ഒരു ഹിന്ദുമതക്കാരനായ കണക്കപ്പിള്ളയെ വിശ്വാസപ്രമാണം, പത്തുകല്പന, കൎത്താവിന്റെ പ്രാൎത്ഥന മുതലായവ പഠിപ്പിച്ച് സ്നാനപ്പെടുത്തി. പട്ടമേല്ക്കാത്ത ഒരാൾ സ്നാനപ്പെടുത്തിയതു് സ്വാർച്ച് സായ്പിന്നു് അശേഷം രസിച്ചില്ല. 1778-ാം വർഷം ഒരു ഇംഗ്ലീഷുകാരൻ തന്റെ വിവാഹശുശ്രൂഷ നടത്തുന്നതിനും ചിലരെ സ്നാനപ്പെടുത്തുന്നതിനുമായി സ്വാർച്ചുസായ്പിനെ പാളയങ്കോട്ടയ്ക്കു ക്ഷണിച്ചു. ഇങ്ങനെയാണു് ഒരു പ്രോട്ടസ്റ്റാൻറ് മിഷനറി ഇദംപ്രഥമമായി ഇവിടെ പ്രവേശിക്കുന്നതിനിടയായതു്. അവിടെ സ്നാന ശുശ്രൂഷ നടത്തികൊണ്ടിരുന്നപ്പോൾ ഒരു ബ്രാഹ്മണ സ്ത്രീ തന്റെ ദത്തുപുത്രനുമായി മുമ്പോട്ടു വന്നു് തങ്ങളെക്കൂടി സ്നാനപ്പെടുത്തണമെന്നപേക്ഷിച്ചു. ഈ സ്ത്രീ തഞ്ചാവൂർക്കാരൻ ഒരു മഹാരാഷ്ട്ര ബ്രാഹ്മണന്റെ ഭാൎയ്യയായിരുന്നു. ഭൎത്താവിന്റെ മരണാനന്തരം ലിററിൽട്ടൺ എന്ന ഒരു പട്ടാളഉദ്യോഗസ്ഥൻ ഇവരെ വിവാഹം കഴിച്ചു. ഇവളെക്കുറിച്ചു എല്ലാവരും നല്ല സാക്ഷ്യം പറഞ്ഞതിനാലും, താൻ യേശുക്രിസ്തുവിനെ രക്ഷിതാവായി ഏററുകൊള്ളുന്നു എന്നു പറഞ്ഞതുകൊണ്ടും സ്വാർച്ച്മിഷനറി ഇവരെ സ്നാനപ്പെടുത്തി. ഇവർ പില്ക്കാലങ്ങളിൽ തിരുനൽവേലി സഭയുടെ

അഭിവൃദ്ധിക്കവേണ്ടി വളരെ പ്രയത്നിച്ചു. 1785-ാം വർഷം സ്വാർച്ച്സായ്പ് ഇവിടെ ആദ്യമായി പണികഴിപ്പിച്ച പള്ളി പ്രതിഷ്ഠനടത്തി. ഈ അവസരത്തിൽ ഇവിടെ 160 സഭാംഗങ്ങൾ ഉണ്ടായിരുന്നു. ഈ സഭയെ സമർത്ഥനും ഭക്തനുമായ സത്യനാഥൻ എന്ന ഉപദേശിയുടെ മേൽനോട്ടത്തിൽ ആക്കി. ഇയാളുടെ പരിശ്രമത്താൽ സഭ വളരെ അഭിവൃദ്ധിപ്രാപിച്ചപ്പോൾ ഒരു ഇംഗ്ലീഷു് പാദ്രിയെ നിയമിക്കണമെന്നു സംഘക്കാർ അഭിപ്രായപ്പെടുകയും അതനുസരിച്ചു 1791-ൽ ജീനിക്ക് എന്ന പാദ്രിയെ നിയമിക്കയും ചെയ്തു. ഇദ്ദേഹം ഒൻപതുവർഷം സ്തുത്യർഹമാംവണ്ണം വേല ചെയ്തതിൻെറ ശേഷം 1800-ൽ ഇഹലോകവാസംവെടിഞ്ഞു. അപ്പോൾ സത്യനാഥനുപദേശിക്ക് പട്ടം കൊടുത്തു പ്രസ്തുത സ്ഥാനത്തു നിയമിച്ചു. ഇദ്ദേഹത്തിന്റെ വേലയുടെ ഫലമായി 2700ക്രിസ്ത്യാനികൾ പുതിയതായി സഭയിൽ ചേൎന്നു. തഞ്ചാവൂർ മിഷനറിയായിരുന്ന കോളഫ്സായ്പിനു് തരങ്കാപാടിമുതൽ കന്യാകുമാരിവരെയുള്ള സഭകളുടെ മേൽനോട്ടം ഉണ്ടായിരുന്നതിനാൽ തിരുനൽവേലി സഭയെ ശരിയായി അന്വേഷിക്കാൻ സൌകൎയ്യപ്പെട്ടില്ല. ഇവൎക്കു ഒരു യൂറോപ്യൻ മിഷനറി ഇല്ലായിരുന്നതുകൊണ്ടു്. ഹിന്ദുക്കളും മഹമ്മദീയരും ക്രിസ്ത്യാനികളെ വളരെ ഉപദ്രവിക്കയും പള്ളികളും മററും തീവെക്കയും ചെയ്തുപോന്നു. അതുകൊണ്ടു് കോളഫ് സായ്പ് റിങ്കൾറേറാബിയെ തിരുനൽവേലി സഭയുടെ മേൽനോട്ടത്തിനും തിരുവിതാംകൂറിൽ

ലണ്ടൻമിഷനറിസംഘത്തിൻെറ പ്രവൎത്തനം ആരംഭിക്കുന്നതിനുമായി ഇവിടേക്കയച്ചു. ഈ അവസരത്തിൽ റിങ്കൾറേറാബി ഇംഗ്ലണ്ടിലുള്ള ബോർഡു ഓഫ് ഡയറക്ടേഴ്സിനു് തരങ്കംപാടിയിൽനിന്നും താഴെ പറയുംപ്രകാരം എഴുതുകയുണ്ടായി:

8—6—1805. തരങ്കംപാടി "തിരുനൽവേലി ക്രിസ്ത്യാനികളുടെ കഷ്ടപ്പാടുകൾ കേട്ടു് ഞാൻ വളരെ വ്യസനിക്കുന്നു. ക്രിസ്തുമാൎഗ്ഗം സ്വീകരിക്കുന്നവരെ ആമത്തിലിട്ടു് കഠിനമായി വെയിലത്തും മഞ്ഞിലും ഇട്ടു് കഷ്ടപ്പെടുത്തുന്നു. ഹിന്ദുക്കളുടെ ഉത്സവങ്ങളിലും മററും ഊഴിയവേല ചെയ്യുന്നതിനു് ദേഹോപദ്രവം ഏല്പിച്ചു നിർബന്ധിക്കുന്നു. വെള്ളാളമതത്തിൽനിന്നും ക്രിസ്ത്യാനികളായവരെ അമ്പലങ്ങളിൽ കൊണ്ടുപോയി തുപ്പിക്കയും വേലചെയ്യിക്കയും ചെയ്യുന്നു. അനേകരും ഈ കഷ്ടങ്ങൾ എല്ലാം സഹിച്ചു കൎത്താവിൻെറ മഹത്വത്തിനുവേണ്ടി വിശ്വാസത്തിൽ നിലനില്ക്കുകയും ചിലർ പേടിച്ചു പിന്മാറുകയും ചെയ്യുന്നു. ഇവയെല്ലാം അവിടെ ഒരു യൂറോപ്യൻ മിഷനറി ഇല്ലാത്തതുനിമിത്തമാണു്.

ഇവരുടെ സഹായത്തിനായി ഞാൻ എത്രയും വേഗം അവിടെ എത്തണമെന്നു വിചാരിച്ചിട്ടും പല വിഘ്നങ്ങൾ നിമിത്തം സാധിച്ചില്ല. ഈയിടെ തിരുവിതാംകൂറുകാരനായ ഒരു ഹിന്ദു വന്നു് അയാളുടെ ഗ്രാമത്തിൽ ഇരുനൂറിലധികം പേർ ക്രിസ്തുമാൎഗ്ഗം കൈക്കൊൾവാൻ ആഗ്രഹിക്കുന്നു എന്നും ഞാൻ അവിടെ

പോകണമെന്നു അപേക്ഷിക്കയും ചെയ്തു. തിരുനൽവേലിജില്ല ഇൻഡ്യയുടെ തെക്കേ അററത്താണു്. ഒരു പ്രാവശ്യം ചുററിവരണമെങ്കിൽ പത്തുദിവസംവേണം. ഈ സ്ഥലത്തു മുപ്പതു ഉപദേശിമാരും അയ്യായിരം ക്രിസ്ത്യാനികളും ഉണ്ടു്. ഇവർ എല്ലാവരും സത്യക്രിസ്ത്യാനികൾ ആയിരിക്കണമെന്നില്ല. പല ഗ്രാമക്കാരും ക്രിസ്ത്യാനികളാകാൻ ആഗ്രഹിച്ചു കാത്തിരിക്കുന്നു എന്നു കേൾക്കുന്നു. തഞ്ചാവൂരിനും തിരുനൽവേലിക്കും മദ്ധ്യത്തിലുള്ള അനേകം മറവർ കത്തോലിക്കാമതം സ്വീകരിച്ചു. തിരുവിതാംകൂറിലെ സമുദ്രതീരങ്ങളിൽ അനവധി റോമൻകത്തോലിക്കാ പള്ളികൾ ഉണ്ടു്. എന്നാൽ പ്രോട്ടസ്റ്റാൻറുകാർ ഒന്നും ചെയ്യാതിരിക്കുന്നതിനെപ്പററി എന്തുപറയേണ്ടു.

---

## അദ്ധ്യായം 5

1806-ാംവർഷം ഫെബ്രുവരിമാസാരംഭത്തിൽ 40 പെഗോഡാ (140രൂപാ) കൂലികൊടുത്തു ഒരു പത്തേമാരിപിടിച്ചു തരങ്കംപാടിയിൽ നിന്നും യാത്രപുറപ്പെട്ടു. വഴിമദ്ധ്യേ സിലോണും മററുചില ദ്വീപുകളും സന്ദർശിച്ചു് ഒടുവിൽ തൂത്തുക്കുടിയിൽ വന്നിറങ്ങി. അവിടെയുള്ള ഡച്ചുകാരുടെ പള്ളിയിൽചെന്നു് ആരാധനയിൽ സംബന്ധിച്ചു. അന്നു സന്ധ്യയായപ്പോൾ 50 പേർ കൂടിയിരുന്ന ഒരു യോഗത്തിൽ "നാം ദൈവമക്കളെന്നു ആത്മാവുതാനും നമ്മുടെ ആത്മാവോടു

സാക്ഷ്യം പറയുന്നു" എന്ന വാക്യം അടിസ്ഥാനമാക്കി ഒരു പ്രസംഗംചെയ്തു. തമിഴ് ഭാഷയിൽ ചെയ്ത ഈ പ്രസംഗംമൂലം ആളുകൾക്കെല്ലാം ഒരു ആത്മീക ഉണർവ്വുണ്ടായി. ഒരു പോർട്ടുഗീസ് പുരുഷനും ഒരു സ്ത്രീയും മാനസാന്തരപ്പെട്ടു രക്ഷ പ്രാപിക്കുന്നതിനിടയായി. അനന്തരം പാളയംകോട്ടയ്ക്കു യാത്രതിരിച്ചു. മരുഭൂമിയിൽ കൂടി സഞ്ചരിച്ചതുകൊണ്ടു ഉഷ്ണത്താൽ വളരെ ക്ഷീണിച്ചു. രാത്രി വഴിമദ്ധ്യേ തന്റെ മേനാവിൽതന്നെ നിദ്രചെയ്തു. പാളയംകോട്ടയ്ക്കു വരുന്നവഴിക്കു മലകളാൽ ചുററപ്പെട്ട തിരുവിതാംകൂർ താൻ ദൂരെനിന്നു നോക്കിക്കണ്ടു. അവിടെ താൻ ചെയ്യാൻപോകുന്ന വേല വിചാരിച്ചു സന്തോഷിച്ചു. പോണ്ടന്മാർ അല്പം ചക്കരയും വെള്ളവും മാത്രം കഴിച്ചുകൊണ്ടു തന്റെ മേനാവും ചുമന്നുകൊണ്ടു മുപ്പതുമൈലോളം ഓടിയതിൽ റിങ്കൽറേറാബി വളരെ ആശ്ചര്യപ്പെട്ടു. താമ്രവർണ്ണീതീരത്തുള്ള തണുപ്പു തന്റെ ദേഹസ്ഥിതിക്കു വളരെ അനുകൂലമായിരുന്നു. അവിടെ മൂന്നുദിവസം താമസിച്ചു. ഒടുവിൽ തിരുനൽവേലിയിൽ വന്നുചേർന്നു ഞായറാഴ്ച രാവിലെ "രക്ഷിക്കപ്പെടുവാൻ ഞാൻ എന്തുചെയ്യേണ്ടു" എന്ന വാക്യവും ഉച്ചകഴിഞ്ഞുള്ള യോഗത്തിൽ "ചെറിയ ആട്ടിൻകൂട്ടമേ നിങ്ങൾ ഭയപ്പെടേണ്ട" എന്ന വാക്യവും ആധാരമാക്കി പ്രസംഗിച്ചു. അനന്തരം റിങ്കൾറേറാബി സഭകൾ സന്ദർശിക്കാൻ തുടങ്ങി തിരുനൽവേലി മിഷനു വളരെ സഹായിയായിരുന്ന സായർ എന്ന ഒരു പോർട്ടുഗീസു വ്യാപാരി റിങ്കൾ

റോബിയുടെ സഞ്ചാരത്തിനായി ഒരു കുതിരയെ സമ്മാനിച്ചു. അതുകൊണ്ടു് പല സ്ഥലങ്ങൾ ചുററി സഞ്ചരിച്ചു് സുവിശേഷം പ്രസംഗിച്ചു് വിശ്വസിച്ച അനേകരെ സ്നാനപ്പെടുത്തി. പാളയംകോട്ടയിലുള്ള യൂറോപ്യന്മാരോടും, മഹമ്മദീയരോടും, ഹിന്ദുക്കളോടും മററു പലരോടും സുവിശേഷം പറയുകയും ഞായറാഴ്ച ദിവസങ്ങളിൽ പള്ളിയിൽ ആരാധന നടത്തിയും പോന്നു. ഈ സന്ദർഭത്തിൽ ഇൻഡ്യയിൽ ഗണനീയനും മഹാരാഷ്ട്രയുദ്ധാനന്തരം പാളയംകോട്ടയിൽ വന്നു താമസിച്ചുവന്നുമായ ലെഫ്ററനൻറ് കണ്ണൽട്രാട്ടർ എന്ന പട്ടാളഉദ്യോഗസ്ഥൻ റിങ്കൾറോബിയെ സ്വീകരിച്ചു് വേണ്ട പണവും ഭവനത്തിൽ ആവശ്യമുള്ള മററു സാമാനങ്ങളും ദാനം ചെയ്തു. "ഇദ്ദേഹവുമായിട്ടുണ്ടായ സന്ദർശനം എന്നെ വളരെ ശക്തിപ്പെടുത്തി" എന്നു് റിങ്കൽറേറാബു് എഴുതിയിരിക്കുന്നു. ഒരുദിവസം സമീപത്തു് സുഖക്കേടുള്ള ഒരു കുട്ടിക്കു് പിശാചു് ബാധിച്ചിരിക്കുന്നു എന്നും അതു് റിങ്കൽറേറാബിയുടെ പുരയിടത്തിലുള്ള ഒരു വൃക്ഷത്തിൽ കുടിയിരിക്കുന്നതാണെന്നും പറഞ്ഞു് മരത്തിൽ പൂജകൾ ചെയ്യുവാൻ ചില ഹിന്ദുക്കൾ ഒരുമ്പെട്ടപ്പോൾ അദ്ദേഹം അവരെ ഗുണദോഷിച്ചിട്ടും സമ്മതിക്കാതിരുന്നതിനാൽ ആ മരം നശിപ്പിച്ചു.

അടുത്ത പത്തുദിവസം സമുദ്രതീരത്തുള്ള സഭകൾ സന്ദർശിക്കാനായി നൂറുമൈലോളം ചുററി സഞ്ചരിച്ചു. വഴിയാത്രയിൽ ഉഷ്ണം കൊണ്ടും പ്രയാസംകൊണ്ടും

ക്ഷീണിക്കുമ്പോൾ ചില ക്രിസ്ത്യാനികൾ കൊടുക്കുന്ന മാതളപ്പഴം, മാങ്ങ, നൊങ്കു് മുതലായ സാധനങ്ങൾ വാങ്ങി ഭക്ഷിച്ചു വിശപ്പു് ശമിപ്പിച്ചു. ഇങ്ങനെ സഭാസന്ദർശനം കഴിഞ്ഞതിന്റെ ശേഷം മാർച്ചുമാസം 12-ാം തീയതി പാളയംകോട്ടയ്ക്കു് തിരികെ വന്നു് അവിടെ ഒരു മാസം താമസിച്ചു. നോമ്പു കാലമാകയാൽ ക്രിസ്തുവിന്റെ കഷ്ടപ്പാടുകളെക്കുറിച്ചു് ഇംഗ്ലീഷിലും തമിഴിലും പ്രസംഗങ്ങൾ ചെയ്കയും തിരുവത്താഴ ശുശ്രൂഷകൾ നടത്തുകയും ചെയ്തുപോന്നു. റിങ്കൽ റേറാബി തരങ്കംപാടിയിൽ താമസിച്ചിരുന്നപ്പോൾ മൈലാടിയിൽനിന്നും ഒരാൾ തഞ്ചാവൂരിൽ പോയി കോളഫ് സായ്പു് മുഖാന്തിരം തരങ്കാപാടിയിൽ ഒരു മിഷനറി തമിഴ് പഠിക്കുന്നു എന്നറിഞ്ഞതുകൊണ്ടു് അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു തിരുവിതാംകൂറിൽ വന്നു് വേല ആരംഭിക്കണമെന്നപേക്ഷിച്ചു. ഇപ്രകാരം അപേക്ഷിച്ച ആളിന്റെ പേരു് വേദമാണിക്യമെന്നാണു്. തിരുവിതാംകൂറിൽനിന്നും ആദ്യം ലണ്ടൻ മിഷനിൽ ചേന്നതു് ഇദ്ദേഹമായിരുന്നു.

തിരുവിതാംകൂറിൽ പ്രവേശിച്ചു് സുവിശേഷവേലചെയ്വാൻ കൊച്ചിയിൽ താമസിച്ചിരുന്ന ബ്രിട്ടീഷ് റെസിഡൻറു് കർണ്ണൽ മെക്കാളി, രാജാവിൽനിന്നും അനുമതിയും മററും വാങ്ങിക്കൊടുത്തു് റിങ്കൽറേറാബിയെ വളരെ സഹായിച്ചു. കർണ്ണൽമെക്കാളി പ്രസിദ്ധ ആംഗലേയ ഗ്രന്ഥകാരനായ മെക്കാളി പ്രഭുവിന്റെ ചിററപ്പനാണു്. ഈ മഹാനുഭാവൻ തിരുവിതാം

ക്കൂറിലെ ക്രൈസ്തവ സഭകളുടെ താങ്ങും തണലുമായിരുന്നു. "പിശാചുക്കളെ ആരാധിക്കുന്ന തിരുവിതാംക്കൂറിൽ ഞാൻ ഇതാ പോകുന്നു. അവിടെ എന്തെല്ലാം സംഭവിക്കുമെന്നു് എനിക്കറിഞ്ഞുകൂടാ. സുവിശേഷം പ്രസംഗിക്കുന്നതുമൂലം ചിലപ്പോൾ മരണംതന്നെ സംഭവിച്ചേക്കാം. എന്നാലും ഞാൻഭയപ്പെടുന്നില്ല. അവിടെ എന്റെ രക്ഷിതാവിന്റെ നാമത്തെ പ്രസിദ്ധപ്പെടുത്തുവാൻ എനിക്കു ഒരു നാവിൽ കൂടുതലില്ലല്ലോ എന്നോർത്തു ഞാൻ വ്യസനിക്കുന്നു." എന്നു് ഒരു സ്നേഹിതനയച്ച കത്തിൽ രേഖപ്പെടുത്തിയിരുന്നു.

1806-ാമാണ്ടു് ഏപ്രിൽമാസം 13-ാംതീയതി റിങ്കൽറേറാബി പാളയംകോട്ടയിൽനിന്നും തിരുവിതാംക്കൂറിലേക്കു് യാത്രതിരിച്ചു. സഞ്ചാരസൌകര്യത്തിനായി ഒരു സ്നേഹിതൻ കൊടുത്ത കുതിരപ്പുറത്താണു് അദ്ദേഹം യാത്രചെയ്തതു്. തെക്കൻഭാഗത്തുള്ള പല സഭകൾ സന്ദർശിച്ചു് ഏപ്രിൽമാസം 24-ാംനു- ആരുവാമൊഴിക്കു് ഏഴുമൈൽ കിഴക്കുള്ള വടക്കൻകുളം എന്ന സ്ഥലത്തു വന്നെത്തി. പിറേറദിവസം അതായതു് 1806 ഏപ്രിൽ 25-ാംനു- രാവിലെ അവിടെ നിന്നും പുറപ്പെട്ടു് ഉച്ചസമയത്തു മരുഭൂമിമാർഗ്ഗം ആരുവാമൊഴിപാതയിൽ പ്രവേശിച്ചു. അപ്പോൾ പച്ചപ്പട്ടിനാൽ ആച്ഛാദനം ചെയ്യപ്പെട്ടതോ എന്നു തോന്നുമാറു് പച്ച നിറത്തോടുകൂടിയ മലകളും, ക്ഷേത്രങ്ങളേയും കോട്ട കൊത്തളങ്ങളേയും വഹിച്ചിരിക്കുന്ന കുന്നുകളും മററു പല മനോഹര കാഴ്ചകളും റോഡിനു ഇരുവശ-

ങ്ങളിലുമായി വളൎന്നു പടൎന്നു് നില്ക്കുന്ന ആൽമരങ്ങളും മനസ്സിനെ ആനന്ദിപ്പിച്ചു. എന്നാൽ ഈ ഭൂമി ക്രിസ്തുമാൎഗ്ഗത്തിനു വിരോധികളായ ബ്രാഹ്മണരുടെ അധികാരത്തിലുൾപ്പെട്ട സ്ഥലമായതുകൊണ്ടു് എന്നോടുകൂടെ യാത്രചെയ്തിരുന്നവർ ഭയപ്പെട്ടു് ഓരോ കാലെടുത്തു വച്ചു നടന്നു. ആ സമയത്തുണ്ടായ ഒരു ചെറിയ സംഭവംകൊണ്ടു് ഞങ്ങൾ ബ്രിട്ടീഷ്കാരുടെ വക സ്ഥലത്തല്ലെന്നു മനസ്സിലാക്കി. ഞാൻ അല്പം ആശ്വസിക്കുന്നതിനു് ഒരു സത്രത്തിൽ കയറിയിരുന്നു. ഇതു് ബ്രാഹ്മണരുടെ വകയാണെന്നും ഞാൻ അവിടെനിന്നും മാറുന്നതുവരെയും അവരുടെ ദൈവം ഊണുകഴിക്കയില്ലെന്നും അവിടത്തെ അധികാരി അറിയിച്ചു. അവിടെനിന്നും തെക്കോട്ടു യാത്രചെയ്തു് മലകൾക്കു സമീപമുള്ള മൈലാടി എന്ന സ്ഥലത്തെത്തി.

165 വർഷങ്ങൾക്കു മുൻപു്, ലണ്ടൻമിഷനറി സമൂഹത്തിന്റെ ഒന്നാമത്തെ മിഷനറിയും, ക്രിസ്തുയേശുവിന്റെ ഒരു യഥാൎത്ഥ ശിഷ്യനുമായിരുന്ന ആ പുണ്യപുരുഷൻ തിരുവിതാംകൂറിൽ ഇദംപ്രഥമമായി വന്ന സംഗതിയാണു് മേൽ പ്രസ്താവിച്ചിട്ടുള്ളതു്. സ്ഥലപ്രകൃതി അന്നു് അദ്ദേഹം കണ്ടതുപോലെ തന്നെ ഇന്നും മനോഹരമായിരിക്കുന്നു. തിരുനൽവേലിയിൽനിന്നും എരിയുന്ന മരുഭൂമിയിൽക്കൂടിവരുന്ന ഒരു പ്രയാണിക്കു് ഇപ്പോഴും മനസ്സിനെ ആനന്ദിപ്പിക്കുന്ന ഒരു ഉദ്യാനം തന്നെയാണിതു്.

റിങ്കൽറേറാബി ബ്രിട്ടീഷ് റസിഡൻറിനെ കാണാൻ മൈലാടിയിൽനിന്നും യാത്രതിരിച്ച വഴിമദ്ധ്യേ റോമാക്കാരുടെ പള്ളിമേടകളിൽ താമസിച്ച് തിരുവനന്തപുരത്തു വന്നു. ഇവിടെ എത്തിയപ്പോൾ സർക്കാർജോലിക്കാരായിരുന്ന ചില ഈസ്റ്റിൻഡ്യാക്കാർ റിങ്കൾറേറാബിയെ സ്വീകരിച്ച് തൻെറ പ്രസംഗകേൾക്കയും അവരുടെയിടയിൽതന്നെ വേലചെയ്യണമെന്നപേക്ഷിക്കുകയും ചെയ്തു. ആ കൂട്ടത്തിൽതന്നെ വളരെ സ്നേഹിക്കയും ആദരിക്കയും ചെയ്ത ഒരാൾക്ക് റിങ്കൾറേറാബി ഒരു ബൈബിൾ സമ്മാനിച്ചു. തരങ്കംപാടിയിൽ താമസ്സിച്ചിരുന്നപ്പോൾ ചില ബ്രിട്ടീഷുകാർ തന്നെ അഞ്ചുതെങ്ങിലേക്കു ക്ഷണിച്ചിരുന്നു. അതിനാൽ കൊച്ചിയിലേക്കുള്ള യാത്രാമദ്ധ്യേ അഞ്ചുതെങ്ങിൽ പോകയുണ്ടായി. ബ്രിട്ടീഷുകാക്കു തിരുവിതാകൂറിൽ ആദ്യം കിട്ടിയ സ്ഥലം അഞ്ചുതെങ്ങാണ്. തിരുവിതാംകൂർ രാജകുടുംബത്തിൻെറ ഒരു ശാഖയായിരുന്ന ആററിങ്ങൽ റാണിയായിരുന്നു ഇതു് ഇവക്കു കൊടുത്തതു്. ഇവിടെ 1654-ാംവർഷം ഇംഗ്ലീഷുകാർ ഒരു വാണിജ്യശാലകെട്ടി കച്ചവടംചെയ്തുവന്നു. റിങ്കൾറേറാബി അഞ്ചുതെങ്ങിൽ വെച്ച് മലബാർ അപ്പോസ്തോലിക്കു വികാരിയും സുറിയാനി ബിഷോപ്പുമായിരുന്ന റയിമണ്ടു എന്ന ദേഹത്തെകണ്ടു് സഭാസംബന്ധമായ പല സംഗതികളെപ്പററി സംഭാഷിക്കയുണ്ടായി. അവിടെനിന്നും തിരിച്ച് കൊല്ലം, ആലപ്പുഴ മുതലായ സ്ഥലങ്ങളിൽ കൂടെ സുവിശേഷം പ്രസംഗിച്ചുകൊണ്ടു്

സഞ്ചരിച്ച് ഒടുവിൽ കൊച്ചിയിലെത്തി കർണ്ണൽ മെക്കാളിയുടെ ബംഗ്ലാവിൽ ചെന്നുചേൎന്നു. റസിഡൻ്റ് ഇദ്ദേഹത്തെ സന്തോഷപുരസ്സരം സ്വീകരിച്ചു സല്ക്കരിക്കുകയും വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കയുംചെയ്തു. മാത്രമല്ല ഈ ദൈവഭക്തൻെറ കൂട്ടാസ്മ ഒരു വലിയ ഭാഗ്യമായി കരുതി. കർണ്ണൽമെക്കാളിയുടെ ഗൃഹനടപടികളേയും ആ ഭവനത്തിൽ പ്രശോഭിച്ചിരുന്ന ക്രിസ്തീയ അന്തരീക്ഷവും സമാധാനവും മററും കുറിച്ചിരിക്കുന്ന റിങ്കൽറേറാബിയുടെ ഡയറി ഈ ബഹുമാനപ്പെട്ട ബ്രിട്ടീഷ് രാജപ്രതിനിധിയുടെ ഒരു നല്ല സ്മാരകമായിരിക്കുന്നു. കൊച്ചിയിലുള്ള യഹൂദന്മാരെയും അവരുടെ പള്ളികളേയും സന്ദശിച്ച് അവരിൽനിന്നും പല വിശേഷകാൎയ്യങ്ങൾ ഗ്രഹിച്ചു. ഇവിടെ പ്രോട്ടസ്റ്റൻ്റ് ക്രിസ്ത്യാനികളുമുണ്ടായിരുന്നു. എന്നാൽ ഒരു മിഷനറി പോലും ഇല്ലാതിരുന്നതുകൊണ്ട് താൻ കൊച്ചിയിൽ താമസിച്ചു വേലചെയ്യണമെന്നു കർണ്ണൽമെക്കാളി അഭിപ്രായപ്പെട്ടു. എന്നാൽ ഈ അഭിപ്രായം സ്വീകരിക്കാൻ നിവൃത്തിയില്ലായിരുന്നു. മൈലാടിയിൽ ഒരു പള്ളിപണിയുന്നതിനു് സക്കാർ അനുവാദം വാങ്ങിക്കൊടുക്കണമെന്നു പറഞ്ഞപ്പോൾ റസിഡൻ്റ് അതു സമ്മതിക്കയും. മാത്രമല്ല കെട്ടിടത്തിൻെറ മുഴുവൻ ചെലവും താൻ വഹിച്ചുകൊള്ളാമെന്നും പറഞ്ഞു. കർണ്ണലിൻെറ സ്നേഹസല്ക്കാരങ്ങൾക്കും സഹായങ്ങൾക്കും നന്ദിപറഞ്ഞുകൊണ്ട് കൊച്ചിയിനിന്നും സഞ്ചരിച്ചു കൊല്ലത്തു് വന്നുചേൎന്നു. അവിടെയുണ്ടായിരുന്ന

കണ്ണൽമെക്കാളിയുടെ മരുമകനായ ഡാക്ടർ മെക്കാളിയുടെ സഹായത്താൽ വേലുത്തമ്പി ദിവാൻജിയെക്കണ്ടു് മൈലാടിയിൽ ഒരു പള്ളി പണിയാൻ അനുവാദം കിട്ടണമെന്നപേക്ഷിച്ചു. മറുപടിയായി നിങ്ങൾ ഏതു കൂട്ടരാണെന്നു് ദിവാൻജി ചോദിച്ചു. അതിനു മറുപടിയായി കണ്ണൽമെക്കാളിയുടെ മാർഗ്ഗക്കാരാണെന്നു പറഞ്ഞപ്പോൾ അങ്ങനെ ഒരു മാർഗ്ഗക്കാരുണ്ടെന്നു കേട്ടിട്ടില്ലെന്നു ദിവാൻജി വീണ്ടും പറഞ്ഞു. തുടന്നു റിങ്കൽറേറാബി പ്രോട്ടസ്റ്റന്റ് മാർഗ്ഗത്തിൻെറ വിശേഷ സത്യങ്ങൾ വേലുത്തമ്പിദളവയെ ധരിപ്പിച്ചു. മാമൂലിനു വിരോധമായി പള്ളി പണിയാൻ സമ്മതിക്കയില്ലെന്നു ദിവാൻജി ശഠിച്ചു. ഇതു കേട്ടു് അത്യധികം വ്യസനിച്ചു എന്നാൽ കണ്ണൽമെക്കാളിയുടെ വാഗ്ദാനത്തിൽ സമാധാനപ്പെട്ടു നേരെ യാത്രതുടന്നു് ജൂലായിമാസം 10–ാംനു- വീണ്ടും പാളയംകോട്ടയിൽചെന്നു.

806 സെപ്റ്റംബർ 12–ാംതീയതി റിങ്കൾറേറാബി തൻെറ ഡയറിയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: "ഞാൻ തിരികെ പാളയംകോട്ടയിൽ വന്നപ്പോൾ സ്നേഹിതന്മാർ സമ്മാനിച്ച 80 പെഗോഡാ കൊണ്ടു് പള്ളിയുടെ അററകുററങ്ങൾ തീൎത്തു. കാലത്തും വൈകിട്ടും പ്രാൎത്ഥനായോഗങ്ങളും ഞായറാഴ്ച തോറും ഇംഗ്ലീഷിലും തമിഴിലും ആരാധനകളും നടത്തിവരുന്നു. എൻെറ വേലയിൽ എന്നെ പ്രോത്സാഹിപ്പിക്കുന്ന സ്ഥലവാസികളായ മാന്യവ്യക്തികളോടു ഞാൻ വളരെ നന്ദിയുള്ളവനായിരിക്കുന്നു. ഇംഗ്ലീഷ്

ആരാധനയിൽ 20 മുതൽ 45 വരെ ജനങ്ങൾ സംബന്ധിക്കുന്നുണ്ട്. ഞാൻ ഇവിടെ വന്നതിനുശേഷം അഞ്ചുപ്രാവശ്യമായി 500 മൈലോളം സഞ്ചരിച്ച് സഭകൾ സന്ദർശിച്ചു. ഈ യാത്രകൾ പണച്ചെലവും ശാരീരികക്ലേശവും ഉള്ളതാണെങ്കിലും സഭകളുടെ നന്മയ്ക്ക് ഇതു് അത്യാവശ്യമാണ്. ഞാൻ ആഗസ്റ്റമാസം തൂത്തുക്കുടിയിൽ താമസിച്ചപ്പോൾ ദൈവഭക്തനായ ക്ലീവർ എന്നു പേരുള്ള ഒരു ഡച്ചുമിഷനറിയുമായി പരിചയപ്പെട്ടു. അദ്ദേഹവുമായുള്ള കൂട്ടായ്മകൊണ്ട് എൻെറ മനസ്സ് ഉണർത്തപ്പെട്ടു. എൻെറ വേലയുടെ അതിർത്തിസ്ഥലം വളരെ വിശാലമായിരുന്നതിനാലും തമിഴ് ഭാഷയിലുള്ള പരിജ്ഞാനക്കുറവുകൊണ്ടും സ്നാനത്തിനു വരുന്ന ജനങ്ങളുടെ യഥാർത്ഥനില മനസ്സിലാക്കാൻ പ്രയാസമായിരുന്നു. അതുകൊണ്ട് ഉത്തമന്മാരായ രണ്ടു ഉപദേശിമാർക്കു സ്നാനശുശ്രൂഷ നടത്താൻ അനുവാദം കൊടുത്തിരിക്കുന്നു. എന്റെ കുടുംബക്കാരിൽനിന്നും സംഘം ഡയറക്ടേഴ്സിൽനിന്നും മററു പല സ്നേഹിതന്മാരിൽനിന്നും കിട്ടിയ എഴുത്തുകൾ ഹൃദയത്തിനു ആനന്ദവും സന്തോഷവും നൽകുന്നതാണ്. മൈലാടിയിൽ പള്ളി പണിയിക്കാൻ അനുവാദം തരാമെന്നു തിരുവിതാംകൂർ ദിവാൻ അറിയിച്ചിരിക്കുന്നു. ഈ ഗുണകരമായ സംഗതിക്കുവേണ്ടി പ്രവർത്തിച്ച കർണ്ണൽമെക്കാളിയോട് നമ്മുടെ സംഘം വളരെ കടപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിൻെറ സഹായം ഇല്ലായിരുന്നു എങ്കിൽ ക്രിസ്തീയമിഷനറിമാൎക്ക്

തിരുവിതാംകൂറിൽ കാൽചവിട്ടുവാൻ സാധിക്കയില്ലായിരുന്നു. പാളയംകോട്ടയിലുള്ള രണ്ടു യുവാക്കളായ യൂറോപ്യന്മാരെ സുവിശേഷവേലക്കായി അഭ്യസിപ്പിച്ചുകൊണ്ടിരിക്കുന്നു. എന്റെ വരുമാനത്തിൽ നിന്നുമാണു് അവരുടെ ചെലവുകളും സന്ധിക്കുന്നതു്. കുറെ യുവാക്കളെ ഒരു സിമ്മനാരിയിൽ ചേൎത്തു പഠിപ്പിക്കാൻ വളരെ ആഗ്രഹിക്കുന്നു. എന്നാൽ ഈ ആഗ്രഹം എപ്പോഠം നിറവേററുവാൻ സാധിക്കും എന്നു് അറിഞ്ഞുകൂടാ. എന്റെ പ്രയാസങ്ങളിൽ ദൈവം എനിക്കു വേണ്ട സഹായം തരുന്നു. ക്രിസ്തുവിനെ രക്ഷിതാവും ദൈവവുമായി വിശ്വസിക്കുന്ന ഏവരേയും സ്നാനപ്പെടുത്താമെന്നുള്ള രീതിയിലാണു് ഞാൻ വേലചെയ്തുവരുന്നതു്. സാധാരണ സ്നാനപ്പെടാൻ വരുന്നവർ വിശ്വാസപ്രമാണം, പത്തുകല്പന, കൎത്താവിന്റെ പ്രാൎത്ഥന, സ്നാനം, തിരുവത്താഴം ഇവയുടെ അൎത്ഥം മനസ്സിലാക്കണം. എന്നാലും മററു സ്ഥലങ്ങളിലെപ്പോലെ ഇവിടെയും അല്പം ഗോതമ്പും വളരെ കളയും കണ്ടേക്കാം. ചില സമയങ്ങളിൽ ആത്മീക എരിവോടുകൂടിയ പ്രാൎത്ഥനകളും ഹൃദയത്തിൽനിന്നുവരുന്ന നെടുവീൎപ്പും ഞാൻ കേഠക്കുന്നുണ്ടു്. സത്യസുവിശേഷപാഥയിൽ നടക്കുന്ന ഒരു ചെറിയകൂട്ടം ഇവിടെയുണ്ടു്. ആദ്യം ചില ഉദ്ദേശങ്ങളോടുകൂടി ക്രിസ്തുമാൎഗ്ഗത്തിൽ ചേൎന്നാലും കാലക്രമംകൊണ്ടു് വിശിഷ്യാ മരണം സമീപിക്കുന്തോറും ഈ രക്ഷയിൻ ശക്തി അവരുടെ ഹൃദയത്തിൽ പ്രശോഭിക്കുന്നുണ്ടു്. ലൌകീകസ്ഥാനം, സ്വാൎത്ഥത മുതലായ താഴ്ന്ന ഉദ്ദേശങ്ങളോടുകൂടി പന്ത്രണ്ടു

ശിഷ്യന്മാർ ക്രിസ്തുവിനെപിൻതുടന്നില്ലയോ. എന്നിട്ടും കത്താവു് അവക്ക് സ്ഥാനം വിലക്കിയില്ല. അവരെ ഉത്തമവും ഉന്നതവുമായ ലാക്കിങ്കലേക്ക വഴിനടത്തി. കല്ലിനേയും, മരത്തേയും മററു പലതിനേയും ആരാധിച്ചുവന്ന ഇവർ ഇപ്പോഠം സ്വൎഗ്ഗീയ ദൈവത്തെ വന്ദിക്കുന്നു. സവ്വശക്തനായ ദൈവത്തെക്കുറിച്ചു കേഠക്കുന്നതു് ഒരിക്കലും വ്യഥാവായിപ്പോകയില്ല.

---

## അദ്ധ്യായം 6

മൈലാടിയിൽ ഒരു പള്ളി പണിയിക്കുന്നതിനു് റിങ്കഠറോബി ദിവാൻജിയുടെ ആജ്ഞപ്രകാരം ആളയച്ചപ്പോഠം അദ്ദേഹം അനുവാദം കൊടുക്കാൻ മനസ്സില്ലാതെ, മഹാരാജാവു് ആണ്ടവസാനത്തിൽ ശുചീന്ദ്രത്തേക്കു് എഴുന്നെള്ളുമ്പോഠം അനുവാദം തരാമെന്നു പറഞ്ഞയച്ചു. ഉടനെ റിങ്കഠറോബി ദിവാൻജി പറഞ്ഞ വിവരം കാണിച്ചു് കർണ്ണൽമെക്കാളിയുടെ പേൎക്കു് ഒരു എഴുത്തയച്ചു. പള്ളി കെട്ടിക്കാൻ വേഗം അനുമതി വാങ്ങിതരണമെന്നും പള്ളി പണിക്കു വേണ്ട ധനസഹായം ചെയ്യണമെന്നും അപേക്ഷിച്ചു. ഈ സമയം തിരുവിതാംകൂറിലുള്ള സുറിയാനി സഭകളുടെ സ്ഥിതിയേയും, വിശ്വാസരീതി മുതലായവയേയും, അവയുടെ അഭിവൃദ്ധിക്കുള്ള മാൎഗ്ഗങ്ങളേയും സംബന്ധിച്ചും പടിഞ്ഞാറെ തീരത്തുള്ള ക്രിസ്തീയസമുദായങ്ങളുടെ

യഥാർത്ഥനിലയെ കാണിച്ചും റിപ്പോർട്ടു ചെയ്യാനായി ഇൻഡ്യാഗവമ്മെൻറ് പ്രസിദ്ധനായ ഡാക്ടർ ബ്യക്കാനാൻ സായ്പിനെ ഇവിടേക്കയച്ചു. ഡാക്ടർ ബ്യക്കാനാൻ 1806 അക്ടോബർ മാസത്തിൽ തിരുവനന്തപുരത്തെത്തി. ഒരാഴ്ചയോളം മഹാരാജാവിൻെറ അതിഥിയായി അവിടെ താമസിച്ചു. മഹാരാജാവു് ഇദ്ദേഹത്തിനു് സുറിയാനിപ്പള്ളികൾ സന്ദർശിക്കാൻ വേണ്ട സൌകയ്യങ്ങൾ ഉണ്ടാക്കിക്കൊടുത്തു. ഡാക്ടർ ബ്യക്കാനാൻ, മൈലാടിയിൽ ഒരു പള്ളി പണിയിക്കാൻ അനുവാദം കൊടുക്കണമെന്നു് താല്പയ്യമായി പറഞ്ഞു. മഹാരാജാവു് വളരെചെറുപ്പമായിരുന്നു. കൂടെയുണ്ടായിരുന്ന ബ്രാഹ്മണർ ഇംഗ്ലീഷുകാരുടെ മാൎഗ്ഗം ഇവിടെ സ്ഥാപിക്കാൻ അനുവാദം കൊടുത്താൽ കാലക്രമംകൊണ്ടു രാജ്യം മുഴുവനും അവരുടെ അധീനത്തിൽ ആയിപ്പോകുമെന്നു് ആലോചനപറഞ്ഞു. എന്നിട്ടും മഹാരാജാവു് ഡാക്ടർ ബ്യക്കാനനോടു് "അവിടെ പോയി സ്ഥലമെല്ലാം നോക്കി അനുവാദം കൊടുക്കാം" എന്നു മറുപടി കൊടുത്തു. ഈ സന്തോഷവാൎത്ത റിങ്കൽറോബിയെ അറിയിച്ചു.

കൂടാതെയും ഡോക്ടർ ബ്യക്കാനാൻ സുറിയാനി പള്ളികൾ സന്ദശിച്ച വിവരവും, റിങ്കൽറോബിക്കു് എഴുതുകയും, തമിഴ വേദപുസ്തകംവാങ്ങി സാധുക്കൾക്കു് കൊടുക്കാനായി 100 പെഗോഡാ അയച്ചുകൊടുക്കുകയും ചെയ്തു. അക്കാലത്തു് വേദപുസ്തകം സീഗൻബോൽക്കു്, ഫാബ്രിക്കാസു് എന്ന മിഷനറിമാരുടെ

പരിശ്രമത്താൽ തമിഴ ഭാഷയിൽ തർജ്ജിമചെയ്തിരുന്നു. ഇതു് മലയാളത്തിലും ഉടൻ പരിഭാഷപ്പെടുത്താൻ ഡാക്ടർ ബുക്കാനാൻ റിങ്കൽറേറാബിയോടു് ആലോചിച്ചു. റിങ്കൽറേറാബി അതിനു് വേണ്ട സഹായങ്ങൾ ചെയ്കയും, ആലോചനകൾ പറഞ്ഞുകൊടുക്കയും ചെയ്തു. ഇതുസംബന്ധമായി റിങ്കൽറേറാബിക്കു് ഡാക്ടർ ബുക്കാനാൻ അയച്ച ഒരു എഴുത്തിൽ ഇപ്രകാരം കാണുന്നു: "ദയവുചെയ്തു് ഒരു തമിഴു് വേദപുസ്തകം ഉടൻ തപാൽമാഗ്ഗം അയച്ചുതരണം. തമിഴിൽ 8-ാം പതിപ്പു വേദപുസ്തകമാണു് ഏററവും നല്ലതെന്നു വിചാരിക്കുന്നു. വേദപുസ്തകം മലയാളത്തിൽ ഭാഷാന്തരം ചെയ്യാൻ ഞാൻ വളരെ താല്പയ്യപ്പെടുന്നു. ഇതിനുവേണ്ടി 5000 രൂപാ ചെലവാക്കാൻ ഞാൻ തയ്യാറായിരിക്കുന്നു. 2 ലക്ഷം ക്രിസ്ത്യാനികൾ വേദപുസ്തകം അവരുടെ സ്വഭാഷയിൽ കാണാൻ അത്യധികം ആഗ്രഹത്തോടെ കാത്തിരിക്കുന്നു. റോമൻ കത്തോലിക്കു് ബിഷോപ്പും വേദപുസ്തകം അവരുടെ ഇടവകകളിൽ ചിലവാക്കാമെന്നു് ഏററിട്ടുണ്ടു്. തർജ്ജമ വേഗം തീരുമെന്നു വിചാരിക്കുന്നു. ആദ്യം പുതിയ നിയമം അച്ചടിക്കണം. വലിയ പ്രയാസം കൂടാതെ എബ്രായാ, സുറിയാനി വേദപുസ്തകങ്ങൾ എനിക്കു കിട്ടി."

റിങ്കൽറേറാബി ഈ സന്തോഷവാത്ത അറിഞ്ഞു ഉടനെ തൻെറ കയ്യിൽ ഉണ്ടായിരുന്ന ഒരു തമിഴു് വേദപുസ്തകം ഡാക്ടർ ബുക്കാനാനു അയച്ചുകൊടുത്തു.

റിങ്കൽടേറാബി മുൻ പ്രസ്താവിച്ച സക്കാർ അനുവാദത്തിന്നുവേണ്ടി കുറെക്കാലം കാത്തിരുന്നിട്ടും കിട്ടിയില്ല. ഇതിനിടയിൽ കൊട്ടാരത്തിൽ ചില കുഴപ്പങ്ങൾ നേരിട്ടു. അതിനാൽ ബ്രിട്ടീഷ് ഇൻഡ്യയിൽ തന്നെ താമസിക്കാമെന്നു നിശ്ചയിച്ച് 1806 ഡിസംബർ മാസത്തിൽ പാളയംകോട്ടയിൽനിന്നും മധുര, പഴനിമല, തൃശ്ശിനാപ്പള്ളി, ശിവലിഅടി, രാമനാട്ട് മുതലായ സ്ഥലങ്ങളിലേക്ക് യാത്രതിരിച്ചു. അഞ്ചാഴ്ചക്കകം നാനൂറമൈൽ യാത്രചെയ്തു. മഹമ്മദീയരോടും ഹിന്ദുക്കളോടും സുവിശേഷം പ്രസംഗിച്ചു. ഈ യാത്രയിൽ സ്വാർച്ച്, ജീനിക്ക്, കോളഫ്, ഗേറിക്ക് മുതലായ ഭക്തന്മാരാൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള സഭകൾ സന്ദർശിച്ച് അവിടെയുള്ള ക്രിസ്ത്യാനികളെ ഇടയനില്ലാത്ത ആടുകളെപ്പോലെ കണ്ടിട്ട് മനസ്സലിഞ്ഞു. ഇതോടുകൂടെ ഹിന്ദുക്കളുടെ ക്ഷേത്രങ്ങളും അവരുടെ പുണ്യസ്ഥലങ്ങളും കണ്ടു് അവരുടെ മാർഗ്ഗസംബന്ധമായ ആചാരങ്ങളും നടപടികളും മനസ്സിലാക്കി. തിരികെ 1807 ജനുവരിമാസത്തിൽ പാളയംകോട്ടയിൽ വന്നുചേൎന്നു. ഈ സഞ്ചാരത്തെക്കുറിച്ച് താഴെ പറയുംപ്രകാരം എഴുതിയിരിക്കുന്നു: "ഈ ദേശാടനത്തിൽ എനിക്ക് ദേഹസുഖമുണ്ടായിരുന്നതു കൂടാതെ ആത്മീകശക്തിയും വിശ്വാസവും വർദ്ധിക്കയും സർവ്വശക്തനായ രക്ഷിതാവിൽ അധികം ആശ്രയിക്കാൻ ഇടയാകയും ചെയ്തു. അവൻെറ ശുശ്രൂഷയ്ക്കു് എന്നെ പൂർണ്ണമായി പ്രതിഷ്ഠിച്ചിരിക്കുന്നു. ഇങ്ങനെ

യുള്ള നല്ല തീരുമാനങ്ങൾ ഉണ്ടായാലും ഞാൻ അയോഗ്യൻ എന്നു് എന്നെത്തന്നെ എണ്ണുന്നു. ദൈവഇഷ്ടം ഏതോ അതിനു് ഞാൻ കീഴ്പെടുന്നു. ഞാൻ തൃശ്ശിനാപ്പള്ളിയിൽ ആയിരുന്നപ്പോൾ ദൈവകൃപയാൽ എൻെറ ആത്മാവു് വളരെ തീക്ഷ്ണത പ്രാപിച്ചിരുന്നു. ഞാൻ അതിധൈര്യത്തോടെ ദൈവവചനം ഇതരമതസ്ഥക്കു് പ്രസംഗിപ്പാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു. ഞാൻ പ്രകൃത്യാതന്നെ അധൈര്യമുള്ളവനാകയാൽ ആവശ്യമുള്ള ദൈവീക ശക്തിക്കുവേണ്ടി ഇടവിടാതെ പ്രാത്ഥിക്കുന്നു."

1807 മാർച്ചുമാസം 1-ാംനു- റിങ്കൽറേറാബി രണ്ടാംപ്രാവശ്യം ആരുവാമൊഴി കോട്ടവാതിൽ കടന്നു് സന്ധ്യാസമയം മൈലാടിയിൽ എത്തി. ജ്ഞാനസ്നാനത്തിനു കാത്തിരുന്ന ആളുകളെ എല്ലാം ഒരു മുററത്തു വിളിച്ചുകൂട്ടി പ്രസംഗിച്ചു് സ്നാനപ്പെടുത്തി. "ഇവർ മഹോപദ്രവത്തിൽ നിന്നു വന്നവരാണു്" എന്ന വിഷയത്തെക്കുറിച്ചായിരുന്നു പ്രസംഗം. ക്രിസ്തുമാഗ്ഗത്തിന്റെ വെളിച്ചം ലേശംപോലുമില്ലാത്ത ഇവിടെ പുതുതായി ക്രിസ്തുവിനെ സ്വീകരിക്കുന്നവർ സകലവിധ കഷ്ടതകളും ഉപദ്രവങ്ങളും സഹിപ്പാൻ തയാറായിരിക്കണം എന്നും അവക്കുപദേശിച്ചു. അവർ അതിനു് ഒരുങ്ങിയിരിക്കുന്നു എന്നു പറഞ്ഞതു് റിങ്കൽറേറാബിയ്ക്കു് അത്ര വിശ്വാസമായി തോന്നിയില്ല.

തിരുവിതാംകൂറിൽ ഒരു പള്ളിപണിയിക്കാൻ സാധിക്കാത്തതുകൊണ്ടു് റിങ്കൽറേറാബി തിരുവിതാംകൂർ

അതിർത്തിയിൽപെട്ട അഞ്ചുഗ്രാമം എന്ന സ്ഥലത്തിനു സമീപം ബ്രിട്ടീഷുകാരുടെ കരിങ്കുളത്തിൽ ഒരു വലിയ പുരയിടം വാങ്ങി അതിനെ കാനാവൂർ എന്നു നാമകരണം ചെയ്കയും, അവിടെ ഒരു പള്ളി പണിയിക്കയും ചെയ്തു. അടുത്തു് ഒരു പെഗോഡാ കൊടുത്തു് പത്തടി നീളം ആറടി വീതിയുള്ള ഒരു ചെറിയകെട്ടിടം വാങ്ങി അതിൽ അദ്ദേഹം താമസിച്ചു. കുട്ടികളെ സംഗീതം പഠിപ്പിക്കാൻ കാനാവൂരിൽ ഒരു സ്കൂൾ ഏർപ്പെടുത്തി. ഇതിനെക്കുറിച്ചു് "ഇതു ഫലമില്ലാത്ത ഒരു ജോലിയാണെന്നു യൂറോപ്പിലുള്ള തൻെറ സ്നേഹിതന്മാർക്കു പറയാൻ കഴികയില്ല. ഈ കുട്ടികൾക്കു് ഒരു മുരട്ടു ശബ്ദമായിട്ടേ പാടുവാൻ സാധിക്കുകയുള്ളു. അവർ ജീവൻ ഉപേക്ഷിച്ചാലും സപ്തസ്വരം മൂന്നു് നോട്ടിൽ കൂടുതൽ പാടാൻ സാധിക്കയില്ല" എന്നുപറഞ്ഞിരിക്കുന്നു.

റിങ്കൽറേറാബി കാനാവൂരിൽ താമസിച്ചതു് അവിടെയുള്ള ബ്രാഹ്മണർക്കു് അശേഷം തൃപ്തികരമല്ലായിരുന്നു. ഇവർക്കും മററുള്ള ജാതിക്കാർക്കും തമ്മിൽ ഒരു പുരയിടത്തെക്കുറിച്ചു തർക്കമുണ്ടായിരുന്നു. നാലുപ്രാവശ്യം സിവിൽ വ്യവഹാരത്തിൽ തോററു പോയിട്ടും മററാരും കൈവശപ്പെടുത്താൻ ബ്രാഹ്മണർ സമ്മതിച്ചില്ല. അതുകൊണ്ടു് റിങ്കൽറേറാബി വസ്തുവിനടുത്തു താമസിക്കുന്നതിനു് അവർക്കൊട്ടും സന്തോഷമില്ലായിരുന്നു. മററുള്ള ജാതിക്കാർ അദ്ദേഹം തങ്ങളുടെ ഇടയിൽ താമസിക്കുന്നതിനു് വളരെ താല്പര്യപ്പെട്ടു.

അവരും ബ്രാഹ്മണരുമായുള്ള മത്സരത്തിൽ റിങ്കൽ റേറാബി തങ്ങളെ സഹായിക്കുമെന്നു അവർ വിചാരിച്ചു. ഒരു ദിവസം വൈകിട്ടു് ആ ഗ്രാമത്തിലുള്ള ക്രിസ്ത്യാനികളെ കാണാനായി റിങ്കൽറേറാബി പോയപ്പോൾ ബ്രാഹ്മണർ പുറകേചെന്നു് ഉച്ചത്തിൽ ശബ്ദം പുറപ്പെടുവിച്ചു് അധിക്ഷേപിച്ചു. പിറേറദിവസം കാലത്തും താൻ താമസിക്കുന്ന സ്ഥലത്തുവന്നു് അരമണിക്കൂർ നേരം ശകാരവർഷം ചെയ്തു. ആ സമയത്തു് വഴിയാത്രക്കാരനായ ഒരു മഹമ്മദീയൻ തന്റെ സ്നേഹിതനോടുകൂടെ വന്നു് അവരെ ഭയപ്പെടുത്തി ഓടിച്ചുകളഞ്ഞു. കുറെദിവസം കഴിഞ്ഞു് ബ്രാഹ്മണരുടെ ഉപദ്രവം സഹിക്കവയ്യാതെ അവിടെയുണ്ടായിരുന്ന സ്ഥലവും മററും ക്രിസ്ത്യാനികളെ ഏല്പിച്ചിട്ടു് അദ്ദേഹം പാളയംകോട്ടയിൽ പോയി. അവിടെവെച്ചു തന്റെ സ്വദേശമായ ജർമ്മനിയും ഫ്രാൻസും തമ്മിലുണ്ടായ യുദ്ധത്തെക്കുറിച്ചു കേട്ടു. "എന്റെ വാത്സല്യദേശം ഫ്രഞ്ചു പട്ടാളത്താൽ ആക്രമിക്കപ്പെട്ടു പോയി. ഈ ഭയങ്കരസമയം എന്റെ സ്വന്തകുടുംബക്കാരുടെ സ്ഥിതി എന്തായിരിക്കുമെന്നോർത്തു് ഞാൻ വളരെ വ്യസനിക്കുന്നു" എന്നെഴുതിയിരിക്കുന്നു. അതോടുകൂടെ റിങ്കൽറേറാബി ഒരു സുഖക്കേടിനാൽ ബാധിക്കപ്പെട്ടു് കുറേ ദിവസം കിടപ്പിലായി. അനന്തരം രാമനാട്ടിൽനിന്നും ഒരു ഡാക്ടർ വന്നു് ചികിത്സിച്ചു് ദീനം സുഖപ്പെട്ടു. "എനിക്കുണ്ടായ ഉപദ്രവങ്ങൾ ഗുണകരമായി ഭവിച്ചു. ഈ സുഖക്കേടു് കർത്താവിനോടു് അധികം അടുക്കുന്ന

തിന്നു കാരണമായിത്തീൻ. അവൻെറ സന്നിധാനം എൻെറ ആശ്വാസം. അതിനാൽ ഈ കാലം എൻെറ ജീവിതത്തിൽ വളരെ ഭാഗ്യമുള്ളതാണു്. രാമനാട്ടിൽ നിന്നും വന്ന ഡോക്കടരോടു് ഞാൻ വളരെ നന്ദിയുള്ളവനായിരിക്കുന്നു. അയാളുടെ സഹതാപവും ക്രിസ്തീയ പെരുമാററവും ലോകപ്രസിദ്ധമാണു്. കർത്താവുതന്നെ അയാളുടെ വേലയ്ക്കുതക്ക പ്രതിഫലം നൽകുമാറാകട്ടെ" എന്നു് എഴുതിയിരിക്കുന്നു.

റിങ്കൽറേറാബിയ്ക്കു് മനോസുഖമില്ലാതിരുന്ന ഈ അവസരത്തിൽ ഡയറക്ടേഴ്സിൽനിന്നു് എഴുത്തുകളും അനേകം പുസ്തകങ്ങളും ലഘുലേഖകളും അന്യസ്ഥലങ്ങളിലെ സുവിശേഷപ്രാബല്യത്തെക്കുറിച്ചു് പ്രസ്താവിച്ചിരുന്ന വർത്തമാനപത്രങ്ങളും വന്നുചേൻ. "ഇന്നു് എഴുത്തുകൾ, മിഷനറിപ്പത്രങ്ങൾ ആദിയായവ വായിച്ചതുകൊണ്ടു് വളരെ സന്തോഷമായിരിക്കുന്നു. എൻെറ അയൽവാസികളിൽനിന്നും ഉപദ്രവങ്ങൾ നേരിടുന്നതിനിടയിൽ വിദേശങ്ങളിൽ താമസിക്കുന്ന സ്നേഹിതന്മാരുടെ ലേഖനങ്ങളും ഇതരസ്ഥലങ്ങളിൽ മിഷനറിമാർ ചെയ്യുന്ന വേലയെ സംബന്ധിച്ച വിവരങ്ങളും എന്നെ ശക്തിപ്പെടുത്തുന്നു" എന്നെഴുതിയിരിക്കുന്നു. എത്രതന്നെ ബലഹീനാവസ്ഥയിൽ ഇരുന്നിട്ടും ഇംഗ്ലീഷ്, തമിഴ് ആരാധനകൾ, തിരുവത്താഴം മുതലായവ മുടക്കം കൂടാതെ നടത്തിവന്നു. റിങ്കൽറേറാബി ജൂൺ മാസത്തോടുകൂടെ പൂർണ്ണസൌഖ്യം പ്രാപിക്കയും

പാളയംകോട്ടയിൽനിന്നു് പുനലൂർ എന്ന സ്ഥലത്തു വന്നു് താമസിക്കയും അതിനടുത്തുള്ള ഗ്രാമങ്ങളിൽ സുവിശേഷവേല ചെയ്കയും ചെയ്തുകൊണ്ടു് മൂന്നുമാസം കഴിച്ചുകൂട്ടി. പുനലൂരിന്നു് നാലുമൈൽ ദൂരമുള്ള "തരുവെ" എന്ന സ്ഥലം സുഖവാസത്തിന്നു യോജിച്ചതായതു കൊണ്ടു് അവിടെ കുറെ ഭൂമി വാങ്ങി പള്ളിയും ഒരു ചെറിയ വീടും പണിയിച്ചു് അവിടെ താമസിച്ചു. ഇതിനടുത്തു് "നന്ദൻഗോപാൽപുരം" എന്ന സ്ഥലത്തു് ചില ഹിന്തുക്കൾ കുടുംബസഹിതം ക്രിസ്ത്യാനികളായി. അവിടെ ഒരു ഹിന്തു ഒരു ദർശനം കണ്ടതായി പ്രസ്താവിച്ചു. അതായതു് ആ ഗ്രാമദൈവമായ ഗോപാലനെ ഉപേക്ഷിച്ചു് ആളുകൾ ക്രിസ്തുമാൎഗ്ഗം അവലംബിച്ചതു കൊണ്ടു് ദേവൻ ഗ്രാമംവിട്ടു് നിലവിളിച്ചുകൊണ്ടു് കാട്ടിലേയ്ക്കു പോയെന്നും ജനങ്ങൾ പതിവുപോലെ പൂജകൾ മുതലായവ ചെയ്യാത്തപക്ഷം അവൻ ദുർഭൂതങ്ങളെ അയച്ചു് ഗ്രാമത്തിൽ ക്ഷാമം, വസന്ത, മഹാവ്യാധികൾ മുതലായവമൂലം മനുഷ്യരേയും മൃഗങ്ങളേയും നശിപ്പിച്ചുകളയുമെന്നുമായിരുന്നു. അറിവില്ലാത്ത ചില ക്രിസ്ത്യാനികൾ ഇതുകേട്ടു് ഭയാകുലന്മാരായി വീണ്ടും പൂജകൾ ചെയ്‌വാൻ ഭാവിച്ചു. ഉടനെ ദൈവഭൃത്യനായ അബ്രഹാമുപദേശി അവരുടെ അടുക്കൽ ചെന്നു് ഈ ദർശനമൊക്കെയും വെറും കളവാണെന്നും, സത്യദൈവമക്കൾക്കു യാതൊരുവിധത്തിലും ആപത്തു വരികയില്ലെന്നും പറഞ്ഞു് സമാധാനപ്പെടുത്തിയതുകൊണ്ടു് അവർ ധൈര്യപ്പെട്ടു് ക്രിസ്തുവിശ്വാസത്തിൽ നില

നിന്നു. ഈ അബ്രഹാമുപദേശി തഞ്ചാവൂരിൽനിന്നു സ്വാർച്ച് സായ്പിനാൽ അയയ്ക്കപ്പെട്ട ഒരാളാണ്. ഇദ്ദേഹം തിരുനൽവേലിയിൽ വന്നു് വളരെ ശക്തിയോടും താല്പൎയ്യത്തോടുംകൂടി സുവിശേഷം പ്രസംഗിച്ച് അനേകരെ ക്രിസ്തുമാൎഗ്ഗത്തിലേക്കാകർഷിച്ചു. നന്ദൻഗോപാലപുരത്തിനു സമീപം ഒരു ക്രിസ്തീയഗ്രാമം സ്ഥാപിച്ച് അതിനു സ്വാർച്ചുപുരം എന്നു പേരിട്ടു. ഒരു പുരയിടം വാങ്ങി അവിടെ സ്വന്തം ചെലവിന്മേൽ ഒരു പള്ളി പണിയിച്ച് ദിവ്യവേലചെയ്തു. കുറെ ദിവസം അവിടെ ജോലിചെയ്തതിൻെറ ശേഷം അടുത്തുൺപററി താനും കുടുംബവും കൂട്ടശുശ്രൂഷകന്മാരും സ്വദേശമായ തഞ്ചാവൂരിലേക്കു പോയി. യാത്രാരംഭത്തിനു മുമ്പെ റിങ്കൽറേറാബിയോടു യാത്രപറയുന്നതിനു ചെല്ലുകയും പ്രാൎത്ഥനയോടുകൂടി തമ്മിൽ വേർപെടുകയും ചെയ്തു. സദാ സ്നേഹവും സഹതാപവും നിറഞ്ഞ ഒരു ദൈവദാസനെ വിട്ടുപിരിഞ്ഞതിൽ അബ്രഹാമും ഭാൎയ്യയും വളരെ വ്യസനിച്ചു. ഇതിനെക്കുറിച്ച് റിങ്കൽറേറാബി "അബ്രഹാമിനേയും കുടുംബത്തേയും ദുഃഖസമേതം യാത്ര അയച്ചു. അവരെ കാത്തു സൂക്ഷിച്ചുകൊള്ളണമെന്നു കരുണ നിറഞ്ഞ ദൈവത്തോടപേക്ഷിച്ചു. അവർ സ്വദേശമായ തഞ്ചാവൂരിലേക്കു പോകുന്നു. പരസ്പരം വേർപെട്ടപ്പോൾ ആ സ്ത്രീ വ്യസനിച്ച് ധാരധാരയായി അശ്രുക്കൾ വർഷിച്ചു. ഇതാണ് മലബാറിലെ കന്നങ്ങളിൽ ആദ്യമായി താൻ കണ്ട കണ്ണുനീർ. ഈ കണ്ണുനീർ ചൊരിഞ്ഞവൾ ഒരു സത്യ

ക്രിസ്ത്യാനിയായതുകൊണ്ടു് ഞാൻ സന്തോഷിച്ചു." എന്നു ഡയറിയിൽ എഴുതിയിരിക്കുന്നു.

റിങ്കൽറേറാബി തിരുനൽവേലിയിൽ എസ്. പി. സി. കെ. മിഷൻമേലധികാരിയായി ഒന്നരവർഷം ഇരുന്നു. പിന്നീടു് ആ മിഷൻസംബന്ധമായി വേറെ ആളുകൾ വന്നതുകൊണ്ടു് അദ്ദേഹം തിരുവിതാംകൂറി ലേക്കുവന്നു. ഇദ്ദേഹത്തിൻെറ തിരുനൽവേലി ജോലി യെക്കുറിച്ചു് തഞ്ചാവൂരിൽഉള്ള "ഹാംസ്റ്റ്" സായ്പു് ഇപ്രകാരം സാക്ഷീകരിച്ചിരിക്കുന്നു. "1806 മാച്ച് മാസം 1-ാംതീയതി മുതൽ 1807 ആഗസ്റ്റ് 23-ാംനു- വരെ റിങ്കൽറേറാബി മൂന്നുപദേശിമാരോടുകൂടെ തിരു നൽവേലി ഡിസ്ത്രിക്ടിൽ സുവിശേഷവേല ചെയ്തുവന്നു. ഈ പുണ്യപുരുഷൻ ജോലി വിടുമ്പോൾ 5300 ക്രിസ്ത്യാനികളും സ്നാനപ്പെട്ട 200 കുഞ്ഞുങ്ങളും ഇതര മതസ്ഥരിൽനിന്നു് ക്രിസ്തുമാർഗ്ഗം സ്വീകരിച്ച 1048 ബാല്യക്കാരും ഉണ്ടായിരുന്നു. 18 റോമാക്കാരും ഈ സഭയിൽചേർന്നു. 1807 ആഗസ്റ്റുമാസം 22-ാംതീയതി 6566 ക്രിസ്ത്യാനികൾ ഉള്ളതായിക്കണ്ടു. ഇതോടുകൂടി റിങ്കൽറേറാബി ദക്ഷിണഇൻഡ്യയിൽ ചെയ്ത വേല യുടെ ആദ്യഭാഗം അവസാനിക്കുന്നു.

പാളയംകോട്ട ശ്മശാനഭൂമിയെക്കുറിച്ചു് "ബിഷ പ്പ് കാംഡ്വെൽ" എഴുതിയിരിക്കുന്ന സംഗതികൾ റിങ്കൽറേറാബി തിരുനൽവേലിയിൽ ചെയ്തുവന്ന ദിവ്യ ശുശ്രൂഷയുടെ പ്രതിഫലത്തെ സൂചിപ്പിക്കുന്നു. അതാ യതു് "യൂറോപ്യസമുദായക്കാർ ക്രമേണ ഗ്രഹിച്ച ക്രിസ്ത

മാൎഗ്ഗതത്വങ്ങളും തന്നിമിത്തം അഭിവൃദ്ധിപ്രാപിച്ച അവരുടെ മനസ്സും ഈ കല്ലറകളിൽ എഴുതിയിരിക്കുന്ന രേഖകൾമൂലം നമുക്കു് മനസ്സിലാക്കാം. 1775 മുതൽ കെട്ടപ്പെട്ടിരിക്കുന്ന കല്ലറകളിൽ ഉള്ള എഴുത്തുകളിൽ നിന്നു് അവയിൽ അടക്കം ചെയ്യപ്പെട്ടിരിക്കുന്നവരുടെ ആത്മീകസ്ഥിതി പൂൎണ്ണമായി വെളിപ്പെടുന്നു. പഴയ സ്മാരകങ്ങളിൽ ശിലാലിഖിതപ്രസംഗങ്ങൾ കാണുന്നില്ല. ആ ലേഖനങ്ങൾ സ്തുതിപൂൎണ്ണമായും ബുദ്ധ്യുൽപന്നമായും ഇരിക്കുന്നു. അവ ഉപദേശമായൊ ദുഃഖമായൊ കവിതയായൊ വാചകമായൊ ഇരുന്നാലും മരിച്ചവരുടെ മാൎഗ്ഗത്തെയും വിശ്വാസത്തെയും വെളിപ്പെടുത്തുന്നില്ല. ഞാൻ രണ്ടു പ്രാവശ്യം ക്രിസ്തുവിൻെറയൊ ദൈവത്തിൻെറയൊ നാമത്തെയും അവരിലുള്ള വിശ്വാസത്തെയും ആ പഴയ കല്ലറകളിൽ കാണ്മാനായി ശ്രമിച്ചു എങ്കിലും കണ്ടെത്തിയില്ല. എന്നാൽ 1806-ാം വൎഷം മുതൽക്കുള്ള സ്മാരകങ്ങളിൽ ദൈവകാരുണ്യത്തിലുള്ള വിശ്വാസവും രക്ഷിതാവിങ്കലുള്ള ആശ്രയവും ആശ്വാസജനകങ്ങളായ വേദവാക്യങ്ങളും കാണുന്നുണ്ടു്" എന്നാകുന്നു. 1806 മൎച്ച്മാസംമുതൽ തിരുനൽവേലിയിൽ മിഷനറിയായി താമസിച്ചു് ദിവ്യശുശ്രൂഷചെയ്തുവന്ന റിങ്കൽറേറാബിയുടെ അത്ഭുതകരമായ വേലയെ ഈ മൌനസ്മാരകങ്ങൾ ധ്വനിപ്പിക്കുന്നില്ലയോ?

---

# അദ്ധ്യായം 7

റിങ്കൽറേറാബി തിരുവിതാംക്കൂറിൽ താമസിച്ച് മിഷൻവേല ആരംഭിക്കണമെന്നുള്ള ഉദ്ദേശത്തോടു കൂടെ പാളയംകോട്ടയിൽനിന്നും ഇവിടെ വന്നപ്പോൾ നിർഭാഗ്യവശാൽ തിരുവിതാംക്കൂർകാരും ബ്രിട്ടീഷു കാരും തമ്മിൽ ഒരു യുദ്ധമുണ്ടായി. ഈ യുദ്ധം പൊതു ജനങ്ങൾക്കും ക്രിസ്തീയസഭയ്ക്കും വളരെ ഉപദ്രവകാര ണമായിത്തീൎന്നു. ബ്രിട്ടീഷ് ആധിപത്യവം ക്രിസ്തീയ മാൎഗ്ഗവും ഉന്മൂലനം ചെയ്യണമെന്നുള്ളതായിരുന്നു ഈ യുദ്ധത്തിൻെറ പ്രധാന ഉദ്ദേശം. ഇതിൻെറ കാരണം ഉടമ്പടിപ്രകാരം ബ്രിട്ടീഷുകാൎക്കു കപ്പം കൊടുക്കുന്ന തിനു് വേലുത്തമ്പിദളവാ വൈമനസ്യം പ്രദൎശിപ്പിച്ചു എന്നുള്ളതായിരുന്നു. തന്മൂലം വേലുത്തമ്പിയും റസി ഡണ്ടും തമ്മിൽ വലുതായ ഒരു മത്സരമുണ്ടായി.

ഇങ്ങനെയിരിക്കുമ്പോൾ 1808-ാംവൎഷം ഡിസം ബർ മാസത്തിൽ തിരുവിതാംക്കൂർ ദിവാൻജി വേലുത്ത മ്പിയും, കൊച്ചീദിവാൻ പാലിയത്തച്ഛനും കൂടി ഇംഗ്ലീ ഷുകാൎക്കു വിരോധമായി യുദ്ധപ്രഖ്യാപനംചെയ്തു. ആ മാസം 28--ാംനു- അൎദ്ധരാത്രിയിൽ റസിഡണ്ടു കൎണ്ണൽ മെക്കാളിയെ കൊല്ലണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഇവർ റസിഡൻസിയെ വളഞ്ഞു. ഉറങ്ങിക്കിടന്നി രുന്ന മെക്കാളി വെടിയുടെയും മററും ശബ്ദം കേട്ടു് പെട്ടെന്നുണൎന്നു ഒരു വള്ളത്തിൽ കയറി തുറമുഖത്തു കിടന്ന ഒരു ബ്രിട്ടീഷു കപ്പലിൽ അഭയം പ്രാപിച്ചു.

ലഹളക്കാർ റസിഡൻസി പട്ടാളത്തെ ജയിച്ച് അകത്തുകടന്നു വേലക്കാരെ കൊന്നു് ഖജനാവു കൈക്കലാക്കി. മെക്കാളിയെ അപായപ്പെടുത്തണമെന്നുള്ള ആഗ്രഹം നിഷ്ഫലമായിത്തീൎന്നതുകൊണ്ടു് വ്യസനസമേതം തിരിച്ചുപോന്നു. വഴിമദ്ധ്യേ ആലപ്പുഴ വന്നിറങ്ങിയ കുറെ ഇംഗ്ലീഷു ഭടന്മാരെ പള്ളാത്തുരുത്തിയാററിൽ കെട്ടി താഴ്ത്തി. ഇതിനു ബ്രിട്ടീഷുഗവമ്മെൻറു ചെയ്യാൻപോകുന്ന പ്രതികാരം എന്തെന്നു ഗ്രഹിച്ച് വേറെ സഹായസൈന്യങ്ങൾ വരുന്നതിനു മുമ്പ് ഇംഗ്ലീഷുകാരെ ഓടിക്കുന്നതിനു വേണ്ട പട്ടാളങ്ങൾ ശേഖരിക്കാൻ ആരംഭിച്ചു. കൊല്ലത്തുണ്ടായിരുന്ന ബ്രിട്ടീഷു പട്ടാളവും തിരുവിതാംകൂർ സൈന്യവും തമ്മിൽ പരവൂർവെച്ചു എതിരിട്ടതിൽ ബ്രിട്ടീഷുസൈന്യം വിജയം പ്രാപിച്ച്, എതിർകക്ഷികളെ ഓടിച്ചുകളഞ്ഞു. ഈ അപജയത്തെ ഗണ്യമാക്കാതെ വേലുത്തമ്പി ഒരു വലിയ സൈന്യം ശേഖരിച്ച് നേരെ കൊല്ലത്തെത്തി. ആ സമയം ബ്രിട്ടീഷുപട്ടാളം പടയ്ക്കൊരുങ്ങാതെ തങ്ങളുടെ പാളയത്തിൽ നിന്നുകൊണ്ടു് ശത്രുക്കളുടെ ആക്രമണത്തെ തടഞ്ഞു. ഇതിനിടയ്ക്ക് കൊച്ചീസൈന്യം അനേകം പീരങ്കികളോടെ തെക്കോട്ടുതിരിച്ചു. അപ്പോൾ ബ്രിട്ടീഷു ഭടന്മാർ വടക്കൻ സൈന്യം അവിടെ കടക്കാതിരിക്കാൻ തക്കവണ്ണം മട്ടാഞ്ചേരിപ്പാലം മുതലായവ തകത്തു് ശത്രുക്കളുടെ പുരോഗതിയെ തടുത്തു. യുദ്ധം കൂടുതൽ ശക്തിപ്പെട്ടുവന്നതുകൊണ്ടു അതിനെ അമത്താൻ ബ്രിട്ടീഷുഗവമ്മെൻറു

വേണ്ട ഏൎപ്പാടുകൾ ചെയ്തു. മലബാർ, ക്യാനറാ മുത ലായ സ്ഥലങ്ങളിലെ സൈന്യങ്ങൾ കടൽമാൎഗ്ഗം ആരു വാമൊഴിയിലും, കൊല്ലത്തും, തൃശ്ശിനാപ്പള്ളി, കൊള മ്പു് മുതലായ ദേശങ്ങളിലെ പട്ടാളങ്ങൾ കരമാർഗ്ഗം ആരുവാമൊഴിയിലും വന്നെത്തി. ഈ വലിയ യുദ്ധ സന്നാഹം കണ്ടു കൊച്ചിദിവാൻ ബ്രിട്ടീഷുകാരോടു സമാധാനത്തിനപേക്ഷിച്ചു. ഉടനെ കൊച്ചിസൈന്യ ത്തെയും, യുദ്ധസാമാനങ്ങളേയും കൈക്കലാക്കി ദിവാ നെ തടവുകാരനായി ബോംബേയ്ക്കു് അയച്ചു. കൊല്ല ത്തെ പരാജയം അശേഷം വകവെക്കാതെ പോയ വേലുത്തമ്പിയും കൂട്ടരും ആരുവാമൊഴിയിൽ വെച്ചു ണ്ടായ ഭയങ്കര യുദ്ധത്തിലും പരാജിതരായി നാഗർ കോവിലിൽ ചെന്നുചേൎന്നു. അവിടെയും ബ്രിട്ടീഷു സൈന്യം വേലുത്തമ്പിയെ തോല്പിച്ചു് ഉദയഗിരി, പത്മനാഭപുരം മുതലായ കോട്ടകൾ പിടിക്കാനായി അടുത്തു. ഇങ്ങനെ ഇരിക്കുമ്പോൾ തിരുവിതാംകൂർ രാജാവു് സമാധാനലബ്ധിക്കായി കമാൻററുടെ പേൎക്കു് ഒരെഴുത്തയച്ചു. മറുപടിയായി ബ്രിട്ടീഷുഗവ ൎമ്മെൻറിനു് വരാനുള്ള കപ്പം ബാക്കി കൊടുക്കുകയും യുദ്ധച്ചെലവിനു് ഉത്തരം പറകയും, വേലുത്തമ്പിയെ 24 മണിക്കൂറിനകം പിടിച്ചേല്പിക്കയും ചെയ്താൽ സമാധാനപ്പെടാം എന്നു് എഴുതി. മഹാരാജാവു് ഇതെല്ലാം സമ്മതിച്ചു. എന്നാൽ ഈ സംഗതിയറി ഞ്ഞു് പ്രാണരക്ഷയ്ക്കായി ഓടിപ്പോയ വേലുത്തമ്പിയെ പിടിക്കാനായി നിയുക്തന്മാർ തേടിപ്പോകുമ്പോൾ കുന്നത്തൂർ താലൂക്കിൽ മണ്ണടി എന്ന സ്ഥലത്തുള്ള

ഭഗവതി ക്ഷേത്രത്തിൽ ഒളിച്ചിരിക്കുന്നു എന്നു് മനസ്സി ലാക്കി. അവർ ക്ഷേത്രത്തിനടുത്തു എന്നു് തമ്പി അറി ഞ്ഞപ്പോൾ അദ്ദേഹം കൂടെ ഉണ്ടായിരുന്ന അനുജൻ പത്മനാഭൻതമ്പിയോടു് തൻെറ കഴുത്തു വെട്ടാൻ പറഞ്ഞു. സഹോദരൻ അതിനു് മടിച്ചതുകൊണ്ടു് താൻതന്നെ തൻെറ കഠാരി എടുത്തു് നെഞ്ചിൽ കുത്തി യിറക്കി. അതുകൊണ്ടു മരിക്കാഞ്ഞതിനാൽ പ്രാണ വേദനയോടുകൂടെ തന്നെ വധിക്കാൻ വീണ്ടും അനുജ നോടു പറഞ്ഞു. ഉടനെ പത്മനാഭൻതമ്പി ആജ്ഞ സ്വീകരിച്ചു് ജ്യേഷ്ഠൻെറ വേദനയെ ശമിപ്പിച്ചു.

ഈ യുദ്ധസമയങ്ങളിൽ മൈലാടിയിലുണ്ടായി രുന്ന ക്രിസ്ത്യാനികൾ മരുന്നുവാഴുംമലയിലേക്കു് ഓടി പ്പോയി. "ഈ ഭയങ്കരകാലത്തു് അനേകർ ക്രിസ്തുമാൎഗ്ഗ ത്തിൽ നിന്നും പിൻമാറി. ചിലരോ വിശ്വാസത്തിൽ നിലനിന്നു് ക്രിസ്തീയ സഭയ്ക്കു് ഉപകാരികളായിത്തീ ൎന്നു" എന്നു് റിങ്കൽറേറാബി എഴുതിയിരിക്കുന്നു. യുദ്ധാ നന്തരം ഇദ്ദേഹം മൈലാടിയിൽ വന്നു് നന്ദിനിറഞ്ഞ ഹൃദയത്തോടുകൂടെ ദൈവത്തിനു് സ്തോത്രയാരാധനകഴി ച്ചു. പിന്നീടു് കൊല്ലത്തുപോയി കർണ്ണൽമെക്കാളിയെ ക്കണ്ടു് പള്ളി പണിയുന്നതിനു് അനുവാദം ചോദിച്ചു. അനന്തരം തിരിച്ചുവന്നു് മൈലാടിയിൽ സുവിശേഷ വേല ചെയ്തു. ഇങ്ങനെ ഇരിക്കുമ്പോൾ അനുവാദവും, പള്ളി ഗവമ്മെൻറു ചെലവിന്മേൽ പണിയിച്ചുകൊ ള്ളാമെന്നു് ഉത്തരവും വന്നുചേൎന്നു. 1809 മേയ് മാസ ത്തിൽ പള്ളിക്കു് അടിസ്ഥാനക്കല്ലിട്ടു. എല്ലാവരും

കൂടി യോജിച്ചുപ്രവൎത്തിച്ചതുകൊണ്ടു് 4 മാസത്തിനകം പണി പൂൎത്തിയായി. സെപ്ററംബർ മാസത്തിൽ കെട്ടിടം ദൈവാരാധനക്കായി പ്രതിഷ്ഠിക്കയും, ഇദം പ്രഥമമായി ആരാധന നടത്തുകയും, സ്നാനപ്പെട്ട വിശ്വാസികൾക്കു് തിരുവത്താഴം കൊടുക്കുകയും ചെയ്തു. ഇതാണു് തിരുവിതാംകൂറിൽ പണിയിച്ച ഒന്നാമത്തെ പ്രോട്ടസ്റ്റൻറു പള്ളി. ഇതിനോടടുത്തു് 10 അടി നീളം 6 അടി വീതിയുള്ള ഒരു കുടിലിൽ റിങ്കൽറേറാബി താമസിച്ചു. ഈ ഭക്തൻ ഒരു സാധാരണ നാട്ടുകാരനെപ്പോലെ ദാരിദ്ര്യത്തിലും എളിയ രീതിയിലും കാലയാപനം ചെയ്തു. സാക്ഷാൽ ഒരു ദൈവഭൃത്യൻ പരോപകാരാൎത്ഥം എത്രത്തോളം തന്റെ സുഖങ്ങൾ വെടിയേണ്ടതാണെന്നു് മററുള്ളവൎക്കു് പ്രത്യക്ഷപ്പെടുത്തി. റിങ്കൽറേറാബി ഗ്രാമങ്ങൾ തോറും ചെന്നു് വൃക്ഷച്ചുവട്ടിലും, വഴിമദ്ധ്യേയും, കുടിലുകളിലും സത്യസുവിശേഷം പ്രസംഗിച്ചു് അനേകരെ കൎത്താവിങ്കലേക്കു് ആദായപ്പെടുത്തി. ആത്തിക്കാട്ടു് ഒരു മാവിൻെറ ചുവട്ടിൽനിന്നു് പ്രസംഗിച്ചപ്പോൾ 97 വയസ്സുള്ള ഒരു വൃദ്ധൻ മാനസാന്തരപ്പെട്ടു് ആനന്ദാശ്രുക്കൾ പൊഴിച്ചു തൻെറ മക്കളുടെ തോളിൽ ചാരിക്കൊണ്ടു് സ്നാനമേററു. ഈ വയസ്സനെ യാക്കോബു ബാവാ എന്നു റിങ്കൽറേറാബി വിളിച്ചുവന്നു. പിന്നീടു രണ്ടുകാലും മുടന്തിയ ഒരു വാദ്ധ്യാർ സുവിശേഷം കേൾക്കാൻ 10 മൈൽ അകലെ നിന്നും പുറപ്പെട്ടു. അയാൾ റിങ്കൽറേറാബിയാൽ സ്നാനമേററു. "എൻെറ കാലു

കൾ മുടന്തിയശേഷം സ്വർഗ്ഗമൊഴികെ എനിക്കു വേറെ യാതൊരു വിചാരവുമില്ല" എന്നു ആ മുടന്തൻ പറഞ്ഞു.

പിന്നീട് അദ്ദേഹം സക്കാർ അനുവാദത്തോടുകൂടി സ്നേഹിതന്മാർ സമ്മാനിച്ച ആയിരം രൂപ കൊണ്ടു് ആത്തിക്കാട്ടു്, താമരക്കുളം, പുത്തളം, കോവിൽവിള, ഈത്താമ്പൊളി, ജെയിംസ്ടൌൺ എന്ന ആറു സ്ഥലങ്ങളിൽ പള്ളികൾ പണിയിച്ചു. ഈ സമയം ആകെ ഇവിടെ 394 ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. ദൈവകൃപയാൽ ക്രിസ്തുസഭ ദിനംപ്രതി അഭിവൃദ്ധിപ്പെട്ടുവന്നു. 1808-ാമാണ്ടത്തെ റിപ്പോർട്ടിൽ റിങ്കൽറേറാബിയുടെ മിഷൻവേലയിൽ ഉണ്ടായ വിജയത്തെക്കുറിച്ചു ഡയറക്ടർമാർ താഴെ പറയുംപ്രകാരം എഴുതിയിരിക്കുന്നു:

"റിങ്കൽറേറാബിയുടെ ഉത്തമശുശ്രൂഷയെക്കുറിച്ചു കേട്ടു് ഞങ്ങൾ വളരെ ആനന്ദിക്കുന്നു. ദൈവമഹത്വത്തിനായി ഈ വിശ്വസ്തദാസൻ ആരംഭിച്ച ദിവ്യവേലയെ സർവ്വശക്തനായ ദൈവം തന്നെ അഭിവൃദ്ധിപ്പെടുത്തുമാറാകട്ടെ."

റിങ്കൽറേറാബി ആദ്യം മുതൽ ഇവിടെയുള്ള ജനങ്ങൾക്കായി വിദ്യാലയങ്ങൾ സ്ഥാപിച്ചു് ഉപദേശിമാരെ വാദ്ധ്യാന്മാരുടെ ജോലികൂടി ചെയ്യുന്നതിനായി നിയമിച്ചുവന്നു. കൂടുതലായി വാദ്ധ്യാന്മാർ ലഭിക്കുന്നതിനു ഒരു സിമ്മനാരി സ്ഥാപിക്കണമെന്നു് റിങ്കൽറേറാബി ബോർഡ് ഡയറക്ടേഴ്സിനു എഴുതിയിട്ടുള്ളതായി പ്രസ്താവിച്ചുവല്ലോ. ഡയറക്ടർമാരുടെ വാഷിക

റിപ്പോർട്ടിൽ "ഞങ്ങൾ ഒരു സിമ്മനാരി പണിയിക്കാൻ അനുവദിച്ചിരിക്കുന്നു" എന്നു കാണുന്നു. അപ്രകാരം 1810-ാം വർഷം ഒരു സിമ്മനാരിസ്ഥാപിച്ചു 12 കുട്ടികളെ ചേർത്തു പഠിപ്പിച്ചു. 1811-ാം വർഷത്തിൽ റിങ്കൽറേറാബിയുടെ കൈപ്പടക്കണക്കിൽ ഒരു വിദ്യാൎത്ഥിക്കു 80 ചക്രം വീതം കൊടുത്തതായി എഴുതിയിരിക്കുന്നു. പിന്നീടു് പണച്ചുരുക്കം നിമിത്തം തരങ്കംപാടി മുതലായ സ്ഥലങ്ങളിലെ വിദ്യാൎത്ഥികളെ പിരിച്ചുയച്ചിട്ടു് സ്വദേശികളായ മൂന്നുപേരെ പഠിപ്പിച്ചുവന്നു. ഈ സിമ്മനാരിയുടെ അഭിവൃദ്ധിയെക്കുറിച്ചു് പിന്നീടു് പ്രസ്താവിക്കാം.

ഇക്കാലങ്ങളിൽ മൈലാടിയിൽ താമസിക്കുന്നതു് കുറെ പ്രയാസമെന്നു കണ്ടു് അദ്ദേഹം പലപ്പോഴും ഉദയഗിരിക്കോട്ടയിൽ ചെന്നു് താമസിച്ചു ചുററുമുള്ള സ്ഥലങ്ങളിൽ ദിവ്യശുശ്രൂഷചെയ്തു. ഇവിടെ താമസിച്ചിരുന്നപ്പോൾ കുറെ തെക്കുമാറി 'അമ്മാണ്ടിവിള' എന്ന സ്ഥലത്തു ചിലർ ക്രിസ്ത്യാനികളായിത്തീൎന്ന എന്ന വൎത്തമാനം കേട്ടു് 1810 ഫെബ്രുവരിമാസം 24-ാംനു- അവിടെ എത്തി. ജനങ്ങൾ ബഹുമാനപുരസ്സരം ഒരു പന്തലിട്ടു് ഇവരെ അനുമോദിച്ചു. അവൎക്കു മത്തായി എഴുതിയ സുവിശേഷം 24-ാം അദ്ധ്യായം അവസാനഭാഗത്തുനിന്നും അന്ത്യന്യായവിധിദിവസത്തിലേക്കു് ഒരുങ്ങിയിരിപ്പാനായി ഉദ്ബോധിപ്പിച്ചു. അന്നുവൈകീട്ടു് അദ്ദേഹം മുൻപറഞ്ഞ പന്തലിൽ ഉപദേശിച്ചുകൊണ്ടിരുന്നപ്പോൾ, 4-5 വയസ്സു പ്രായ

മുണ്ടായിരുന്നതും പിറവിയിലെ മുടന്തുണ്ടായിരുന്നതുമായ ഒരുകുട്ടി തള്ളയുടെ അടുക്കൽനിന്നും ആരും കാണാതെ റിങ്കൽറേറാബിയുടെ സമീപത്തു ചെന്നു അദ്ദേഹത്തിൻെറ കാലിൽ പിടിച്ചു. സാധാരണ അദ്ദേഹം നാട്ടുകാരുടെ കുഞ്ഞുങ്ങളെ കണ്ടാൽ വാത്സല്യത്തോടെ എടുത്തു ലാളിക്കുക പതിവായിരുന്നു. അതുപോലെ ഈ കുഞ്ഞിനേയും മുടന്തുള്ളതാണെന്നറിയാതെ കൈയിൽ എടുത്തു കുറേനേരം താലോലിച്ചതിൻെറ ശേഷം താഴെ വിട്ടു. ഉടനെ ആ ചെറിയ കുട്ടി അശേഷം മുടന്തില്ലാതെ നടന്നു തള്ളയുടെ അടുക്കൽ പോയി. ഈ അപൂൎവ്വസംഭവം കണ്ടു് ജനങ്ങൾ ആശ്ചൎയ്യപ്പെടുകയും പരിഭ്രമിക്കയും ചെയ്തു. ഇതു് വാസ്തവമായി സംഭവിച്ചതാണെന്നു് ഇന്നുവരെയും അവിടെയുള്ള ആളുകൾ വിശ്വസിച്ചുവരുന്നു.

പിറേറദിവസം ഉദയഗിരിയിൽ തിരിച്ചുവന്നപ്പോൾ ചില റോമാക്രിസ്ത്യാനികൾ അദ്ദേഹത്തിൻെറ അടുക്കൽ ചെന്നു് "ഞങ്ങൾ ഗവമ്മെൻറിൻെറ പ്രതിഫലമില്ലാത്ത ഊഴിയവേല ചെയ്യുന്നതിനെ നിറുത്തൽ ചെയ്യിച്ചു തരാമെങ്കിൽ നിങ്ങളുടെ മാൎഗ്ഗത്തിൽ ചേരാമെന്നു്" പറഞ്ഞു. റിങ്കൽറേറാബി അവരുടെ അപേക്ഷ സ്വീകരിക്കാതെ സാക്ഷാൽ ക്രിസ്ത്യാനിയാകുന്നതിനുള്ള സത്യമാൎഗ്ഗം ഉപദേശിച്ചുകൊടുത്തു. ഇപ്രകാരം അനവധി ക്രിസ്ത്യാനികൾ തങ്ങൾ ഒരു യൂറോപ്യമിഷനറിയുടെ സഭയിൽ ചേൎന്നുകൊണ്ടു് സൎക്കാർ ഊഴിയവേല ചെയ്യേണ്ടാ എന്നു വിചാരിച്ചു. അതിനാൽ

സക്കാർ ഉദ്യോഗസ്ഥന്മാർ റിങ്കൽറേറാബിയുടെ അടുക്കൽ വന്നു് ക്രിസ്ത്യാനികഠം ഇങ്ങനെ അനുസരണക്കേടു കാണിക്കുന്നതുകൊണ്ടു് എല്ലാ ക്രിസ്ത്യാനികളും ഗവൎമ്മെൻറു നിബന്ധനയിൽ ഉഠപ്പെട്ടു നടക്കുവാൻ ആജ്ഞാപിക്കണമെന്നു പറഞ്ഞു. അദ്ദേഹം സന്തോഷപൂർവ്വം ഒരു എഴുത്തു കൊടുത്തു. അതു് ഉദ്യോഗസ്ഥന്മാർ ജനങ്ങളെ കാണിച്ചതുകൊണ്ടു് മുൻപ്രകാരം അവർ സക്കാർ ഊഴിയവേല ചെയ്തുവന്നു. എന്നാൽ ചിലർ സക്കാരിന്റെ നിബന്ധന അനുസരിക്കയില്ലെന്നു ശഠിച്ചതു് റിങ്കൽറേറാബിയുടെ മനസ്സിനെ വളരെ ദുഃഖിപ്പിച്ചു. റിങ്കൽടേറാബി അനേകസഭകഠം സന്ദൎശിച്ചു മടങ്ങിവരുമ്പോഠം താൻ താമസിച്ചിരുന്ന കെട്ടിടത്തിൻെറ വരാന്തയിൽ ആളുകഠം സങ്കടഹർജികളുമായി വന്നു നില്ക്കുക പതിവായിരുന്നു. ഈ വിഷയത്തിൽ അദ്ദേഹത്തിനുണ്ടായ ഉപദ്രവങ്ങളും മനഃപ്രയാസങ്ങളും സ്വല്പമല്ലായിരുന്നു. എന്നാൽ ക്ഷമയോടുകൂടെ ഇവയെല്ലാം സഹിച്ചു് അദ്ദേഹം അവൎക്കു ഇഹലോകസുഖങ്ങളെക്കാഠം പ്രധാനമായി നിത്യരാജ്യസന്തോഷമനുഭവിക്കാനുള്ള മാൎഗ്ഗങ്ങളെ ഉപദേശിച്ചുകൊടുത്തു.

രാജകുടുംബത്തിലെ ഒരംഗമായ സ്വാമുവെൽതമ്പിയും, ഉയന്ന ജാതിയിൽനിന്നു വേറെ രണ്ടുപേരും ക്രിസ്തുവിനെ ഹൃദയപൂർവ്വം സ്വീകരിച്ചു സ്നാനപ്പെട്ടു. ഈ സാമുവെൽതമ്പി 1840-ാംവർഷംവരെ ജീവിച്ചിരുന്നു: ക്രിസ്ത്യാനിയായതുനിമിത്തം കുടുംബവും സ്വത്തു

ക്കളും ഇല്ലാതെയായി വളരെ കഷ്ടപ്പെട്ടു. പിന്നീട്ട് ഇദ്ദേഹത്തിൻെറ അവസാനം എങ്ങിനെയായി എന്നു ള്ളതൊരറിവുമില്ല.

ഇങ്ങനെ ഇരിക്കെ ക്രിസ്ത്യാനികൾക്കു വളരെ ഉപകാരംചെയ്ത കണ്ണൽമെക്കാളി 1810 മാർച്ച് മാസം 4-ാംനു ജോലി രാജിവച്ചു സ്വദേശത്തേക്കു തിരിച്ചു. ഇദ്ദേഹം 1800 മുതൽ 10 വർഷം ഈ ദേശത്തു താമസിച്ചു തിരുവിതാംകൂറിലും കൊച്ചിയിലും പലവിധ നന്മകൾ ചെയ്തു ബ്രിട്ടീഷ് ആധിപത്യം സ്ഥാപിച്ച ഒരു മഹാനായിരുന്നു. ഈ രാജ്യത്തിൽ ഉണ്ടായിരുന്ന റസിഡണ്ട് ഒരു സത്യക്രിസ്ത്യാനിയായതുകൊണ്ട് സുവിശേഷവേല പ്രബലപ്പെടുന്നതിനു സാധിച്ചു. ആദ്യസഭകൾക്ക് ഇദ്ദേഹം ഒരു വലിയ ആശ്രയമായിരുന്നു. ഇദ്ദേഹത്തിൻെറ സഹായമില്ലാതിരുന്നെങ്കിൽ റിങ്കൽറേറാബിക്ക് പ്രൊട്ടസ്റ്റൻറുമാർഗ്ഗം തിരുവിതാംകൂറിൽ കൊണ്ടുവരാൻ സാധിക്കയില്ലായിരുന്നു. അദ്ദേഹത്തിൻെറ പിൻഗാമിയായ കണ്ണൽമൺറോ സായ്പും ക്രിസ്തീയസഭകളോടു വളരെ താല്പര്യത്തോടും സഹതാപത്തോടും കൂടെ പെരുമാറിയതുകൊണ്ട് ദൈവകൃപയാൽ സഭ ദിനംപ്രതി അഭിവൃദ്ധിപ്പെട്ടുവന്നു. ഇപ്രകാരമിരിക്കുമ്പോൾ ഉദയഗിരിയിൽനിന്നും 1810-ാം വർഷം നവംബർ മാസം 1-ാംനു സഹോദരിയായ അന്നയ്ക്കു താഴെപ്പറയും പ്രകാരം ഒരെഴുത്തെഴുതി.

"1809 മേമാസം 12-ാംനു-യിലെ നിൻെറ എഴുത്തു ഞാൻ വിചാരിക്കാതിരിക്കുമ്പോൾ എനിക്കുകിട്ടി.

ന്, എഴുതിയ അന്നുരാത്രി ഞാൻ മഴയും കാററുംകൊണ്ടു് കഷ്ടപ്പെട്ടു് നിസഹായനായി ഒരു മുസാവരിയിൽ കിടന്നിരുന്നു. തിരുവിതാംകൂറിലെ ഒന്നാമത്തെ പള്ളി പണിയിക്കാനുള്ള സ്ഥലം വാങ്ങി. വസ്തു എൻെറ കൈവശം കിട്ടിയപ്പോൾ (1810 ജൂൺ 1-ൽ) ഞാൻ പള്ളിവാതില്ക്കൽ ഇരുന്നിരുന്നു. അപ്പോൾ വേറെ ആറു പള്ളികളും ഏകദേശം പണിതീൎന്നു നമ്മുടെ മാതാപിതാക്കന്മാൎക്കു ഇത്ര സുഖവും ബലവും ഉണ്ടായിരിക്കുമെന്നു് ഞാൻ വിചാരിച്ചിരുന്നില്ല. അവർ കൎത്താവിൽ നിദ്ര പ്രാപിച്ചിരിക്കുമെന്നാണു് ഞാൻ ഊഹിച്ചിരുന്നതു്. നിൻെറ പുത്രനായ ഫ്രെഡറിക്കിനെ മൈലാടി പള്ളിയിലുള്ള മേശയിൽ എല്ലാ നന്മകളും ചൊരിഞ്ഞുതരുന്ന ദൈവത്തിനായി നേൎന്നു. നമ്മുടെ സഹോദരങ്ങളേയും, അവരുടെ കുടുംബങ്ങളേയും കുറിച്ചു് എഴുതിയിരുന്നതു് എനിക്കു വളരെ സന്തോഷമായിരുന്നു. ഇവിടെയുള്ള ക്രിസ്ത്യാനികളുടെ നടപടിയിൽനിന്നും എനിക്കുണ്ടായ മനഃപ്രയാസങ്ങൾക്കു് അതു വളരെ ആശ്വാസകാരണമാണു്. കൎത്താവു് മഹത്വപ്പെടട്ടെ! 'ഇതരദേശങ്ങളിലേക്കു് എഴുത്തയച്ചുകൂടാ, എന്നുള്ള ഫ്രെഞ്ചു് ഗവൎമ്മെൻറിൻെറ യുദ്ധനിബന്ധനയ്ക്കു വിരോധമായി നീ എഴുതിയതു ശരിയല്ല. നിൻെറ എഴുത്തു കണ്ടുപിടിച്ചിരുന്നെങ്കിൽ നിന്നെ ശിക്ഷിക്കുമായിരുന്നല്ലോ. ഞാൻ അയച്ച എഴുത്തുകൾ ബെങ്കാളിൽവച്ചു തടഞ്ഞുകളഞ്ഞു. സൎക്കാർ

നിബന്ധന ഞാൻ അറിഞ്ഞപ്പോൾ എഴുത്തുകൾ അയയ്ക്കുന്നതു് നിറുത്തിവെച്ചു. അതുപോലെ നീയും ചെയ്യു: ഇനി ഈ ലോകത്തിൽവെച്ചു എൻെറ വാത്സല്യകുടുംബാംഗങ്ങളെ കാണാൻ സാധിക്കുമെന്നു ഞാൻ ആശിക്കുന്നില്ല. എൻെറ വാത്സല്യസഹോദരി! എനിക്കുവേണ്ടി മാതാപിതാക്കന്മാരെ ചുംബനം ചെയ്യുക."

---

# അദ്ധ്യായം 8

പത്മനാഭപുരത്തിനു സമീപം ഉദയഗിരി എന്ന സ്ഥലത്തു് തിരുവിതാംകൂർ ചരിത്രത്തിൽ വളരെ ഖ്യാതി സമ്പാദിച്ചിട്ടുള്ള ജനറൽ ഡില്ലനായി ഒരു വിശേഷപ്പെട്ട കോട്ട പണികഴിപ്പിച്ചിട്ടുണ്ടു്. ഏകദേശം 200 വർഷം പഴക്കമുള്ള ഈ കോട്ട ഇപ്പോഴും കാഴ്ചയ്ക്കു അതിമഹത്തേറിയതായിരിക്കുന്നു. ഈ കോട്ടയുടെ വിചിത്രപണികൾ ആ സൈന്യാധിപൻെറ അഗാധബുദ്ധിയേയും വിശേഷ സാമർത്ഥ്യത്തേയും പ്രദർശിപ്പിക്കുന്നു. ആ കോട്ടയുടെ മദ്ധ്യത്തിൽ മേഘങ്ങൾ വസിക്കുന്ന ഒരു വലിയ കുന്നുമുണ്ടു്. ഈ കുന്നിൻെറ മുകളിൽ നാട്ടപ്പെട്ട കൊടിമരത്തിൽ ജയക്കൊടി പറന്നുകൊണ്ടിരിക്കുന്നു. ഈ കോട്ട പണികഴിപ്പിച്ച ഡില്ലനായിയുടെ കല്ലറ കുന്നിൻെറ തെക്കുവശത്തുള്ള പള്ളിയിൽ ഇപ്പോഴും കാണ്മാനുണ്ടു്. പള്ളിക്കു കുറെ പടി

ഞ്ഞാറായിട്ട് മൂന്നു പുളി നില്ക്കുന്നതിന്റെ നടുവിൽ പുല്ലു മേഞ്ഞ ഒരു വീട്ടിലാണു് നമ്മുടെ ചരിത്രനായകനായ റിങ്കൽറേറാബി ഒരു മഹഷി എന്നപോലെ ജീവിതം കഴിച്ചുവന്നതു്. അനുഗ്രഹിക്കപ്പെട്ട ആ കുടിൽ ഇപ്പോഠം കാണ്മാനില്ല. അദ്ദേഹത്തിനു് അന്യോന്യസംസൎഗ്ഗം ചെയ്‌വാൻ കൂട്ടകാരാരുമില്ലായിരുന്നു. ഏകാന്തവാസത്താലും വിശുദ്ധമാതൃകാജീവിതത്താലും ശക്തിമത്തായ രഹസ്യപ്രാൎത്ഥനയാലും പ്രശോഭിക്കപ്പെട്ട ഈ ഭക്തൻ താമസിച്ചിരുന്ന സ്ഥലങ്ങളേയും കാലടി പതിച്ചിട്ടുള്ള ഭൂമികളേയും ദർശിക്കുന്ന ഭാഗ്യാവസ്ഥ വളരെ സന്തോഷകരമായിട്ടുള്ളതല്ലയോ? ഈ ഗ്രന്ഥപ്രസാധകൻ ആ മുനിശ്രേഷ്ഠൻ താമസിച്ചിരുന്ന സ്ഥലവും പ്രാൎത്ഥിച്ചിരുന്ന കാടുകളും തത്തിപ്പിടിച്ചു കയറിയ കല്പടികളും പ്രകൃതിവിലാസങ്ങളെക്കണ്ടു ആനന്ദിച്ചിരുന്ന കുന്നിൻമുകളിലുള്ള പാറയും ഭക്തിപൂർവ്വം ചെന്നുകണ്ടു. യഹൂദ്യാ മലമ്പ്രദേശങ്ങളിൽ അധിവസിച്ച യോഹന്നാൻ സ്നാപകനെപ്പോലെ റിങ്കൽറേറാബിയും ഉദയഗിരിക്കുന്നുംപുറത്തു ഒരു മഹർഷിയെപ്പോലെ താമസിച്ചു.

റിങ്കൽറേറാബിയുടെ തിരുവിതാംകൂർ വേല വളരെ വിശേഷമാണു്. പൂർവ്വിക അപ്പോസ്തലന്മാരെപ്പോലെ വിശുദ്ധജീവിതം ചെയ്തു്, രക്ഷിതാവിന്റെ സ്നേഹം അദ്ദേഹത്തെ നിർബന്ധിച്ചതിനാൽ പൂൎണ്ണമനസ്സോടെ സുവിശേഷം പ്രസംഗിച്ചു് ദൈവത്തെ മഹത്വപ്പെടുത്തി. ഒരു സ്ഥാനത്തുനിന്നും വേറൊരു സ്ഥലത്തേക്കു അധികവും കാൽനടയായും ചില സമയ

കുതിരപ്പുറത്തും പല്ലക്കിലും പോയി പ്രസംഗിച്ചു ഗുണ ദോഷിച്ച് ദൈവശുശ്രൂഷ ചെയ്തു. അദ്ദേഹത്തിൻെറ ദയ ഒരു പഴഞ്ചൊല്ലായിത്തീൎന്നു. തൻെറ സ്വന്ത ആവശ്യങ്ങൾക്ക് പണം ഇല്ലായിരുന്നു. അക്കാലത്തു മിഷനറി സംഘത്തിൻെറ നടപടി സംഘഡയറക്ടർമാർ കൊടുക്കുന്ന ശമ്പളം കൂടാതെ അവരവർ അല്പാല്പം ജോലിചെയ്ത് വല്ല ആദായവുമുണ്ടാക്കിക്കൊള്ളണമെന്നായിരുന്നു. ഇൻഡ്യയിലെ മററു ഭാഗങ്ങളിൽ ഇതു സാധിച്ചേക്കാം. എന്നാൽ റിങ്കൽറേറാബിയുടെ വേല തീരെ സാധുക്കളുടെ ഇടയിൽ ആയിരുന്നതുകൊണ്ടു് ഇപ്രകാരമുള്ള ആദായവുമില്ല. സംഘക്കാർ അയക്കുന്ന സ്വല്പശമ്പളം കൊണ്ടു് വസ്ത്രങ്ങൾ അലക്കിക്കാൻ കൂടി പ്രയാസമായ വിധത്തിൽ ദാരിദ്ര്യത്തിൽ മുഴുകിയിരുന്നു.

1811 ഒക്ടോബർ മാസം 10-ാംനു ഉദയഗിരിയിൽവെച്ച് ഇപ്രകാരമെഴുതി. "ഇംഗ്ലണ്ടിലുള്ള സംഘക്കാർ എൻെറ സംഗതി അശേഷം ഗൌനിക്കാത്തതുകൊണ്ടു് വളരെ വ്യസനിക്കുന്നു. കഴിഞ്ഞ മൂന്നുവർഷത്തിന്നിടയിൽ അവരുടെ ഒരു എഴുത്തുപോലും കിട്ടിയിട്ടില്ല. ഇങ്ങനെ അധികകാലം കഴിച്ചുകൂട്ടാമെന്നു് വിചാരിക്കുന്നില്ല. എന്നാലും ഞാൻ ശാന്തനായിരിക്കും" ഇതു് അദ്ദേഹത്തിൻെറ വിശ്വാസത്തെ പരീക്ഷിക്കുന്ന ഒരു സന്ദർഭമായിരുന്നു. തൻെറ ദിവ്യശുശ്രൂഷ പൂർവാധികം ശക്തിയോടെ ചെയ്തുവന്നതിനാൽ അദ്ദേഹം മലകളെ ഇളക്കത്തക്ക ദൃഢവിശ്വാസിയാണെന്നു് പ്രത്യക്ഷപ്പെടുന്നില്ലയോ?

ഈ മഹാനുഭാവന്റെ ജീവിതത്തിൽ സർവ്വ പ്രധാനമായിരുന്നതു അദ്ദേഹത്തിന്റെ രഹസ്യപ്രാൎത്ഥനയാണു്. ഓരോദിവസവും കാലത്തു മുറിയിൽ കയറി ഒന്നുരണ്ടുമണിക്കൂർ പ്രാൎത്ഥനയിൽ പോരാടുക പതിവായിരുന്നു. അതിനാൽ ഇദ്ദേഹത്തിനു അത്ഭുതങ്ങൾ പ്രവൎത്തിപ്പാൻ ശക്തിയുണ്ടെന്നു ജനങ്ങൾ വിശ്വസിച്ചുവന്നു. പല രോഗികളും ഇദ്ദേഹത്തിന്റെ പ്രാൎത്ഥനമൂലം സൌഖ്യം പ്രാപിച്ചിട്ടുണ്ടു്. സഭയിലുണ്ടായ അനേക വിഷമതകളും തന്റെ പ്രാൎത്ഥനയാൽ മാറിപ്പോയി. ഒരിക്കൽ അശേഷം മഴ ഇല്ലായിരുന്നതുകൊണ്ടു് കൃഷിയെല്ലാം നശിച്ചുപോയിട്ടും സൎക്കാരുദ്യോഗസ്ഥന്മാർ കരം പിരിക്കുന്നതിൽ ജനങ്ങളെ വളരെ ഞെരുക്കി. അപ്പോൾ റിങ്കൽറേറാബി കൊല്ലത്തുചെന്നു് വെള്ളക്കാരിൽനിന്നും പണം പിരിച്ചു് അവരെ കഷ്ടതയിൽ നിന്നും മോചിപ്പിച്ചു. എന്നിട്ടും ക്ഷാമത്തിനു കുറവുണ്ടാകാഞ്ഞതിനാൽ കൊല്ലം, പാളയങ്കോട്ട മുതലായ സ്ഥലങ്ങളിൽ സഞ്ചരിച്ചു പണം പിരിച്ചു് ആളുകൾക്കു പലതരം ജോലികളുണ്ടാക്കി ജോലി ചെയ്യിച്ചു് കൂലികൊടുത്തു കാലക്ഷേപമാൎഗ്ഗമുണ്ടാക്കി. ക്ഷാമം വളരെ കഠിനമായിരുന്നതുകൊണ്ടു് ഇവൎക്കു് നെല്ലു മുതലായ ധാന്യങ്ങൾ കിട്ടാൻ വളരെ പ്രയാസമായിരുന്നു. അപ്പോൾ റിങ്കൽറേറാബിതന്നെ അരി വാങ്ങി അവൎക്കു ഭാഗിച്ചുകൊടുത്തു. ഒടുവിൽ പണവും അരിയും വേഗം തീൎന്നുപോകുമെന്നു കണ്ടു് അരി അളക്കുന്ന ആളിനെ നോക്കി "മകനേ ദൈവം വേഗം ഇൗ

ക്ഷാമത്തെനീക്കികളെയും, ഇപ്പോൾ ഇരിക്കുന്ന ധാന്യം പകുതി തീരുന്നതിനുമുൻപ് ദൈവം സഹായിക്കു"മെന്നു് പറഞ്ഞുകൊണ്ടു് തൻെറ പ്രാർത്ഥനാമുറിയിൽ കയറി ദൈവത്തോടു് പ്രാൎത്ഥിച്ചു. മുറിയ്ക്കകത്തുനിന്നും ഇറങ്ങുന്നതിനുമമ്പു് ഒരു വലിയ മഴപെയ്തു. ദേശം ഫലസമൃദ്ധിയുള്ളതായിത്തീൻ.

അദ്ദേഹം ചുററിസഞ്ചരിച്ചപ്പോൾ കണ്ട അനേക സാധുക്കളേയും, വിധവമാരേയും, അനാഥരേയും കൂട്ടിച്ചേൎത്തു് അവരെ സഹായിച്ചുവന്നു. ഒരു നിവൃത്തിയുമില്ലാത്തവൎക്കു് തൻെറ വീട്ടിൽനിന്നും ആഹാരം കൊടുത്തു. വഴിയിൽ കിടന്ന പാവപ്പെട്ട രോഗികളെ ദാനമായി ചികിത്സിച്ചു സുഖം നൽകി. അനേകം അടിമകളെ സ്വന്തം പണംകൊണ്ടു് സ്വാതന്ത്ര്യപ്പെടുത്തി. സാധുക്കൾക്കു് തൻെറ വസ്ത്രങ്ങൾപോലും ദാനംചെയ്യത്തക്കവിധത്തിൽ അദ്ദേഹം മനസ്സലിവുള്ളവനായിരുന്നു. പാവപ്പെട്ടവരുടെ കുടിലുകളിൽ ചെന്നു് അവരെ ആശ്വസിപ്പിക്കുന്നതിൽ വലിയ താല്പൎയ്യമുള്ളവനായിരുന്നു. ഇദ്ദേഹം വീട്ടിൽനിന്നും ഇറങ്ങുമ്പോൾ അനവധി പണം തൻെറ കൈവശമുണ്ടായിരുന്നാലും തിരികെ വരുമ്പോൾ ഒരു കാശുപോലും ശേഷിക്കയില്ല. അദ്ദേഹത്തിനു് നാട്ടുകാരെപ്പോലെ തമിഴ് നല്ലവണ്ണം സംസാരിക്കാൻ അറിയാം. അതിനാൽ പാവപ്പെട്ടവരുടെ ശരീരാത്മ സംബന്ധമായ എല്ലാ സംഗതികളും മനസ്സിലാക്കാൻ കഴിയുമായിരുന്നു. നിശ്ചയിക്കപ്പെട്ട സമയങ്ങളിലും ചില വിശേഷ ദിവസങ്ങളിലും സാധു

ക്കളെ എല്ലാം തൻെറ അടുക്കൽ വരുത്തി അവക്ക് അന്നദാനം ചെയ്യും. ആണ്ടിലൊരിക്കൽ സ്നാനപ്പെട്ട എല്ലാ ക്രിസ്ത്യാനികളേയും വിളിച്ചുകൂട്ടി മൈലാടിയിൽ വച്ച് ഒരു സ്നേഹവിരുന്നു കഴിക്കുക പതിവായിരുന്നു. ഈ അവസരത്തിൽ പ്രത്യേക യോഗങ്ങളും ഉണ്ടായിരുന്നു.

റിങ്കൽറേറാബിയെപ്പററി പല സംഭവങ്ങൾ ഇന്നും ജനങ്ങളുടെ ഇടയിൽ പറഞ്ഞുവരുന്നു. ബ്രിട്ടീഷ് റസിഡൻറിനെ സന്ദർശിക്കാൻ പോകുന്നതുപോലും വെറും കീറിപ്പറിഞ്ഞ ഷർട്ട് ധരിച്ചുകൊണ്ടാണ്. എന്നാൽ റസിഡൻസിയിലുള്ള വേലക്കാർ വന്ന് അദ്ദേഹത്തെ നല്ല വസ്ത്രങ്ങൾ ധരിപ്പിച്ചതിൻെറശേഷം അരമനയിലേക്ക് കൂട്ടിക്കൊണ്ടുപോകും. പരിഷ്കൃത വേഷം അദ്ദേഹം ധരിച്ചിട്ടില്ല. അദ്ദേഹത്തിൻെറ സുവിശേഷവേലയെക്കുറിച്ച് തമിഴിൽ അനേക കീർത്തനങ്ങൾ ഇന്നും പാടിവരുന്നുണ്ട്. 1815--ൽ തിരുവിതാംകൂർ സന്ദർശിച്ച ഡാക്ടർ മല്ലൻസ് ഇപ്രകാരമെഴുതിയിരിക്കുന്നു. "റിങ്കൽറേറാബി ഒരു അസാമാന്യ പുരുഷൻ. ദൈവശുശ്രൂഷയിൽ വളരെ താല്പര്യമുള്ളവൻ. പരിഷ്കൃതരീതി അദ്ദേഹം സ്വീകരിച്ചിട്ടില്ല; കൊല്ലത്തോ പാളയംകോട്ടോ മററു വല്ല സ്ഥാനത്തോ പോകുമ്പോൾ സ്നേഹിതന്മാർ വല്ല കോട്ടോമറേറാ കൊടുത്താൽ ധരിക്കുമെന്നേയുള്ളു. ഒരു തൊപ്പിയും ധരിച്ചുകൊണ്ട് തെക്കൻതിരുവിതാംകൂർ മുഴുവനും സന്ദർശിച്ചു ഒരു സാധാരണ കുടിലിൽ താമസിച്ച് എല്ലാ

സ്ഥലങ്ങളിലും സുവിശേഷം പ്രസംഗിച്ചുവന്നു. അദ്ദേഹത്തിന്റെ പ്രസംഗം വളരെ സാരവത്തായിരുന്നു. ജനങ്ങൾ ഈ പ്രസംഗം ദൈവത്തിന്റെ അരുളപ്പാടുകൾ പോലെ സ്വീകരിച്ചുവന്നു. പണം അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ നിസ്സാരമായിരുന്നു. 3 മാസത്തിലൊരിക്കൽ ശമ്പളം വന്നാലുടൻ മുൻ കടങ്ങളെല്ലാം തീൎത്തശേഷം ബാക്കി സാധുക്കൾക്കു് വീതിച്ചുകൊടുക്കും.

---

## അദ്ധ്യായം 9

റിങ്കൽറേറാബി വേലയിൽനിന്നു് അല്പംസ്വസ്ഥത എടുക്കുന്നതിനും സ്ഥലംമാററത്താൽ കുറെ ദേഹസുഖം അനുഭവിക്കുന്നതിനുമായി 1812–ാംവൎഷം താൻ ആദ്യം താമസിച്ചിരുന്ന തരങ്കംപാടി മുതലായ സ്ഥലങ്ങളിലേക്കു് യാത്രതിരിച്ചു. ചില സ്ഥലങ്ങളിൽ അദ്ദേഹത്താൽ സ്നാനമേല്ക്കപ്പെട്ട ക്രിസ്ത്യാനികൾ വിശ്വാസത്തിൽ നിലനില്ക്കുന്നതു കണ്ടു് വളരെ സന്തോഷിച്ചു. എന്നാൽ തരങ്കംപാടിയിൽവച്ചു് മരണകരമായ ഒരു രോഗം പിടിപെട്ടു് വളരെ കഷ്ടത സഹിച്ചു. എങ്കിലും ദൈവകൃപയാൽ സുഖം പ്രാപിച്ചതിന്റെശേഷം തിരുവിതാംകൂറിൽ വന്നു് വളരെ ശുഷ്കാന്തിയോടെ വേല ചെയ്തു. വേല അത്ര ലാഘവമല്ലായിരുന്നു. ഓരോ സഭയേയും ഒരു മാസത്തിൽ രണ്ടുപ്രാവശ്യംവീതം സന്ദൎശിച്ചു് ആളുകളെ വിളിച്ചുകൂട്ടി അധികനേരം പ്രസം

ഗിച്ച ഗുണദോഷിച്ചുവന്നു. അദ്ദേഹത്തിൻെറ നിരന്തര പരിശ്രമത്തിൻെറ ഫലമായി 1812–ാംവഷം ക്രിസ്തീയ സഭ ആശ്ചര്യകരമാംവണ്ണം അഭിവൃദ്ധിപ്പെട്ടു. സഭകളിൽ പ്രസംഗിക്കമാത്രമല്ല സിമ്മനാരിവേലയും വളരെ തീഷ്ണതയോടെ നടത്തിവന്നു. ആ ആണ്ടിൽ ആറു വാദ്ധ്യാന്മാരും അനേകം യുവജന വിദ്യാർത്ഥികളും ഉണ്ടായിരുന്നു. പ്രസംഗയാത്രയിൽ ഇവരിൽ ചിലർ അദ്ദേഹത്തോടുകൂടി സഞ്ചരിച്ചുവന്നു. മററുള്ളവരെ വേദത്തിൻെറ ആദ്യപാഠങ്ങളേയും മററുപദേശങ്ങളേയും ജനങ്ങൾക്ക് പറഞ്ഞുകൊടുക്കാൻ നിയോഗിക്കുക പതിവായിരുന്നു. അദ്ദേഹം ഡയറക്ടേഴ്സിനു് അയച്ച റിപ്പോർട്ടിൽ "ഈ വാദ്ധ്യാന്മാരുടെ വേല ഭാവി തലമുറയ്ക്കു് വളരെ ഗുണപ്രദമായിത്തീരും. അവർ ലോകത്തിൽ നല്ലസ്ഥിതി പ്രാപിക്കും, എന്നുതന്നെയല്ല അവരുടെ ആത്മീകാഭിവൃദ്ധിയുടെ ഉന്നതിക്കും അവ ഉത്തമമാൎഗ്ഗമാണു്. നാം വേദപുസ്തകം അച്ചടിച്ച് പ്രചരിപ്പിച്ചാൽ അവ ജനങ്ങൾക്ക് വായിക്കാൻ സാധിക്കുന്നില്ലെങ്കിൽ എന്തു പ്രയോജനം" എന്നു കാണുന്നു.

1813 ജനവരിമാസത്തിൽ തന്റെ സഹോദരിക്ക് അയച്ച ഒരു സന്ദേശം അടിയിൽ ചേത്തിരിക്കുന്നു: "ഇന്നലെ നിൻെറ 40–ാമത്തെ പിറന്നാൾ ആയതുകൊണ്ടു് ഞാൻ സന്തോഷിച്ചു. ഞാൻ ശരീരത്തിൽ നിങ്ങളിൽനിന്നു് വേർപെട്ടിരുന്നെങ്കിലും ആത്മാവിൽ അടുത്തിരുന്നു. യുദ്ധം അവസാനിച്ച് ഇപ്പോൾ സമാ

ധാനം പ്രാപിച്ചിരിക്കും എന്ന വിശ്വാസത്തിൽ ഞാൻ ഈ ലേഖനം എഴുതുന്നു. ഇപ്പോൾ സമാധാനം ഉണ്ടായില്ലെങ്കിൽ അതു് ഉണ്ടാകുന്നതുവരെയും നാം ജീവിച്ചിരിക്കയില്ലെന്നു വിചാരിക്കുന്നു. എന്റെ കാര്യങ്ങളെല്ലാം മുൻപിലത്തേതുപോലെതന്നെ. രണ്ടു വർഷമായി ഞാൻ കഠിനമായ ഏകാന്തവാസം ചെയ്തുവരുന്നു. എന്തുകൊണ്ടെന്നാൽ ഇൻഡ്യാക്കാർ നമുക്കു് സംസർഗ്ഗം ചെയ്വാൻ യോജിച്ചവരല്ല. ഞാൻ ഇപ്പോഴും കല്യാണം കഴിക്കാതെയിരിക്കുന്നു. എന്റെ സ്ഥിതി നോക്കിയാൽ ഇനിയും ഇപ്രകാരം ഇരിക്കേണ്ടിവരുമെന്നു് തോന്നുന്നു. ഈ ജീവിതത്തിൽ പലവിധ ദുഃഖങ്ങളുണ്ടായിരുന്നാലും അനേകം സന്തോഷവശങ്ങളുമുണ്ടു്. ആത്മീകമായി എന്നിലും മററുള്ളവരിലും ഉള്ള കുറവു് ദിനംപ്രതി മനസ്സിലായി വരുന്നു. അതു് രക്ഷിതാവായ യേശുവിന്റെ സ്നേഹത്തെയും സൌമ്യതയേയും ക്ഷമയേയും അധികം കാംക്ഷിപ്പാൻ പ്രോത്സാഹിപ്പിക്കുന്നു. സാധുക്കളെക്കൊണ്ടും അഗതികളെക്കൊണ്ടും നിറഞ്ഞ എന്റെ സഭ ഇപ്പോഴും ഉണ്ടു്. എന്നാൽ കൃപാവരങ്ങൾ അധികമായി സഭയിൽ കാണുന്നില്ല. പ്രോട്ടസ്റ്റന്റരീതിയിൽ സുവിശേഷം സ്വീകരിക്കാൻ ഹിന്ദുക്കൾക്കു ഇതുവരെയും വേണ്ട സ്ഥിതി വന്നിട്ടില്ല. ഇപ്പോൾ ഇവിടെ 600 ക്രിസ്ത്യാനികൾ ഉണ്ടു്. അവർ ഇൻഡ്യയിൽ മററുള്ള സ്ഥലങ്ങളിലുള്ള ക്രിസ്ത്യാനികളേക്കാൾ ഒട്ടും പിന്നോക്കമല്ല. ഇവരിൽ ചിലർ രക്ഷയെ സാക്ഷാൽ ആസ്വദിച്ചവരത്രേ. മററുള്ളവർ പല

കാരണവശാൽ ഈ മാഗ്ഗത്തിൽ ചേൎന്നവരാണ്. കാലാന്തരത്തിൽ ഇവരുടെ യഥാർത്ഥ സ്ഥിതി വെളിപ്പെടും. നമ്മുടെ സംഘക്കാർ ഇവിടത്തെ മാഗ്ഗസ്ഥിതി അറിയാതെ പണം ചിലവാക്കുകയും ആളുകളെ അയയ്ക്കുകയും ചെയ്യും. ഞാൻ എന്നാൽ കഴിയുന്നിടത്തോളം അവക്ക് ഇവിടത്തെ യഥാർത്ഥസ്ഥിതി അറിയിച്ചിട്ടുണ്ട്. അവരുടെ മുഖ്യ ഉദ്ദേശം വേണ്ടപോലെ നിറവേറിയിട്ടില്ലെങ്കിലും വളരെ നന്മ ലഭിച്ചിട്ടുണ്ട് എന്ന കാരണത്താൽ ഞാൻ തൃപ്തിപ്പെടുന്നു. ദീനക്കാർ സൌഖ്യം പ്രാപിക്കുന്നു. സാധുക്കൾ സഹായിക്കപ്പെടുന്നു. ബാല്യക്കാർ വിദ്യാഭ്യാസം ചെയ്യുന്നു.

ഞാൻ ഇപ്പോൾ ഒരുവിധം സുഖമായിരിക്കുന്നു. ഞാൻ 360 മൈൽ ദൂരമുള്ള തരങ്കംപാടിക്ക് കുതിരപ്പുറത്തു് ഈയിടെ യാത്രചെയ്തു. അവിടെ ചെന്ന ഉടനെ എനിക്കു വാതപ്പനി പിടിച്ചു. അപ്പോൾ എൻെറ അവസാനകാലം അടുത്തു എന്ന് ഞാൻ വിചാരിച്ചു. എന്നാൽ ദൈവം തൻെറ കാരുണ്യത്താൽ മരണം മാററി ആയുസ്സിനെ അല്പംകൂടി നീട്ടിയിരിക്കുന്നു. എന്നാൽ കുതിരസവാരിക്കു പ്രയാസമായ വിധത്തിൽ ശരീരത്തിനു് ചില കുഴപ്പം നേരിട്ടിരിക്കുന്നു. ഇവിടെയുള്ള സ്ഥലങ്ങളെ മനസ്സിലാക്കാൻ നിനക്കു് ചില പടങ്ങൾ അയയ്ക്കുന്നു. എല്ലാം വളരെനന്നായിരിക്കുന്നു. ആണ്ടിൽ രണ്ടുപ്രാവശ്യം ഭയങ്കരമായ കാററു് കിഴക്കൻ പ്രദേശങ്ങളിൽനിന്നും ഇവിടെ അടിക്കുന്നു. ഇപ്രകാരം ഒരിടത്തും ഞാൻ കണ്ടിട്ടില്ല. അതുനിമിത്തം

രാത്രിയും പകലും ഞാൻ കഷ്ടപ്പെടുന്നു: ഇതു് ഞാൻ താമസിക്കുന്ന കുടിലിൻെറ കുററമായിരിക്കാം. അവിടെ ഉച്ചയ്ക്കുള്ളപോലെയുള്ള തണുപ്പു് ഇവിടെ രാവിലെ ഉണ്ടു്. ഇവിടെ അധികം ഉഷ്ണമില്ല. മലകളെ കടന്നു് കിഴക്കൻപ്രദേശങ്ങളിൽ പോയാൽ റൊട്ടിക്കാരൻെറ ബോമ്മയിൽ പ്രവേശിക്കുന്നതുപോലെ അതിചൂടായിരിക്കും. എൻെറ ജീവിതത്തിൽ സന്തോഷഭാഗങ്ങൾ ഒന്നുമില്ല. എന്തുകൊണ്ടെന്നാൽ എൻെറ ആത്മാവു് പുതുതായി ഒന്നും കാണുന്നില്ല. അതുകൊണ്ടു് അതിനെ സന്തോഷിപ്പിക്കാൻ മാൎഗ്ഗമില്ല. പുസ്തകപാരായണം, സജ്ജനസംസൎഗ്ഗം മുതലായവയുടെ സന്തോഷം അനുഭവിക്കാൻ ഇവിടെ നിവൃത്തിയില്ല. എന്നാലും ഞാൻ വിഷാദിക്കുന്നില്ല. ഒരുവിധം അല്ലെങ്കിൽ വേറൊരുവിധത്തിൽ കഷ്ടതനിറഞ്ഞ ഈ ജീവിതദശ കഴിച്ചുക്രൂട്ടേണ്ടിയിരിക്കുന്നു. ചിലൎക്കു് മാത്രമേ അതു് എളുപ്പത്തിൽ കഴിക്കാൻ സാധിക്കയുള്ളൂ. ഞാൻ അനേകരെക്കാളും എളുപ്പത്തിൽ കാലം കഴിക്കുന്നു എന്നാണു് തോന്നുന്നതു്: അവിടെ ഔൽസ് നഗരത്തിൽ ഒരു ചെമ്മാൻ തൻെറ കതകിൽ "ത്വത്സമയാവസ്ഥ തരംതാഴ്ന്നു പോകരുതേ" എന്നു് എഴുതിയിരിക്കുന്നതു് ഞാൻ പലപ്പോഴും ഓൎക്കും. ഈ ലോകം ആകപ്പാടെ കുഴപ്പം. പല ഭേദഗതികൾ വന്നേക്കാം. കൎത്താവിന്റെ കൈയിൽ ഇരിക്കുന്നു എന്നൊരു ബോധ്യമുണ്ടായാൽ, ഹ!—എത്രഭാഗ്യം. ദൈവകൃപയാൽ ആ ബോധം ഇപ്പോൾ എനിക്കുണ്ടു്. ഗ്രഹിക്കാൻ

പാടില്ലാത്ത ദൈവസമാധാനം നമ്മോടുകൂടെ ഉണ്ടായിരിക്കട്ടെ. ആ സമാധാനം എല്ലാഃയ്പോഴും നമുക്കുണ്ടായിരിക്കയില്ല. ഉണ്ടായിരുന്നാൽ നമ്മുടെ ഹൃദയത്തേയും മനസ്സിനേയും നാം നിത്യത പ്രാപിക്കുന്നതുവരെ രക്ഷിതാവിൽ ലയിപ്പിക്കാൻ സാധിക്കുന്നതാണ്. മാതാപിതാക്കന്മാരേയും സഹോദരന്മാരേയും എനിക്കുവേണ്ടി ചുംബനംചെയ്യുക. നീ ക്രിസ്തുവിൻെറ പൈതലായിരിക്കുന്നതുപോലെ ഈ കഷ്ടത നിറഞ്ഞകാലത്തു നമ്മുടെ കുടുംബക്കാർക്ക് ഇസ്രായേലിലെ ഒരു മാതാവിനെപ്പോലെയിരിക്കുക. കർത്താവു നിന്നെ അനുഗ്രഹിച്ചു സൂക്ഷിക്കട്ടെ, എന്ന്—നിന്നെ സ്നേഹിക്കുന്ന വില്യം."

മേൽ പ്രസ്താവിച്ച ലേഖനത്തേക്കുറിച്ച് ഒരു പാദ്രി മിഷൻ പ്ലോട്ട് എന്ന പത്രത്തിൽ ഇപ്രകാരമെഴുതിയിരിക്കുന്നു: "സാക്ഷാൽ മാനസാന്തരപ്പെട്ട സത്യക്രിസ്ത്യാനികളെ മാത്രം ചേർത്ത് ഒരു വിശുദ്ധസഭ സ്ഥാപിക്കണം എന്നുള്ള റിങ്കൽറേറാബിയുടെ നിശ്ചയത്തെ മാററി ലൂഥറൻ മിഷൻ സംഘം ചെയ്തുവന്നതുപോലെ അദ്ദേഹം സ്നാനപ്പെട്ട വിവിധ വിഭാഗക്കാരെ ഉൾപ്പെടുത്തി സഭ നടത്തിവന്നു. ഇതു് സ്വന്ത അഭിപ്രായത്തിനും അക്കാലത്തെ സംഭവങ്ങളാൽ നിർബന്ധിക്കപ്പെട്ട നടത്തിപ്പിനും വിപരീതമായിരുന്നതിനാൽ അദ്ദേഹം ദുഃഖപീഡിതനായിത്തീർന്നു. അതു് സാധുക്കളുടേയും താണ ജാതിക്കാരുടേയും ഇടയിൽ വേല ചെയ്യുന്ന ഒരു മിഷനറിക്ക് ലഭിക്കാവുന്ന അനുഭവമാണ്. ഇങ്ങനെ ഉള്ളവരുടെ കൂട്ടത്തിൽ സ്വല്പം നന്മ

കൾ കാണുന്നതായാൽ അതിനെ വലുതായി വിചാരിച്ചു് ദൈവത്തെ സ്തുതിക്കുന്നവനാണു് സാക്ഷാൽ ബുദ്ധിയുള്ളവൻ. അനേക നൂററാണ്ടുകളായി കഷ്ടതയിലും, അടിമതത്വത്തിലും, അജ്ഞാനത്തിലും മുഴുകിക്കിടന്ന ഇൻഡ്യാക്കാർ സന്മാർഗ്ഗഭംഗിയെ ആഗ്രഹിക്കാതിരുന്നതു് ആശ്ചയ്യമല്ല. ക്രിസ്തീയതത്വങ്ങളുടെ പ്രത്യക്ഷഗുണം ഒരു വർഷം പ്രായമുള്ള ക്രിസ്ത്യാനികളിൽ കാണണമെന്നാഗ്രഹിക്കുന്നതു് പ്രയാസമാണു്. അതിനാൽ സ്വല്പ ദോഷാംശം കാണുന്നതായാലും അതിനുവേണ്ടി ദൈവത്തിനു സ്തോത്രംചെയ്തു നമ്മുടെ ശുശ്രൂഷയിൽ ധൈയ്യപ്പെടുന്നതുതന്നെ ഏററവും ഉത്തമം.

1813 ജനുവരിമാസം 4-ാംനു- റിങ്കൽറേറാബി ലണ്ടൻമിഷനറി സൊസൈററി ഡയറക്റേറഴ്സിനു എഴുതിയ ഒരെഴുത്തു് താഴെ ചേക്കുന്നു: "കഴിഞ്ഞ മേമാസത്തിൽ എന്റെ പഴയ സ്നേഹിതന്മാരെ കാണാനായി ഞാൻ കിഴക്കൻ പ്രദേശങ്ങളിലേക്കു് ഒരു ദീർഘയാത്ര ചെയ്തു. തത്സമയം എനിക്കുവേണ്ടി മിസ്റ്റർ ഫ്ളൂറി സഭകളുടെ മേൽനോട്ടം വഹിച്ചു. ഞാൻ പാളയംകോട്ടയിൽ കുറേക്കാലം താമസിച്ചു പള്ളിയിൽ പ്രസംഗിക്കയും തിരുവത്താഴ ശുശ്രൂഷ അനുഷ്ടിക്കുകയും ചെയ്തു. രാമനാട്ടിലും ഞാൻ ദിവ്യാരാധനകൾ നടത്തി. ജൂൺ മാസത്തിൽ നാഗപട്ടണത്തിൽ എത്തിയപ്പോൾ അവിടെ വാസ്സ് മിഷനറി വിതച്ചതും എന്റെ ഒരു സ്നേഹിതൻ സൂക്ഷിച്ചു വളത്തിയതും ഡച്ചുകാർ ഉൾപ്പെട്ടതുമായ ഒരു സഭയും

പള്ളിക്കൂടവും കണ്ടു. സഭക്കാർ ദൈവാനുഗ്രഹവും കൃപാവരങ്ങളും പ്രാപിച്ചിരിക്കുന്നതുമൂലം ഞാൻ വളരെ സന്തോഷിച്ചു. ഇതുപോലെയുള്ള, ദൈവഭൃത്യന്മാൎക്കു ആശ്വാസകരമായ കാഴ്ച ഇൻഡ്യയിൽ വളരെ അപൂൎവ്വമാണു്.

എന്റെ യാത്രയിൽ ആവശ്യപ്പെട്ട ശരീരസുഖമെനിക്കു ലഭിച്ചിരുന്നു. ഒക്ടോബർ മാസത്തിൽ തിരിച്ചെത്തി എന്റെ സന്യാസവാസം സ്വീകരിച്ചു് സാധാരണ വേല ചെയ്യാൻ ആരംഭിച്ചു. മിസ്റ്റർ ഫ്ളൂറി ആദ്യം പുത്തളത്തും പിന്നീടു് ഇത്താമ്പൊളിക്കും പോയി. ഇത്താമ്പൊളിസഭ നല്ല അഭിവൃദ്ധി പ്രാപിക്കുമെന്നു തോന്നുന്നു.

എന്റെ സാധാരണ ശുശ്രൂഷ ഞാൻ ചെയ്തുവരുന്നു. മാസംതോറും ഈരണ്ടു പ്രാവശ്യം ഓരോ സഭയേയുംസന്ദർശിച്ചു് വൈകിട്ടു് ആളുകളെ ഒരു യോഗമായി വിളിച്ചുകൂട്ടി പ്രസംഗം നടത്തുന്നു. കോവിൽവിളയിൽ ഒരു സങ്കടകരമായ സംഭവം നടന്നതുകൊണ്ടു് സഭാംഗങ്ങൾ ചിതറിപ്പോയി. ഈ സംഭവംമൂലം യാക്കോബ്ബാവായുടെ കണ്ണുകളിൽനിന്നും അശ്രുധാര ചൊരിഞ്ഞു. അദ്ദേഹം ഇപ്പോൾ 101 വയസ്സുള്ളവനായിരുന്നിട്ടും ശരീരസുഖത്തിനു കുറവില്ല. ചിതറിപ്പോയ ഈ സഭാംഗങ്ങളെ കൂട്ടിച്ചേർക്കാൻ എനിക്കു് സാധിച്ചതുകൊണ്ടു് ദൈവത്തിനു സ്തോത്രം.

ക്രിസ്തുമസ്സ് ദിവസം ഞാൻ മൈലാടിയിൽ അനേകരെ സ്നാനപ്പെടുത്തി. വളരെപ്പേർ തിരുവത്താഴ

ത്തിൽ സംബന്ധിച്ചു. വർഷാരംഭദിവസം ഇത്താമ്പൊളിയിൽ അനേകർ സ്നാനപ്പെടുകയും സഭാംഗങ്ങളിൽ ചിലർ തിരുവത്താഴത്തിൽ സംബന്ധിക്കുകയും ചെയ്തു. കിഴക്കൻ സഭകളിൽ ഈയാണ്ടിൽ വിശേഷമൊന്നുമില്ല. പടിഞ്ഞാറുഭാഗത്തുള്ള സഭകളിൽനിന്നും ചില ഉപദ്രവങ്ങൾ നേരിടുന്നുണ്ടെങ്കിലും വേഗം ശരിപ്പെടുമെന്നാശിക്കുന്നു. ഇത്താമ്പൊളിയിലും ആത്തിക്കാട്ടും അനേകം ജനങ്ങൾ ഉത്സാഹമായി സഭയിൽ ചേരുന്നു. ആത്തിക്കാട്ട് പള്ളി കുറെ വലുതാക്കണമെന്ന് ആഗ്രഹമുണ്ട്. പുത്തളം, കോവിൽവിള എന്നീ സ്ഥലങ്ങളിൽ വലിയ അഭിവൃദ്ധി കാണുന്നില്ല. അന്നത്തനാടാൻകുടിയിരുപ്പ് എന്നസ്ഥലത്ത് നൂതനമായി ഒരു സഭയുണ്ടായി. ജനങ്ങൾതന്നെ ഒരു പള്ളിയും പണിയിച്ചു. അവരിൽ രണ്ടു റോമൻ കത്തോലിക്കാകുടുംബക്കാരുമുണ്ട്. ഈയിടെ ഞാൻ 156 പേരെ സ്നാനപ്പെടുത്തി. രണ്ട് കുടുംബങ്ങളെ സഭയിൽ ചേർക്കുകയും 3 കുടുംബങ്ങളെ പുറത്താക്കുകയും ചെയ്തു. വൃദ്ധന്മാരും കുട്ടികളുമായി 9-പേർ മരിച്ചുപോയി. ഞാൻ ഇവിടെ വന്നതിൽ പിന്നീട് ഒരു സ്ത്രീ മാത്രമേ മരിച്ചിട്ടുള്ളു. തിവത്താഴത്തിൽ സംബന്ധിക്കുന്നവരുടെ സംഖ്യ 555-ൽനിന്നും 677 ആയി വർദ്ധിച്ചിരിക്കുന്നു.

ഇത്താമ്പൊളി, പുത്തളം, ആത്തിക്കാട്, താമരക്കുളം എന്നീസ്ഥലങ്ങളിൽ പള്ളിക്കൂടങ്ങൾ ദിനംപ്രതി അഭിവൃദ്ധിപ്പെട്ടുവരുന്നു. അനേക കുട്ടികൾ എഴുതാൻ പഠിച്ചു. അതുപോലെ വായിക്കാനും അവർ

അഭ്യസിച്ചിട്ടുണ്ടു്. വിദ്യാൎത്ഥികളിൽ പല ഹിന്ദുക്കളും മഹമ്മദീയരും ഉണ്ടു്. ഇപ്പോൾ 60 കുട്ടികൾ പഠിക്കുന്നു."

ഈ സന്ദർഭത്തിൽ റിങ്കൽറേറാബിയുടെ ഡയറിയിൽ കാണുന്ന എട്ടെഴുത്തു് വേദം എന്ന സംഘത്തെപ്പററി അല്പം പറയാം. ഇതു ഹിന്ദുമതത്തിൽ ഒരു താണ വിഭാഗമാണു്. ഈ മതം സ്വീകരിച്ചിരിക്കുന്ന ആളുകൾ അതു പരസ്യമാക്കാതെ വളരെ രഹസ്യമായിട്ടാണു് അനുവൎത്തിച്ചുവരുന്നതു്. എന്നിട്ടും റിങ്കൽറേറാബി ഈ സംഘത്തിൻെറ യഥാൎത്ഥസ്ഥിതി മനസ്സിലാക്കിയതു് വളരെ ആശ്ചൎയ്യകരമാണു്. അതിനെക്കുറിച്ചു് ഡയറിയിൽ താഴെ പറയും പ്രകാരം എഴുതിയിരിക്കുന്നു. "കോവിൽവിള എന്ന സ്ഥലത്തു എട്ടെഴുത്തു വേദത്തെക്കുറിച്ചു അന്വേഷിച്ചു. ഈ എഴുത്തുകൾ ഒരു പ്രാൎത്ഥനയാണു്. അതിനെ ഉച്ചരിക്കുന്നവർ പരസ്പരം അംഗങ്ങൾ എന്നു മനസ്സിലാക്കും. അനുഗ്രഹത്തിനും ദിവ്യപരിപാലനത്തിനും ഉള്ളതും എളുപ്പത്തിൽ മനസ്സിലാകുന്നതുമായ വേറെ ചില പ്രാർത്ഥനകളും അവർ എന്നോടുപറഞ്ഞു. അവിടത്തെ പ്രധാനാചാൎയ്യൻ ആണ്ടിലൊരിക്കൽ പാളയംകോട്ടയ്ക്കു് വടക്കുള്ള ൧൫ കത്താർ എന്ന സ്ഥലത്തുനിന്നും വരും. ആ സ്ഥലത്തു് ഈ സമുദായക്കാരുടെ പ്രധാനപ്പെട്ട ഒരു ക്ഷേത്രമുണ്ടു്. ആ പ്രധാനാചാൎയ്യൻ ഇവിടെവരുമ്പോൾ പുതുതായി സഹോദരസഹോദരികളെ ഇതിൽചേൎക്കും. അവർ മതസ്വീകരണം ചെയ്യുമ്പോൾ അതിൻെറ

ത്തങ്ങൾ രഹസ്യമായി സൂക്ഷിക്കാമെന്നു് സത്യം ചെയ്യും. മാർഗ്ഗപ്രവേശനഫീസ് നാലു ചക്രംവീതം കൊടുക്കണം. ഈ ആജ്ഞയിന് പ്രകാരം നടക്കാത്തവൎക്കു് പിഴകളും വേറെ ശിക്ഷകളും കൊടുക്കുക പതിവായിരുന്നു. അവരുടെ യോഗങ്ങളിൽ സ്ത്രീകൾക്കും ആചാൎയ്യസ്ഥാനം സ്വീകരിക്കാം. രാമസ്വാമി എന്ന ഒരു ദൈവത്തെ ആണു് അവർ വിശ്വസിക്കുന്നതു്. എല്ലാ ജാതികളും ഒന്നുതന്നെയാണെന്നാണു് അവരുടെ വിചാരം. അതിനാൽ രാത്രി അവരുടെ ക്ഷേത്രത്തിലോ അഥവാ ഒരു ഭവനത്തിലൊക്കൂടി സ്നേഹവിരുന്നുകൾ കഴിക്കും. അതിനു് സകലജാതിക്കാരും ബ്രാഹ്മണർപോലും ചെന്നുചേരും. എല്ലാവരും ഒരുമിച്ചു് ഊണുകഴിഞ്ഞു് അതിലഹരിയുള്ള മദ്യവും സേവിച്ചു് വളരെ ഉല്ലാസമായി നടക്കും. പിന്നീടു് തറയിൽ കണ്ടമാനം കിടന്നുറങ്ങി അതിരാവിലെ ആഹാരത്തിന്റെ അവശിഷ്ടങ്ങൾ ഭക്ഷിച്ചിട്ടു് ഓരോരുത്തരും അവരവരുടെ വസതികളിലേക്കു് മടങ്ങും. യൂറോപ്പിൽ തലവെട്ടി വേദം (ഫ്രീമേസൻ) പ്രചരിച്ചതുപോലെ ഇൻഡ്യയിൽ എട്ടെഴുത്തു് വേദം ഘോഷിക്കപ്പെടുന്നു. അതിവേഗത്തിൽ നാടെല്ലാം വ്യാപരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഇൻഡ്യാക്കാർ രഹസ്യമായി ജാതി നടപടികളെ ഉപേക്ഷിക്കാൻ താല്പൎയ്യമുള്ളവരാണു്. ഞാൻ ആത്തിക്കാട്ടുള്ള ഈ വേദക്കാരുടെ ക്ഷേത്രം സന്ദൎശിച്ചു. അതു് ജനസഞ്ചാരമില്ലാത്ത ഒരു കാട്ടിൽ ഒരു ചെറിയ കെട്ടിടംപോലെ മാത്ര

മിരിക്കുന്നു. അതിൽ ബിംബം ഒന്നും കാണുന്നില്ല. എന്നാലും ഒരു ബലിപീഠം ഉണ്ടു്. അതിൽ പുഷ്പങ്ങൾ ചാൎത്തിയിരുന്നു. മുൻവാതലിന്റെ അടുത്തു് ഒരുമാതിരി തൂൺ ഉണ്ടായിരുന്നു. അതു കണ്ടപ്പോൾ ശലോമോന്റെ ദൈവാലയത്തിനു് മുൻപിലുണ്ടായിരുന്ന യാഖീൻ, പോവാസ് എന്ന വെൺകൽ തൂണുകൾ എന്റെ ഓൎമ്മയിൽ വന്നു."

"അഞ്ചെഴുത്തു് വേദം എന്ന നാമധേയത്തോടുകൂടി വേറൊരു സംഘക്കാരുണ്ടു്. ഇവർ ബുദ്ധപിശാചിനെ വന്ദിക്കുന്നു. ഈ സംഘക്കാർ ജ്യോതിഷത്തിൽ അതിനിപുണന്മാരാണു്."

---

## അദ്ധ്യായം 10

1813-ാംവൎഷം ബ്രിട്ടീഷ്റസിഡന്റുകൎണ്ണൽ മൺറോ മൈലാടിയിൽ പ്രൊട്ടസ്റ്റന്റു മാൎഗ്ഗത്തിന്റെ ആരംഭത്തെയും അതിന്റെ യഥാൎത്ഥസ്ഥിതിയേയും മേൽഗതിക്കുള്ള വഴികളെയുംകുറിച്ചു് റിങ്കൽറേറാബിയുടെ പേൎക്കു് ചില ചോദ്യങ്ങൾ അടങ്ങിയ ഒരെഴുത്തയച്ചു. ഈ 13 ചോദ്യങ്ങളും അവയ്ക്കു് റിങ്കൽറേറാബികൊടുത്ത മറുപടിയും അടിയിൽ ചേൎക്കുന്നു.

**ചോദ്യം 1.** പ്രൊട്ടസ്റ്റന്റു് മിഷൻ തിരുവിതാംകൂറിൽ സ്ഥാപിച്ച സമയവും വിധവും പ്രാബല്യവും ആ വേലയ്ക്കു് ആസ്പദമായ അധികാരങ്ങളും മിഷൻ

സംബന്ധമായി സമർപ്പിക്കുന്ന റിപ്പോർട്ടുകളുടെ രീതിയും റിങ്കൽദേറ്റാബി വിവരമായി അറിയിക്കണം.

**ഉത്തരം.** എന്റെ മേലധികാരി ലണ്ടൻമിഷനറിസംഘമാണ്. അവർ എന്നെയും ക്രാൻ, ഡിഗ്രയിഞ്ചസ് എന്ന രണ്ടുപേരെയും 1804-ാംവഷം കൊപ്പനേഗൻവഴിയായി തരങ്കംപാടിയിലേയ്ക്കയച്ചു. എനിക്കു തന്ന അധികാരപത്രം ഇപ്പോൾ എന്റെ കൈവശമില്ല. എന്നാൽ 1805-ൽ ഞാൻ അതു് മദ്രാസ്സ്ഗവർമ്മെൻറിനെ കാണിച്ചു. ഒരു സുവിശേഷമാസികയിലും അതു് പ്രസിദ്ധംചെയ്തിരുന്നു. ആ മാസിക ഞാൻ വീട്ടിൽപോയി കണ്ടുകിട്ടിയാൽ റസിഡന്റ് സായ്പിനു് അയച്ചുതരാം. ഗവർണ്ണർജനറൽ ബൻറിംഗ് പ്രഭുവിന്റെ അനുവാദത്തോടുകൂടെ ഡിഗ്രയിഞ്ചസും ക്രാനും വിശാഖപട്ടണത്തിൽ സഭകം സ്ഥാപിച്ചു. എനിക്കു കീബൺസായ്പ് ഒരു ലൈസൻസും തഞ്ചാവൂർ റസിഡന്റ കർണ്ണൽ ബ്ളാക്കബൺ ഒരു പാദസ്സാർട്ടും തന്നതുകൊണ്ടു ഞാൻ പാളയംകോട്ടയിൽവന്നു് തിരുവിതാംകൂർ മിഷൻവേല തുടങ്ങുന്നതുവരെ തിരുനൽവേലി മിഷൻചാർജ്ജു് വഹിച്ചിരുന്നു. എനിക്കു കിട്ടിയ ലൈസൻസ് കർണ്ണൽമെക്കാളി തിരുവിതാംകൂറിൽ വന്ന സമയം ഞാൻ കാണിച്ചിട്ടുണ്ടു്.

മൈലാടിയിൽനിന്നു് ഒരാൾ തന്റെ മകനോടൊന്നിച്ചു തരങ്കംപാടിയിൽവന്നു് എന്നെ വിളിച്ചതിനാൽ ഞാൻ തിരുവിതാംകൂറിൽ വന്നു വേലചെയ്യണമെന്നു തീൎച്ചപ്പെട്ടതി. ആ വന്ന ആളിന്റെ ഹിന്ദു

പ്പേർ മാറിയൻ എന്നായിരുന്നു. എന്നാൽ ഇപ്പോൾ അയാൾ വേദമാണിക്യമെന്ന നാമധേയത്തോടുകൂടെ എൻെറ കീഴിൽ ഒരുപദേശിയായിരിക്കുന്നു.

ഞാൻ പരേതനായ രാജാവിൻെറ കാലത്തു മൈലാടിയിൽ ഒരു പള്ളി കെട്ടുന്നതിനു് അനുവാദം ലഭിക്കാൻ ശ്രമിച്ചു. എന്നാൽ വേലുത്തമ്പിദളവാ തടസ്സം ചെയ്തതുകൊണ്ടു സാധിച്ചില്ല. യുദ്ധത്തിനുപിൻപു് ആ പള്ളിയും വേറെ പള്ളികളും സ്ഥാപിക്കുന്നതിനു് അനുവാദം കിട്ടി. ഒരു സ്നേഹിതൻ സമ്മാനിച്ച 1000 രൂപാകൊണ്ടു് 6 ചെറിയ പള്ളികളും പണിയിച്ചു. ഇതാണു് ഈ മിഷൻെറ ആരംഭം.

മിഷൻവേലയുടെ ആദ്യകാലങ്ങൾ എൻെറ ജീവിതത്തിൽ വളരെ കഷ്ടതകൾ നിറഞ്ഞവയായിരുന്നു. ഈ ദേശത്തെ സംഗതികൾ സകലവും കുഴപ്പമായിരുന്നതുകൊണ്ടു് നാട്ടുകാരിൽ മിക്കവരും മിഷനറിയുടെ സ്വല്പസഹായം നിമിത്തം വലുതായ ലാഭം സമ്പാദിക്കാമെന്നു് വിചാരിച്ചിരുന്നു. എന്നോടു സംബന്ധപ്പെട്ടിരുന്നാൽ തലവരി, ഊഴിയം മുതലായവ കൊടുക്കേണ്ടിവരികയില്ലെന്നുള്ള വിചാരത്തോടുകൂടെ ഏകദേശം 5000 ജനങ്ങൾ ഈ സഭയിൽ ചേരാൻ തുനിഞ്ഞു. ഞാൻ അവരുടെ അബദ്ധനിലയെപ്പററി എന്തെല്ലാം പറഞ്ഞിട്ടും അവർ കേട്ടില്ല. എന്നാൽ അവരുടെ സ്വന്ത അനുഭവംകൊണ്ടുതന്നെ അവരുടെ തെററിദ്ധാരണ കണ്ടുപിടിച്ചു. ഈ തിരുവിതാംകൂർ യുദ്ധസമത്തു എൻെറ കീഴിലുണ്ടായിരുന്ന സഹായ

ക്കാർ അത്ര്യും വിശ്വാസത്തിൽനിന്നു് പിൻമാറി. ഞാൻ അക്കാലങ്ങളെപ്പററി ഓക്കുമ്പോശം എൻെറ ഹൃദയം അതിവേദനപ്പെടുന്നു. അതിൽനിന്നും വിടുതൽ നൽകിയ ദൈവത്തെ എപ്പോഴും സ്തുതിക്കുന്നു. ഇഹലോകത്തിന്നനുരൂപമായ ഗുണങ്ങശം ഒന്നും ലഭിക്കുകയില്ലെന്നു കണ്ടപ്പോശം ഈ പ്രൊട്ടസ്റ്റൻറു് മാൎഗ്ഗത്തോടു് ജനങ്ങളുടെ ആഗ്രഹം ഇല്ലാതെയായി. സന്മാൎഗ്ഗലോകത്തിൽ അസാധാരണ സംഭവങ്ങശം ഇങ്ങനെയല്ലയൊ അവസാനിക്കുന്നതു്. എന്നാലും ചില ക്രിസ്ത്യാനികശം വിശ്വാസത്തിൽ നിലനിന്നു. അവരാണു് ഈ സഭയുടെ അസ്ഥിവാരമായിത്തീൎന്നതു്.

എന്റെ സൊസൈററി ഇന്നവിധത്തിൽ റിപ്പോൎട്ടു അയയ്ക്കണമെന്നു് പ്രത്യേകം ആജ്ഞാപിച്ചിട്ടില്ല. ഇൻഡ്യയെക്കുറിച്ചു് അവൎക്കു തെററിദ്ധാരണയുണ്ടായിരുന്നതുകൊണ്ടു് എൻെറ ആദ്യറിപ്പോർട്ടുകശം ഡയറി ഭാഷയിൽ അവൎക്കു് മനസ്സിലാകത്തക്കവണ്ണം വിവരമായി എഴുതി അയച്ചു. അവർ അതിൽ ഏതാനും പ്രസിദ്ധപ്പെടുത്തി. അനന്തരം അവൎക്കു് ഇവിടത്തെ സ്ഥിതികശം എല്ലാം മനസ്സിലായി എന്നു് എനിക്കു ബോധ്യം വന്നതുകൊണ്ടു് കഴിഞ്ഞ രണ്ടുകൊല്ലമായി എൻെറ റിപ്പോർട്ടു് മററു മിഷൻ സംഘറിപ്പോർട്ടുകളെപ്പോലെ വളരെ ചുരുങ്ങിയിരിക്കുന്നു. ചില സമയങ്ങളിൽ എഴുതാൻ സംഗതികശം ഇല്ലാതെ വിഷമിക്കുന്നു.

**ചോദ്യം 2.** റിങ്കൽറേറാബിയുടെ കീഴിൽ ഉള്ള പ്രൊട്ടസ്റ്റൻറ് സഭകൾ എത്ര അംഗങ്ങൾ എത്ര. മിഷൻ ശുശ്രൂഷക്കാരുടെ എണ്ണം ഉദ്യോഗം ശമ്പളം ഇവ അറിയണമെന്നാഗ്രഹിക്കുന്നു.

**ഉത്തരം.** പിച്ചകുടിയിരുപ്പു്, മൈലാടി, താമരക്കുളം, പുത്തളം, ആത്തിക്കാട്ടു്, കോവിൽവിള, അനന്തനാടാൻകുടിയിരുപ്പു്, ഇത്താമ്പൊളി എന്ന എട്ടു സഭകൾ ഉണ്ടു്. എൻെറ കീഴിൽ പട്ടമേററവരാരുമില്ല. ഈത്താമ്പൊളിയിൽ നടന്നതും ഈ ചോദ്യങ്ങൾ ചോദിക്കുന്ന സായ്പിനു അറിയാവുന്നതുമായ ചില സംഭവങ്ങൾ നിമിത്തം ഈ സമയം എൻെറ കീഴിൽ ഉള്ള ശുശ്രൂഷകന്മാരുടെ എണ്ണം കുറഞ്ഞിരിക്കുന്നു. ഒരു ഉപദേശിക്കു 2 പെഗോഡായും വേറൊരുപദേശിക്കു ഒരു പെഗോഡായും 6 വാദ്ധ്യാന്മാൎക്കും ഒരു കണക്കപ്പിള്ളയ്ക്കും 80 ചക്രം വീതവും ആകെ 8 പെഗോഡാ 60 ചക്രം പ്രതിമാസം ചെലവാകുന്നുണ്ടു്. കൂടുതലായി ചില പള്ളിക്കൂടങ്ങളും സ്ഥാപിക്കേണ്ടിയിരിക്കുന്നു. കുറേക്കൂടി പണം ചിലവാക്കി എന്റെ കീഴിലുള്ള വേലക്കാരെ ശരിപ്പെടുത്തണമെന്നാഗ്രഹമുണ്ടു്.

**ചോദ്യം 3.** റിങ്കൽറേറാബിയുടെ കീഴിലുള്ള ഉപദേശിമാർ മുതലായവർ തെററുകൾ ചെയ്താൽ ശിക്ഷകൾ എന്താണെന്നും അവരെ എങ്ങനെ ഭരിച്ചു വരുന്നു എന്നും പറയണം.

**ഉത്തരം.** സാരമില്ലാത്ത തെററുകൾക്കു് അവരെ സ്വല്പകാലം തിരുവത്താഴത്തിൽ സംബന്ധിപ്പിക്കാതെ

മാററിനിത്തും. വലുതായ കുററങ്ങൾക്കു ജോലിയിൽ നിന്നും സസ്പെൻറുചെയ്യുകയോ ഡിസ്മിസ്സുചെയ്യുകയോ ചെയ്യും. ജനങ്ങളിൽനിന്നും കൊള്ളചെയ്‌വാനായി നിർബന്ധിതരായിത്തീരുന്നവൎക്കുള്ള ശിക്ഷയും ഇതു തന്നെയാണ്. ഞാൻ ഈ ശിക്ഷ ഏപ്പെട്ടുത്തും മുമ്പേ മിഷനിൽ വളരെ അടിപിടികളും കലശലും ഉണ്ടായിരുന്നു. ഇപ്പോഴും പടിഞ്ഞാറൻ സഭകളിൽ ഇപ്രകാരം ഉള്ളതായി കേൾക്കുന്നു. വലുതായ സമാധാനലംഘനം ഉണ്ടായാൽ അതിനു സൎക്കാർ നിയമപ്രകാരം പ്രതിവിധി ഉണ്ടാകും. ഈ വിധത്തിൽ 3 കേസ്സുണ്ടായി. ഈ സങ്കടകരമായ വാൎത്തയെ നാം തമ്മിൽ രഹസ്യമായി പറഞ്ഞിരുന്നെങ്കിൽ നന്നായിരുന്നേനെ. എന്നാൽ ക്രിസ്ത്യാനികളിൽ അധികം പേരുടേയും നടപടികൾ എല്ലാം വളരെ ശാന്തമായും ശരിയായ രീതിയിലുമാണ്. എൻെറ മേൽനോട്ടത്തിലിരിക്കുന്ന കിഴക്കൻ സഭകളുടെ നടപടികൾ വളരെ നന്നായിരിക്കുന്നു.

ചോദ്യം 4. സഭാംശങ്ങളുടെ തെററുകൾക്കു ശിക്ഷ എന്താണ്?

ഉത്തരം. 1. **വ്യഭിചാരം.** ഇതു അപൂർവ്വമാണ്. ഇവൎക്കുള്ള ശിക്ഷ തിരുവത്താഴത്തിൽ ഉൾപ്പെടുത്താതിരിക്കുന്നതുതന്നെ.

2. **ഞായറാഴ്ച പള്ളിശുശ്രൂഷയിൽ സംബന്ധിക്കാതിരിക്കുക.** ഇവരേയും തിരുവത്താഴത്തിൽ നിന്നും മുടക്കംചെയ്യും. ഇതു സാധാരണ കണ്ടുവരുന്ന ഒരു കുററമാണ്.

3. **സ്വന്തം ആവശ്യങ്ങൾക്ക് വേലചെയ്യാതെ മടിയുള്ളവരായിരിക്കുക.** ഇവക്കും മേൽപറഞ്ഞ ശിക്ഷ തന്നെ.

4. **ക്ഷുദ്രം.** ഇതു് പ്രവൎത്തിക്കുന്നവരെ സഭയിൽനിന്നും നീക്കം ചെയ്യുന്നു. ഇതു് വളരെ അപൂൎവ്വമാണു്.

5. **ഇതരമതസ്ഥന്മാരുമായുള്ള വിവാഹബന്ധം.** അപ്രകാരമുള്ള അന്യമതസ്ഥർ സ്നാനപ്പെടുന്നതുവരെ സഭയിൽ ഉൾപ്പെടുത്തുകയില്ല.

6. **അന്യദൈവങ്ങൾക്ക് ബലികഴിക്ക.** ഇവരെ സഭയിൽനിന്നും ജീവകാലം മുഴുവനും പുറത്താക്കും.

7. **കള്ളസാക്ഷി പറയുക.** ഇതിനു് ദൈവം തന്നെ ശിക്ഷകൊടുക്കുന്നു. 3–4 അവസരത്തിൽ ഇപ്രകാരമുള്ളവർ ദൈവത്താൽ ശിക്ഷിക്കപ്പെട്ടതായി എനിക്കു് അറിവുണ്ടു്.

മേൽപറഞ്ഞവയിൽ 1–ം 4–ം 6–ം ഒഴികെ മററുള്ള കാൎയ്യങ്ങൾക്കു് സഭാംഗങ്ങൾ എല്ലാവരും സാക്ഷികളാണു്. നന്നായി വെളിപ്പെടാത്ത വിഷയങ്ങൾ ഒരു വിചാരണനടത്തി 2–3 സാക്ഷികളുടെ വാമൊഴിയാൽ തീരുമാനിക്കപ്പെടുന്നതുമാണു്. മന്ദബുദ്ധികളായ ഇൻഡ്യാക്കാരുടെ ഇടയിൽ സ്ഥാപിക്കപ്പെട്ട പ്രഥമസഭയിൽ മിഷനറികൾ ആയിട്ടുള്ളവർ പിതാവു് മക്കളെ നടത്തുന്നതുപോലെ അവരെ പാലിക്കേണ്ടിയിരിക്കുന്നു. സഭയിൽ ചേരാനും അതിൽനിന്നും പിരിയുവാനും അവക്കു് യഥേഷ്ടം അവകാശമുള്ള

തുകൊണ്ടു് മുൻപറഞ്ഞ മേൽനോട്ടം അത്ര നിർബന്ധമുള്ളതായിരിക്കയില്ല. ഇങ്ങനെ നടത്തിവരുന്ന ഒരു പള്ളിയിൽ ചട്ടങ്ങളും പ്രമാണങ്ങളും ആവശ്യമില്ല. എന്നാൽ സഭ വളൎന്നുവരുന്തോറും അവ ആവശ്യപ്പെടും. ഈ ചോദ്യങ്ങൾ എഴുതിയ കരം അപ്രകാരമുള്ള നിബന്ധനകൾ എനിക്കു് തരുമെങ്കിൽ ഞാൻ അതു് നന്ദിപൂർവം സ്വീകരിച്ചുകൊള്ളാം. (റിങ്കൽറേറാബിയുടെ അപേക്ഷപ്രകാരം കണ്ണൽമൺട്രോ മിഷൻെറ അഭിവൃദ്ധിക്കു് വേണ്ട മാൎഗ്ഗങ്ങളേയും സഭാംഗങ്ങളെ നയിക്കേണ്ട രീതിയേയും പററി പിന്നീട എഴുതി അയച്ചുകൊടുത്തു. റിങ്കൽറേറാബി അതു് ഗുഡ്ഹോപ്പ് മുനമ്പിലുള്ള മിഷനറിമാരോടു് ആലോചിച്ചു് അഭിപ്രായം പറയണമെന്നു് മറുപടികൊടുത്തു)

**ചോദ്യം 5. ഈ പ്രോട്ടസ്റ്റൻറ് സഭകൾക്കു വേണ്ട ധനമാൎഗ്ഗങ്ങൾ ഏവ?** വിവാഹം, സ്നാനം മുതലായവകൾക്കു് വല്ല ഫീസും ഉണ്ടോ?

**ഉത്തരം.** ധനവുമില്ല. ഫീസും ഇല്ല. പിഴയും ഇല്ല. ഈ മിഷനിലുള്ള ശുശ്രൂഷക്കാൎക്കു് മേൽ ഒരു തരവുണ്ടാകുന്നതുവരെ ശമ്പളം കൊടുത്തുകൊള്ളാമെന്നു് സംഘഡയറക്ടർമാർ ഈയിടെ സമ്മതിച്ചിരിക്കുന്നു. ഞങ്ങളുടെ സൊസൈററിക്കു് അധികം പണമില്ലാത്തതുകൊണ്ടും അവരുടെ വേലകൾ പലസ്ഥലങ്ങളിൽ നടന്നു വരിക്കുന്നതുകൊണ്ടും ഈ ഏർപ്പാടു് വളരെ സംശയഗ്രസ്തമാണു്. പടിഞ്ഞാറുള്ള സഭകളിൽ ചില ഇടവകക്കാർ അവരുടെ സൌകൎയ്യംപോലെ

വിളക്കെണ്ണച്ചെലവിനും ഒരു ശുശ്രൂഷക്കാരിയുടെ ശമ്പള
ത്തിനുമായി മാസം ഒരു ചക്രംവീതം കൊടുക്കുന്നുണ്ടു്.
അവർ പള്ളിമേച്ചിലിനും സഹായിക്കുന്നുണ്ടു്. ചില
പ്പോൾ കാണിക്കയായിട്ടു് ചക്കരയും മററും കൊടുക്കും.
അവരുടെ സൌകൎയ്യംപോലെ സ്നേഹവിരുന്നുകളും
കഴിക്കുന്നു.

**ചോദ്യം 6.** ശുശ്രൂഷക്കാരെയും മററു് ബാല്യ
ക്കാരെയും പഠിപ്പിക്കുന്നതിനുള്ള സ്ഥാപനങ്ങളും അവ
യിലെ പഠിത്തങ്ങളും വാദ്ധ്യാന്മാർ, പുസ്തകങ്ങൾ ഇവ
ലഭിക്കാനുള്ള മാൎഗ്ഗം എന്തെന്നും നാട്ടുകാർ അവരുടെ
കുട്ടികളെ പഠിപ്പിക്കാൻ താല്പൎയ്യപ്പെടുന്നുണ്ടോ എന്നും
വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടാൻ എന്തുമാത്രം ധനം
ആവശ്യമുണ്ടെന്നും പറയണം.

**ഉത്തരം.** ശുശ്രൂഷക്കാരെ പഠിപ്പിക്കാൻ പ്രത്യേ
കസ്ഥാപനം ഇല്ല. കുട്ടികൾക്കു് ആറു് പാഠശാലക
ളുണ്ടു്. അവയിൽ എഴുതാനും വായിക്കാനും കണക്കു
കൂട്ടാനും പഠിപ്പിക്കുന്നുണ്ടു്. ക്രിസ്തീയബാലന്മാരെ
വേദോപദേശങ്ങളും പുതിയ നിയമവും മററു മാൎഗ്ഗസം
ബന്ധമായ സംഗതികളും പഠിപ്പിക്കും. നാട്ടുകാർ
തങ്ങളുടെ കുട്ടികളെ പള്ളിക്കൂടങ്ങളിൽ അയക്കാൻ
താല്പൎയ്യപ്പെടുന്നില്ല. കാരണം ഭാവിയിൽ അവൎക്കു്
ആവശ്യമുള്ള ധനസമ്പാദനത്തിനു് വേണ്ട തൊഴില്യ
കൾ ബാല്യത്തിൽ അഭ്യസിപ്പിക്കുന്നതു വലിയ ആദാ
യകരമെന്നു് അവർ വിചാരിക്കുന്നു. തിരുവിതാംകൂറി
ലെ പെൺകുട്ടികൾ വിദ്യാഭ്യാസം ചെയ്യാത്തതു് ഒരു

വലിയ നഷ്ടമാണ്. ഇപ്പോൾ തരങ്കംപാടിയിലുള്ള മിഷനറിമാരാണ് പുസ്തകങ്ങൾ അയച്ചുതരുന്നതു്. എന്നാൽ അവ ധാരാളമായി കിട്ടിവരുന്നില്ല. നല്ലപോലെ വായിക്കാനും സാമർത്ഥ്യത്തോടെ പ്രാർത്ഥിക്കാനും കഴിവുള്ളവരെ വാദ്ധ്യാന്മാരായി തിരഞ്ഞെടുക്കുന്നു. ഇങ്ങനെ ചെയ്യുന്നതുകൊണ്ടു് അനേകർ നന്നായി പഠിക്കാനും പ്രാർത്ഥിക്കാനും ശ്രമിച്ചുവരുന്നു. കൂടുതൽ പണം തരണമെന്നാഗ്രഹമുണ്ടെങ്കിൽ ഈ മിഷൻെറ എല്ലാ ആവശ്യങ്ങൾക്കുംകൂടി ആണ്ടിൽ 1200 പെഗോഡാ വേണ്ടിവരും: അത്ര തൃപ്തികരമല്ലാത്ത വിദ്യാലയങ്ങൾ ഏപ്പെട്ടുത്താൻ 600—പൊഗോഡാമതി. മിഷൻെറ ശരിയായ അഭിവൃദ്ധിക്കു് ഒരു അച്ചുക്കൂടവും കെട്ടിടവും വേലക്കാരും മററു സാധനങ്ങളും ആവശ്യമാണ്. അതില്ലാത്തപക്ഷം മിഷൻവേല വളരെ പ്രയാസംതന്നെ. കുട്ടികളെവച്ചു് പഠിപ്പിക്കുന്നതിനും ആഹാരം കൊടുക്കുന്നതിനും ഒരു ബോർഡിംഗ് സ്കൂളും വിവാഹംചെയ്ത മിഷനറിമാരെയും ആവശ്യം. ഞാൻ ഇക്കാലംവരെ വലിയ ദാരിദ്ര്യത്തിലും ഞെരുക്കത്തിലും ആണു് കഴിച്ചുകൂട്ടിയിട്ടുള്ളതു്.

**ചോദ്യം 7.** വേദപുസ്തകവും മററുമാൎഗ്ഗസംബന്ധമായുള്ള പുസ്തകങ്ങളും ക്രിസ്ത്യാനികൾക്കു് ധാരാളം കൊടുത്തുവരുന്നുണ്ടോ?

**ഉത്തരം.** അപ്രകാരമുള്ള പുസ്തകങ്ങൾ കിട്ടായ്കയാൽ കൊടുക്കുന്നില്ല.

**ചോദ്യം 8.** ഞായറാഴ്ചയും മററുള്ള ദിവസങ്ങളിലും എങ്ങിനെയുള്ള കർമ്മങ്ങൾ നടത്തിവരുന്നു.

**ഉത്തരം.** ഞായറാഴ്ച തിരുവത്താഴക്രമം വായിച്ചു വേദപുസ്തകത്തിൽനിന്നും ഒരു ഭാഗത്തെപ്പററി ചിന്തിച്ചു പ്രാർത്ഥിച്ച് അവസാനിപ്പിക്കും. ഞാൻ ഇരിക്കുന്ന പള്ളിയിൽ ചില ഗീതങ്ങളും പാടി വേദവാക്യം അടിസ്ഥാനപ്പെടുത്തി ഒരു പ്രസംഗം നടത്തും. വലിയ ഉത്സവദിനങ്ങളായ ജ്ഞാനസ്നാനം, തിരുവത്താഴം മുതലായവ നടക്കുന്ന ദിവസങ്ങളിൽ എന്റെ കൈവശം പണമുണ്ടായിരുന്നാൽ സ്നേഹവിരുന്നുകളും കഴിക്കും. ഇതു് ജനങ്ങൾക്കു് വളരെ സന്തോഷമാണു്. ജ്ഞാനസ്നാനം, വിവാഹം, ശവസംസ്കാരം, വിശുദ്ധസംസർഗ്ഗകർമ്മങ്ങൾ ഇവ ഇംഗ്ലണ്ടു് സഭയുടെ രീതിപ്രകാരം നടത്തിവരുന്നു.

**ചോദ്യം 9.** ഇതരമതസ്ഥരിൽനിന്നും ആണ്ടിൽ ക്രിസ്തുമാർഗ്ഗത്തിൽ ചേരുന്നവരും ഇതിൽനിന്നു് മാറുന്നവരും എത്ര?

**ഉത്തരം.** ആണ്ടിൽ 100 പേരിൽ കുറയാതെ ക്രിസ്തുമാർഗ്ഗം സ്വീകരിക്കുന്നു. 6 പേർ പിന്മാറുകയും ചെയ്യുന്നുണ്ടു്.

**ചോദ്യം 10.** ക്രിസ്ത്യാനികൾക്കു് സർക്കാർ ഉദ്യോഗസ്ഥരിൽനിന്നും വല്ല ഉപദ്രവങ്ങളും നേരിടുന്നുണ്ടോ. അവരുടെ മാർഗ്ഗം കൈക്കൊള്ളാൻ വല്ല തടസ്സവും ഉണ്ടാകുന്നുവോ?

**ഉത്തരം.** ഈ സമയം സക്കാരുദ്യോഗസ്ഥന്മാരിൽനിന്നും ഒരുപദ്രവവും ഇല്ല. എന്നാൽ ക്രിസ്ത്യാനികളുടെസ്വന്തക്കാരും, യജമാനന്മാരും, വലിയ ജന്മിമാരും അവരെ ഉപദ്രവിക്കുന്നുണ്ടു്. ഇംഗ്ലീഷ് ആധിപത്യം പക്ഷേ ഇല്ലാതെയായാൽ വലിയ ഞെരുക്കവും ഉപദ്രവവും നേരിട്ടേക്കാമെന്നു ഭയന്നു പലരും ക്രിസ്തുമാൎഗ്ഗത്തിൽ ചേരാൻ മടിക്കുന്നു.

**ചോദ്യം 11.** തിരുവിതാംകൂറിൽ പ്രോട്ടസ്റ്റൻറ് മാൎഗ്ഗം പ്രബലപ്പെടാനും സ്ഥിരപ്പെടാനും ഉള്ള വഴികൾ ഏവ. ഈ സഭ ഇവിടെ പ്രബലപ്പെടാൻ ചെയ്യേണ്ട ഏർപ്പാടുകൾ എന്തെല്ലാം?

**ഉത്തരം.** രാജ്യത്തിൻെറ തല്ക്കാലസ്ഥിതികൊണ്ടു് പ്രോട്ടസ്റ്റൻറ് സഭ സ്ഥിരപ്പെടുമെന്നു തോന്നുന്നു എനിക്കു് പണം ധാരാളമുണ്ടായിരുന്നെങ്കിൽ ക്രിസ്ത്യാനികളുടെ വ്യവഹാരങ്ങൾ നടത്താൻ ക്രിസ്തീയവക്കീലന്മാരെ ഏൎപ്പാടുചെയ്യുമായിരുന്നു. ഒരു ശരിയായ പ്രോട്ടസ്റ്റൻറ് സ്ഥാപനം ഇവിടെ ഉണ്ടായിരുന്നെങ്കിൽ ഈ മാൎഗ്ഗം അഭിവൃദ്ധിപ്പെടുത്താനും ഇതരമതങ്ങളുടെ ശക്തി കുറയ്ക്കാനും സാധിക്കുമായിരുന്നു. മാൎഗ്ഗയുദ്ധത്തിൽ വളരെ താല്പൎയ്യമുള്ളവനായ ഞാനും എൻെറ കീഴിൽ യുദ്ധാഭ്യാസം ശരിയായി ലഭിച്ചിട്ടില്ലാത്ത ചില ഭടന്മാരുമുണ്ടു്. ഈ കൂട്ടരെക്കൊണ്ടു് ഏറിയ കാലങ്ങളായി നിലനില്ക്കുന്ന ബലവത്തരങ്ങളായ ഏൎപ്പാടുകളെ ഇളക്കാൻ സാധിക്കയില്ല. ഞാൻ സാവധാനമായും തെളിഞ്ഞ ബുദ്ധിയോടു കൂടെയും ഇതരമതങ്ങ

ളുടെ സമ്പ്രദായങ്ങളേയും അവയിൽ അവക്കുള്ള താല്പ
ര്യത്തേയും കണ്ടും വെളിപാടുപുസ്തകം 16-ാംഅദ്ധ്യായം
12-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്ന ദീർഘദർശന
ത്തെ മനസ്സിലാക്കിയും ഇരിക്കുന്നതിനാൽ എന്റെ
അഭിപ്രായം ഇൻഡ്യായിൽ സുവിശേഷം അതിവേഗം
പ്രബലപ്പെടാൻ ഇപ്പോഴത്തെ സ്ഥിതി സമ്മതിക്കയി
ല്ലെന്നുള്ളതാണു്.

**ചോദ്യം 12.** ഈ ക്രിസ്തുമാൎഗ്ഗത്തിൽ ചേൎന്നവ
രുടെ സന്മാൎഗ്ഗരീതികളും, പ്രമാണങ്ങളും, നടപ്പും,
പൂൎവാധികം നന്നായിരിക്കുന്നുവോ?

**ഉത്തരം.** ചിലർ ക്രമേണ നന്നായിവരുന്നുണ്ടു്.
അതിശയകരമായ മാനസാന്തരങ്ങൾ ഞാൻ കാണുന്നി
ല്ല. മററു ചിലർ ക്രിസ്ത്യാനികളായതിന്റെ ശേഷം
വളരെ താണുപോയി. അങ്ങിനെയുള്ളവർ വേഗം
പിൻമാറുന്നു. അല്ലെങ്കിൽ അവർ ദൈവത്തിന്റെ
ഭയങ്കരശിക്ഷകളാൽ നശിപ്പിക്കപ്പെട്ടുപോകുന്നു.

**ചോദ്യം 13.** ക്രിസ്ത്യാനികളാകുന്നവരുടെ മന
സ്സു് പഴയ അജ്ഞാനത്തിൽനിന്നും വേർപെട്ടു് സുവി
ശേഷവെളിച്ചത്താൽ പ്രകാശിപ്പിക്കപ്പെടുന്നുണ്ടോ?

**ഉത്തരം.** വായിക്കാൻ ഉത്സാഹമുള്ള ചില
ബാല്യക്കാരുടെ മനസ്സു് അഭിവൃദ്ധിപ്പെട്ടുവരുന്നു.
അനേകർ ഒരിക്കലും നന്നാകാത്ത പ്രകൃതത്തോടു കൂടി
യവരാണു്. വിദ്യാൎത്ഥികൾ നല്ലവണ്ണം ഉൽകൃഷ്ടാവസ്ഥ
പ്രാപിക്കുന്നു.

ഈ വിഷയങ്ങളെ സംബന്ധിച്ച് എനിക്ക് ഒരു കാര്യം പറയാനുണ്ട്. ബ്രിട്ടീഷ് കോമ്പനിയുടെ വിശ്വസ്ത സ്നേഹിതന്മാരായിട്ട് ഈ പ്രൊട്ടസ്റ്റൻറ് ക്രിസ്ത്യാനികളേ ഉള്ളു. അവരുടെ ജീവനെല്ലാം ഈ ഗവമ്മെൻറിൽ ലയിച്ചിരിക്കുന്നു. അതിനാൽ കത്താവു് തന്റെ ദിവ്യദാസന്മാരെ അനുഗ്രഹിച്ച് ഐഹികകാര്യങ്ങൾക്ക് എത്ര ആവശ്യമോ അത്രത്തോളം ഈ വിഷയത്തിലും ആവശ്യമുള്ള ധനസഹായം ചെയ്യാൻ പ്രേരിപ്പിച്ചിരുന്നെങ്കിൽ നന്നായിരുന്നേനെ. എൻെറ ഈ ആഗ്രഹം നിറവേറുമോ എന്നു ഞാൻ സംശയിക്കുന്നു. അങ്ങിനെ സാധിച്ചില്ലെങ്കിൽ എൻെറ ശ്രമം ആകാശത്തെ കുത്തുന്നതുപോലെയാണ്. എന്നു്, തിരുവിതാംക്കൂർ പ്രൊട്ടസ്റ്റൻറ് മിഷ്യനറി വില്യം റററിങ്കൽറേറാബി.

കൊല്ലം
1813 മാർച്ച് 13.

ഈ മറുപടിയുടെ ഫലമായി കണ്ണൽ മൺറോ സായ്പിൻെറ ദയാപൂവ്വമായ പരിശ്രമംകൊണ്ട് റാണി ലക്ഷ്മീഭായി ആ ആണ്ടിൽത്തന്നെ പ്രൊട്ടസ്റ്റൻറ് മിഷൻവകയ്ക്കായി ഏകദേശം 100 കോട്ട നിലത്തോളം സമ്മാനിച്ചതു് പ്രസ്തുത സഭയ്ക്കു് ഒരു വലിയ സഹായമായിത്തീൎന്നു.

# അദ്ധ്യായം 11

1813-ാമാണ്ടു ഒടുവിൽ റിങ്കൽറേറാബി വീണ്ടും തന്റെ സ്നേഹിതന്മാരെ കാണുന്നതിനും ദേഹസുഖത്തിനുമായി തരങ്കാപാടിക്കു പുറപ്പെട്ടു്, 1814 ജൂൺ മാസത്തിൽ തിരുവിതാംകൂറിൽ തിരിച്ചെത്തി. ഇതു് സംബന്ധിച്ച റിപ്പോർട്ടിനിന്നും ചില വിഷയങ്ങളെ അടിയിൽ ചേർക്കുന്നു.

26 ഡിസംബർ 1813.

ചില കുട്ടികളെ സ്നാനപ്പെടുത്താനായി ഞാൻ പാളയംകോട്ടക്കു തിരിച്ചു. മിസ്റ്റർ സായരുടെ ശുശ്രൂഷമൂലം ഇംഗ്ലീഷ് സഭ വളരെ നല്ലസ്ഥിതിയിൽ ഞാൻ കണ്ടു. സ്ഥലത്തുള്ള എല്ലാ യൂറോപ്യന്മാരും പള്ളിയിൽ വന്നു് കർമ്മങ്ങൾ ഏററവും ഗൌരവമായും ഭക്തിയായും കഴിക്കുന്നു. ക്രിസ്തുമസ് ദിവസം ഞങ്ങൾ തിരുവത്താഴം അനുഭവിച്ചു. സഭക്കാർ സമ്മാനദാനങ്ങൾ സ്വീകരിച്ചു. എനിക്കു കിട്ടിയ ഓഹരി തിരുവിതാംകൂറിലുള്ള സാധു ക്രിസ്ത്യാനികൾക്കു അയച്ചുകൊടുത്തു. തിരുവിതാംകൂറിനടുത്തുള്ള ഈ സഭ എന്നെ പലപ്പോഴും സഹായിച്ചിട്ടുള്ളതുകൊണ്ടു് ഞാൻ അവരെ നന്ദിപൂർവ്വം ഓർത്തുകൊള്ളുന്നു. പാളയംകോട്ടയിലേയും തിരുനൽവേലിയിലേയും സ്ത്രീകളുടെ ഇടയിൽ നടപ്പുണ്ടായിരുന്ന സതിമരണത്തെക്കുറിച്ചു് ഒരു ഉയൎന്ന ജാതിക്കാരനോടു ഞാൻ സംസാരിച്ചു. ഇംഗ്ലീഷുകാർ ഈ

ദേശത്തെ കൈവശപ്പെടുത്തിയതിൽ പിന്നീട് ഒരു ബ്രാഹ്മണസ്ത്രീ മരിച്ചുപോയ തന്റെ ഭത്താവോടുകൂടെ ദഹിപ്പിക്കാനായി അനുവാദം ചോദിച്ചു. അപ്പോഴത്തെ അധികാരിയായിരുന്ന സൈന്യാധിപൻ അനുമതി കൊടുത്തില്ല. അന്നുമുതൽ സതിമരണം നിന്നുപോയതായി അയാൾ പറഞ്ഞു. പക്ഷെ ഒരു പാളിഗാർ തലവന്റെ ഭാര്യ ഉൾനാട്ടിൽ സതി നടത്തിയിരിക്കാം. അതും അയാൾക്ക് അറിവില്ലെന്നാണു പറഞ്ഞതു്. ബ്രാഹ്മണർ ശക്തിപ്പെട്ടിരിക്കുന്ന തിരുവിതാംകൂറിൽ തന്നെയും ഈ കഠിനതരമായ പാതകവൃത്തി 100 കൊല്ലങ്ങൾക്കു മുൻപു നിവൃത്തൽ ചെയ്യപ്പെട്ടുപോയി തെക്കൻദിക്കിലുള്ള സ്ത്രീകളോടു് അഗ്നികുണ്ഡത്തിൽ ചാടാനായി പറഞ്ഞാൽ അവൾക്കു അശേഷം രസിക്കയില്ല. അതിനാൽ ഇൻഡ്യാ ഒട്ടുക്കും ഈ ക്രൂരകൃത്യം നിവൃത്തുന്നതു പ്രയാസമെന്നു തോന്നുന്നില്ല. മനുഷ്യപ്രകൃതി അറിഞ്ഞിട്ടുള്ളവർ ഈ വഴക്കത്തെ നിർത്തൽ ചെയ്വാൻ ഒരു ചട്ടം നിർമ്മിച്ചാൽ ഒരു കുഴപ്പവും ഉണ്ടാകയില്ല. ഇംഗ്ലീഷുവനിതകളെപ്പോലെതന്നെ, ഇൻഡ്യൻസ്ത്രീകൾക്കും ജീവനോടെ ദഹിപ്പിക്കുന്ന സംഗതിയിൽ അശേഷം മനസ്സില്ല. എന്നാലും ഇതിനെ സംബന്ധിച്ചു ഒരു നിയമം ഉണ്ടാക്കാൻ തുനിയാത്തതു് മഹാസങ്കടകരം തന്നെ.

റിങ്കൽറ്റോബി മഹർഷിയുടെ ചരിത്രത്തെ നന്നായിപഠിക്കുമ്പോൾ സൽഗുണങ്ങളെല്ലാം അദ്ദേഹത്തിൽ വിളങ്ങിയിരുന്നു എന്നു പറയുന്നതിൽ പക്ഷാന്തരമില്ല

ല്ലോ. ശരിയായ ഭക്ഷണവും വസ്ത്രവും ഇല്ലാതെ സാധു ക്കളുടെ ഇടയിൽ സദാ വേലചെയ്ത കാരണത്താൽ അദ്ദേഹത്തിൻെറ ബലം ക്ഷയിച്ച് ലിവർ സംബന്ധ മായി ഒരു മഹാരോഗം പിടിപെട്ടു് ജോലി ചെയ്യാൻ ശക്തിയില്ലാതെയായി. ഈ നാട്ടിൽ താമസിക്കുന്നതാ യാൽ ഒരിക്കലും സൌഖ്യം പ്രാപിക്കയില്ലെന്നു് വിചാ രിച്ചു 1815-ൽ ഇദ്ദേഹം "എൻെറ ശുശ്രൂഷകൾ ശരി യായി നിറവേററുന്നതിന്നു് എന്റെ ശരീരത്തിന്നു് ശക്തി യില്ല. എൻെറ മനസ്സും ക്ഷീണിച്ചിരിക്കുന്നു. സ്വസ്ഥ തക്കായി വളരെ ആഗ്രഹിക്കുന്നു. ഈ ആഗ്രഹത്തെ എൻെറ കർത്താവിൻെറ ഹിതപ്രകാരം സാധിപ്പിക്കു മെന്നു് ഞാൻ വിശ്വസിക്കുന്നു" എന്നു് ദുഃഖസമേതം എഴുതിയിരിക്കുന്നു. രോഗത്തിന്നു് ഒട്ടും ശമനംവരാത്ത തുകൊണ്ടു് ഗുഡ്ഹോപ്പ് മുനമ്പുവരെ കടൽയാത്രചെ യ്താൽ സുഖക്കേടിന്നു് അല്പഭേദമുണ്ടാകുമെന്നു് വൈദ്യ ന്മാർ അഭിപ്രായപ്പെട്ടു. സാധാരണയായി വെള്ള ക്കാക്കു് ഇൻഡ്യാ മനശ്ചാഞ്ചല്യത്തെ ഉളവാക്കുന്ന ഒരു ദേശമാണെന്നു പറയും. ജനനദേശത്തെവിട്ടു് ഈ നാട്ടിൽ വന്നു സാധുക്കളുടെ ഇടയിൽ വളരെക്കാലം താമസിച്ചു് പിന്നീടു വേർപെടേണ്ട അവസരം വരു മ്പോൾ ഇരുൾക്കൂട്ടക്കും സങ്കടവും നെടുവീർപ്പും ഉണ്ടാകു ന്നതു അതിശയമല്ല. ഈ ഭക്തനും താൻ സ്നേഹപൂർവം ചെയ്തുവന്ന വേലയേയും അതിനാൽ പ്രയോജനം സി ദ്ധിച്ച ജനങ്ങളേയും ദുഃഖസമേതം വിട്ടുപിരിയുന്ന കാലം സമീപിച്ചു. ഓരോ സഭകളും സന്ദർശിച്ചു് താൻ

പിരിഞ്ഞുപോകുന്ന വിചാരത്താൽ വ്യാകുലന്മാരായിരുന്ന ക്രിസ്ത്തീയജനങ്ങളെ എല്ലാം 1816-ജനുവരിമാസത്തിൽ മൈലാടി പള്ളിയിൽ വിളിച്ചുകൂട്ടി അവൎക്കു വേണ്ട ഗുണദോഷങ്ങൾ ഉപദേശിച്ചു തിരുവത്താഴവും കൊടുത്തു് സ്വൎഗ്ഗസ്ഥപിതാവു് അരുളിച്ചെയ്തിരിക്കുന്ന വാഗ്ദത്തങ്ങളാൽ അവരെ ആശ്വസിപ്പിച്ചു് വേദമാണിക്കത്തോടു് സഭകളിൽ ശുശ്രൂഷചെയ്തു് പരിപാലിച്ചു കൊള്ളുവാൻ ആജ്ഞാപിച്ചു. പിന്നീടു് അവിടെ ദീൎഘശ്വാസത്തോടും കരച്ചിലോടും കൂടിയിരുന്ന ക്രിസ്തീയ സഹോദരങ്ങളോടു് "ഇനിയും ഈ ലോകത്തിൽവെച്ചു നമുക്കു തമ്മിൽ കാണ്മാൻ കഴികയില്ല. എന്നാലോ സ്വൎഗ്ഗലോകത്തിൽ നാം പരസ്പരം കണ്ടു സന്തോഷിക്കും" എന്നുപറഞ്ഞു് തന്റെ സാമാനങ്ങളെ വേലക്കാൎക്കും മററും കൊടുത്തിട്ടു് വ്യസനപൂൎവ്വം യാത്രപറഞ്ഞു് കൊല്ലത്തേക്കു പുറപ്പെട്ടു. അവിടെ ഒന്നുരണ്ടുദിവസം താമസിച്ചു് കൎണ്ണൽ മൺറോസായ്പിനെയും മദാമ്മയെയും കണ്ടു് അവർ ചെയ്തിട്ടുള്ള സൎവ്വ ഉപകാരങ്ങൾക്കും മനഃപൂൎവം നന്ദിപറഞ്ഞു് അവരുടെ സുഖത്തിനായും അനുഗ്രഹത്തിനായും പ്രാൎത്ഥിച്ചു് 1816-ഫെബ്രുവരി മാസം 5-ാനു- തിങ്കളാഴ്ച തിരുവിതാംകൂറിൽ ഒന്നാമത്തു് പ്രോട്ടസ്റ്റാൻറു മിഷനറിയായി വന്ന ഈ മഹൽപുരുഷൻ കപ്പൽ കയറി. കപ്പൽ കൊല്ലത്തുനിന്നും കരസമീപമായി തെക്കോട്ടു ഗമിച്ചു. ആ ദിവ്യ പുരുഷൻ ഈ സാധു ക്രിസ്ത്യാനികളെ ഓൎത്തുകൊണ്ടിരുന്നപ്പോൾ ഒരു കാൎയ്യം ഓൎമ്മയിൽപെട്ടു. അതായതു മൈലാടി

യിൽ അദ്ദേഹം താമസിച്ചിരുന്ന വീട്ടുചുവരിൽ തന്നോട് പണം കടംപെട്ടിരുന്ന ക്രിസ്ത്യാനികളുടെ പേരും തുകയും കരികൊണ്ടു് രേഖപ്പെടുത്തിയിരുന്നു. അവയെ തന്റെ പിൻഗാമികൾ ആ സാധുക്കളിൽ നിന്നും വസൂലാക്കിക്കളയുമെന്നു വിചാരിച്ച് കപ്പൽ മണക്കുടി എന്നസ്ഥലത്തു് അടുത്തപ്പോൾ കപ്പിത്താനോടു് കുറെ നേരം അവിടെ നിത്താൻ താല്പര്യമായി അപേക്ഷിച്ചു. കപ്പൽ നിത്തിയഉടൻ കരയിൽ ഇറങ്ങി അവിടെനിന്നും 3--മൈൽ ദൂരമുള്ള മൈലാടിയിൽ ചെന്നപ്പോൾ ക്രിസ്തീയസഹോദരങ്ങളെല്ലാം കണ്ടു വളരെ സന്തോഷിച്ചു. അവരോടു് താൻ വന്ന സംഗതി പറഞ്ഞു വീട്ടിൽ ചെന്നു് ഭിത്തിയിൽ ഉണ്ടായിരുന്ന കണക്കുകൾ ആസകലം മായിച്ചിട്ടു തിരിച്ചു് ആളുകളോടുകൂടെ കടൽത്തീരത്തുവന്നു പ്രാത്ഥിച്ചു് അവരെ അനുഗ്രഹിച്ചു കപ്പൽ കയറി വീണ്ടും യാത്രതുടന്നു് മദ്രാസ്സിൽ എത്തി. മാഡ്ഡ്യൂക്ക്തോംസൺ എന്ന ഒരു പാദിരിയെകണ്ടു് അയാളോടുകൂടെ ഈ പ്രാകൃതവേഷധാരി ഒരു സായംകാലം കഴിച്ചുകൂട്ടി. കടൽയാത്ര ചെയ്യാൻപോകുന്ന സമയത്തുപോലും ഒരു കോട്ടില്ലായിരുന്നു. ഒരു സാധാരണ നാടൻ തൊപ്പിയാണു് തലയിൽ വെച്ചിരുന്നതു്. അദ്ദേഹത്തിന്റെ വേഷം സാധാരണരീതിയിലുള്ളതായിരുന്നാലും സംഭാഷണത്തിൽ തോംസൺസായ്പു് വളരെ സന്തോഷിച്ചു, റിങ്കൽറേറാബി ഒരു സത്യക്രിസ്ത്യാനിയെന്നു് സാക്ഷീകരിക്കുന്നു. അദ്ദേഹം പിന്നീടു കടൽയാത്രയ്ക്കു വേണ്ട ഒരുക്കങ്ങൾചെയ്തു കപ്പൽകയ

ററി അയച്ചു. കൊളമ്പിൽ എത്തി അവിടെനിന്നും ലണ്ടൻമിഷൻ ഡയറക്ടേഴ്സിനു് അയച്ച എഴുത്തിന്റെ അവസാനഭാഗം താഴെ ചേൎക്കുന്നു.

കൊളമ്പ്—1816. ഏപ്രിൽ 9.

"നിങ്ങൾ എന്നെ കഠിനമായി ശാസിക്കയില്ലെന്നു് വിശ്വസിക്കുന്നു. പരിശ്രമത്തോടെ വേല ചെയ്വാൻ സാധിക്കാതെ രോഗം പിടിപെട്ടു് ശരീരം ക്ഷീണിച്ചുപോകുന്നു. എനിക്കു് സ്ഥലം മാററമോ ജോലി ഭേദമോ തരുവാൻ അധികാരമുള്ളവർ ആരും ഇവിടെ ഇല്ല ഞാൻ ഈ പ്രവൃത്തിവിട്ടു് വേറെജോലി ഒന്നും സ്വീകരിച്ചിട്ടില്ല. എന്നാലോ എന്റെ മിഷൻ വേല അവസാനിച്ചു. സ്ഥിരമായി നിലനില്ക്കാനുള്ള മുദ്രയിട്ടു് എന്റെ ശുശ്രൂഷ തികച്ചിരിക്കുന്നു. നിങ്ങളുടെ ധനം നഷ്ടപ്പെട്ടുപോയി എന്നു് വിചാരിക്കേണ്ട. അവ സ്വൎഗ്ഗലോകത്തിലും തിരുവിതാംകൂർ സഭാചരിത്രത്തിലും എന്നും കാണപ്പെടും. "I am fast decaying and am unfit for actvie service. My work is done and finished so as to bear the stamp of permanency. Your money cannot be said to have been lost. You will find it in heaven and in the annals of the Church in Travancore." അവരവരുടെപ്രാപ്തിക്കു് അപ്പുറമായി പ്രവൎത്തിപ്പാൻ ഒരുത്തൎക്കും സാധിക്കയില്ലല്ലൊ. നമ്മുടെ സംഘത്തെ അടിസ്ഥാനമാക്കി ഐശ്വൎയ്യവാനായിത്തീരാമെന്നു് ഞാൻ ലേശം പോലും വിചാരിച്ചിട്ടില്ല. ഞാൻ അയച്ച റിപ്പോൎട്ടു

കൾ ക്രിസ്തീയ വിശ്വാസികൾ കാണുന്നതായാൽ ഇൻഡ്യാ മാനസാന്തരപ്പെട്ട് ക്രൈസ്തവമായിത്തീരാൻ ഉതകുന്ന വിത്തുകളെ വിതച്ചിരിക്കുന്നു എന്നു് അവർ മനസ്സിലാക്കും. എന്റെ വേല ബലപ്പെട്ട് വളരുമെങ്കിൽ സാത്താൻെറ കോട്ടകൾ വേഗം ഇടിക്കപ്പെടും. ഇവ എല്ലാം എൻെറ രക്ഷിതാവും ന്യായാധിപതിയും ആയ ദൈവത്തിൻ മുൻപിൽ കാഴ്ചവയ്ക്കുന്നു. ഞാൻ ഗുഡ്ഹോപ്പിലേക്കു് ഒരു കപ്പലിനായി കാത്തിരിക്കുന്നു. ഇതേവരെ കിട്ടിയില്ല"

ഇതിനെക്കുറിച്ചു സംഘഡയറക്ടേഴ്സ് "ഈയിടെ റിങ്കൽറേറാബിയുടെ പക്കൽനിന്നും എഴുത്തുകൾ അധികം കിട്ടുന്നില്ല. എന്നാലും അയാളുടെ സുഖക്കേടു നിമിത്തം തൻെറ വേല രാജിവച്ചു് സ്ഥലം വിട്ടുപോകുന്നതായി അറിഞ്ഞു വ്യസനിക്കുന്നു. ഈ ഭക്തൻ ശ്രദ്ധാപൂർവം ചെയ്ത വേല നിഷ്ഫലമാകാതെയിരിപ്പാൻ രണ്ടു് മിഷനറിമാരെ അയയ്ക്കാൻ തീച്ചപ്പെടുത്തിയിരിക്കുന്നു." എന്നു് 1817-ലെ വാർഷിക റിപ്പോട്ടിൽ പ്രസ്താവിച്ചിരിക്കുന്നു.

കൊളമ്പിൽനിന്നും 1816-ഏപ്രിൽമാസം 24-ാം നു- തൻെറ സഹോദരിക്കു് അയച്ച ഒരെഴുത്തു് ചുവടെ ചേക്കുന്നു. "എൻെറ വാത്സല്യസഹോദരീ! നമ്മുടെ പ്രിയമാതാവു് മരിച്ചുപോയവിവരം നിൻെറ എഴുത്തിൽനിന്നും ഞാൻ മനസ്സിലാക്കി. നീ അയച്ച എഴുത്തുകളിൽ പലതും നഷ്ടമായിരിക്കും: എൻെറ ദേഹസൌഖ്യത്തിനായി ഒരു കപ്പൽയാത്രചെയ്തു ഇവിടെ

എത്തിയിരിക്കുന്നു. എൻെറ ലിവറിൽ ഒരു കഠിന
മായ രോഗം പിടിച്ചിരിക്കുന്നു. ശരീരവും ആത്മാവും
വളരെ ക്ഷീണാവസ്ഥയിലാണു്. ഞാൻ ഗുഡ്ഹോപ്പ്
മുനമ്പിനു് പോകാൻ തീൎച്ചപ്പെടുത്തിയിരിക്കുന്നു. ഇതു്
എൻെറ കടശ്ശിയാത്രയായിത്തീൎന്നുകുമോ? എൻെറ
ആത്മാവു് കർത്താവിൻെറ കരങ്ങളിൽ ഇരിക്കുന്നു.
ഇതുവരെ വഹിച്ചു്, സഹായിച്ചു്, രക്ഷിച്ചു് അനുഗ്ര
ഹിച്ച കൎത്താവു് നിത്യതയിൽ പോകുന്ന യാത്രയിൽ
എന്നെ പൂൎണ്ണമായി സഹായിക്കുമെന്നു് ഞാൻ വിശ്വ
സിക്കുന്നു. ഞാൻ വളരെ സന്തോഷമായിരിക്കുന്നു. ഈ
ലങ്കാദ്വീപിൽ ദൃഢവിശ്വാസികളായ ചില മിഷനറി
മാരുണ്ടു്. 6 ഇംഗ്ലീഷുകാരും 5 അമേരിക്കരും അവ
രുടെ ഭാൎയ്യമാരും സത്യക്രിസ്ത്യാനികളാണു്. നമ്മുടെ
ജൎമ്മൻ മിഷനറിമാർ അധികം പ്രവൎത്തിച്ചതായി
കാണുന്നില്ല. അധികം ചെയ്വാൻ കഴികയുമില്ല. അവ
രെപ്പോലെ കരകൗശലമുള്ളവർ ഹാട്ടൻററാട്ട് ജാതി
ക്കാരുടെ ഇടയിൽ മിഷനറിമാരായിപ്പോകാനേ സാധി
ക്കൂ. എൻെറ വേല സംബന്ധമായ റിപ്പോർട്ടുകളിൽ
നിന്നും നിനക്കു് പലേ സംഗതികളും ഗ്രഹിക്കാം.
ഞാൻ ദൈവകൃപയാൽ ഈ സഭയെ നല്ല സ്ഥിതിയിൽ
കൊണ്ടുവന്നിരിക്കുന്നു. ഇപ്പോൾ ഒരു നല്ല ഇംഗ്ലീഷു
കാരനെ ഏല്പിച്ചിരിക്കയാണു്. [ഇദ്ദേഹം പാളയംകോ
ട്ടയിലുള്ള കർണ്ണൽ ട്രോട്ടർസായ്പാണു്] തിരുവിതാം
കൂറിൽ ഞാൻ 1100പേരെ സ്നാനപ്പെടുത്തിയിട്ടുണ്ടു്.
ലങ്കാരാജധാനിയായ കൊളമ്പിൽ യൂറോപ്യന്മാരുടെ

ഇടയിൽ ഒരു മാറ്റ് ഉണർവ്വ് കാണുന്നുണ്ട് വെസ്ലിയൻ മെതോഡിസ്റ്റ്സംഘക്കാർ ഇവിടെവന്നിട്ടുണ്ട്. ഈ ഭക്തന്മാർ പോകുന്ന സ്ഥലങ്ങളിലെല്ലാം ചത്ത അസ്ഥികൾക്ക ജീവൻ ഉണ്ടാകുന്നു. എന്റെ പ്രിയസഹോദരീ നീ എങ്ങിനെയിരിക്കുന്നു. നമ്മുടെ അപ്പൻ വയസ്സായിരുന്നാലും മൂത്ത മകനായ എന്നെക്കാളും ആരോഗ്യവാനായിരിക്കും. അവസാനംവരെ ദൈവം അദ്ദേഹത്തിന്റെ ശക്തിയും സന്തോഷവും നിലനിരുത്തട്ടെ. നിന്റെ കുഞ്ഞുങ്ങൾ സൌഭാഗ്യരായി വളരുന്നഎന്നു് വിശ്വസിക്കുന്നു. കുടുംബാംഗങ്ങളെ എനിക്കുവേണ്ടി അനുഗ്രഹിക്കുക. എനിക്കയയ്ക്കുന്ന കത്തുകളെ മേലാൽ തരങ്കം പാടിയിലേക്കു് അയക്കണം. ഞാൻ വേഗം നിങ്ങളെ കാണാമെന്നു വിശ്വസിക്കുന്നു."

കൊളമ്പിൽനിന്നും റിങ്കൽറേറാബി മലയാ ഉപദ്വീപിലുള്ള മലാക്കായിലേക്കുപോയി. ഇവിടെനിന്നും മിഷൻസംഘസെക്രട്ടറിക്കു് ഒരെഴുത്തയച്ചു. അതായതു് ഞാൻ തിരുവിതാംകൂർ മിഷൻവേല രാജിവെച്ചു് ഇപ്പോൾ എന്റെ രോഗശമനത്തിനായി കടൽയാത്ര ചെയ്യുന്ന സംഗതി എന്റെ റിപ്പോർട്ടിൽനിന്നാം ഗ്രഹിച്ചിരിക്കുമല്ലോ. ഞാൻ യാദൃച്ഛികമായി ഇവിടെ വന്നുചേർന്നതാണു്. ഇപ്പോൾ മില്ലൻ എന്ന ഒരു പാദിരിയോടുകൂടെ താമസിക്കുന്നു. എനിക്കു് അദ്ദേഹം ഔദാര്യംകാണിച്ചു ബട്ടേവിയായിക്കു പോകുന്നതിനു് വേണ്ട നൂറു ഡാളർ തന്നു. ആ പണം മിഷൻസംഘം കൊടുക്കണമെന്നു പറഞ്ഞിരിക്കുന്നു. നിങ്ങളുടെ സംഘ

ത്തിൽ ജോലി ഇല്ലെന്നും എനിക്കു നിങ്ങളിൽനിന്നും ഒന്നും കിട്ടാനില്ലെന്നും അറിയാം. എന്നാൽ ഈ തുക എൻെറ സഹോദരി അന്നാ റെഡ്പെന്നിംഗിനോട് വാങ്ങിക്കൊള്ളണം ഈ ഉപകാരം നിങ്ങളുടെ സംഘത്തെ സദാ സ്നേഹിക്കുന്നവനായ എനിക്കുവേണ്ടി ചെയ്യുമെന്ന് വിശ്വസിക്കുന്നു. എനിക്ക് ഇപ്പോൾ അല്പ സുഖം ഉണ്ട്. എന്നാൽ എൻെറ രോഗത്തിന് പൂർണ്ണ ശമനം വന്നിട്ടില്ല. ദൈവം ഇനിയും എന്നെ ഏതു വേലയ്ക്കു ഉദ്ദേശിച്ചിരിക്കുന്നു എന്ന് എനിക്കറിഞ്ഞുകൂടാ. എന്നാൽ അവൻെറ ഇഷ്ടംപോലെ എന്നെ നടത്തട്ടെ. എനിക്കു സുമാറ്റ്റാദ്വീപിൽ പോയി വേലചെയ്യണമെന്ന് ആഗ്രഹമുണ്ട്. എന്നാൽ തീർച്ച പറയാൻ നിവൃത്തിയില്ല. ഇന്നു വൈകിട്ടു ബട്ടേവിയാ എന്ന സ്ഥലത്തേക്കു പോകും അതിന് കപ്പൽകയറുന്നു. ഞാൻ എൻെറ ലാക്കിങ്കലേയ്ക്ക് വേഗം ഓടുന്നു. അവിടെ എത്തുംവരെ കർത്താവും രക്ഷിതാവും ആയ യേശുക്രിസ്തുവിൻെറ കൃപ എന്നെ നടത്തുമാറാകട്ടെ. ഇവിടെനിന്നും തൻെറ സഹോദരിക്കു പാദിരിയോടു വാങ്ങിയ പണം സംഘത്തിനു കൊടുക്കാനായി ഒരു എഴുത്തയച്ചു. ഇതിൽപിന്നീട് ഈ ഭക്തൻെറ ചരിത്രത്തെക്കുറിച്ചു യാതൊന്നും അറിയുന്നില്ല. അദ്ദേഹത്തിന് എന്തു സംഭവിച്ചോ അവസാനം ഏതു പ്രകാരത്തിലായോ എന്നു ദൈവത്തിനു മാത്രം അറിയാം. തിരുവിതാംകൂറിലെ ക്രിസ്ത്യാനികളെല്ലാം ഈ മഹാനുഭാവൻ ഹാൻനോക്കിനെപ്പോലെ മരണം കാണാതെ എടു

ക്കപ്പെട്ടു എന്നു പറഞ്ഞുവരുന്നു. ഹിന്ദുക്കൾ അവരുടെ ഋഷിശ്രേഷ്ഠന്മാരെപ്പോലെ ചാവിനെ ആസ്വദിക്കാതെ സ്വർഗ്ഗത്തിലേക്കു പോയി എന്നു വിശ്വസിക്കുന്നു. തരങ്കമ്പാടി മിഷൻ ചരിത്രത്തിൽ "ഈ പുണ്യപുരുഷൻ 1820-ാംവർഷം മദ്ധ്യആഫ്രിക്കയിലുള്ള മനുഷ്യഭക്ഷകരാൽ കൊല്ലപ്പെട്ടു രക്തസാക്ഷികളുടെ കിരീടം ധരിച്ചു" എന്നു കാണുന്നു. ബിഷപ്പ് കാൾഡ്വെൽ "ഈ മഹാമനസ്കൻ മലയാ ഉപദ്വീപിലുള്ള മലൂക്കാസ് എന്ന കിരാതജാതിക്കാരാൽ കൊല്ലപ്പെട്ടു" എന്നു പറയുന്നു. പക്ഷേ ഈ മുനിവര്യന് കപ്പലിൽവെച്ചു ദീനം വർദ്ധിച്ചു നിദ്രപ്രാപിച്ചിരിക്കാം. തനിക്ക് സ്വത്തുക്കൾ ഒന്നുമില്ലാതിരുന്നതിനാൽ ഒരു യാത്രക്കാരൻ മരിച്ചു എന്നു കപ്പൽ ഡയറിയിൽ എഴുതി സമുദ്രത്തിൽ അടക്കം ചെയ്തിരിക്കാം. ഈ ദൈവഭൃത്യന്റെ ജന്മനിയിലുള്ള കുടുംബക്കാരും, സ്നേഹിതന്മാരും ക്രൂശിന്റെ രഹസ്യത്തെ ഇദ്ദേഹത്തിൽനിന്നും പഠിച്ചു തിരുവിതാംകൂർ ക്രിസ്ത്യാനികളും വേദനയോടും ദീർഘശ്വാസത്തോടും കൂടെ വളരെക്കാലം പ്രലപിച്ചുകൊണ്ടിരുന്നു. നാമധേയശൂന്യവും മനുഷ്യരാൽ അറിയപ്പെടാത്തതുമായ ഒരു കല്ലറയിൽ ഈ ദിവ്യപുരുഷൻ നിദ്ര ചെയ്യുന്നു. "ഇന്നുവരെയും അവന്റെ ശവക്കുഴിയുടെ സ്ഥലം ആരും അറിയുന്നില്ല."

---